# ഉള്ളടക്കം

**ഭാഗം ഒന്ന്** പേജ് നം.


**ആമുഖം** 1

മെച്ചപ്പെടുന്ന സാമ്പത്തിക നില 1

പുതിയ വികസന അജണ്ട 2

വികസന അജണ്ടയ്ക്കു മുന്നിലെ തടസ്സങ്ങൾ 4

2010–11ൽ റവന്യൂ കമ്മി ഇല്ലാതാക്കാം 5

കേന്ദ്ര സർക്കാരിന്റെ സമീപനവും വായ്പയും 7

ട്രഷറി മിച്ചം സംബന്ധിച്ച അസംബന്ധ നാടകം 8

തെറ്റായ കേന്ദ്ര നയങ്ങൾ 9

ഇടതുപക്ഷ ബദൽ 10


**ഭാഗം രണ്ട്**

## വികസന പരിപാടികൾ

### കാർഷിക പരമ്പരാഗത മേഖലകളുടെ സംരക്ഷണം


കൃഷി 12

നീർത്തട വികസനം 13

ജലസേചനം 15

മൃഗസംരക്ഷണം 16

മത്സ്യമേഖല 16

സഹകരണം 17

പരമ്പരാഗത വ്യവസായങ്ങൾ 17


### സേവനങ്ങളുടെ ഗുണ നിലവാരം ഉയർത്തൽ


പൊതു ആരോഗ്യം 19

ആരോഗ്യ വിദ്യാഭ്യാസം 21

ആയുഷ്–മറ്റ് വൈദ്യശാഖകൾ 22

പൊതു വിതരണം 23

കുടിവെള്ളം 23

ശുചിത്വം 24

ഭവന നിർമ്മാണം 25

സ്കൂൾ വിദ്യാഭ്യാസം 25

ഉന്നത വിദ്യാഭ്യാസം 27

സാങ്കേതിക വിദ്യാഭ്യാസം 28

ഉന്നത ഗവേഷണ സ്ഥാപനങ്ങൾ 28

കലയും സംസ്കാരവും 28

സ്പോർട്ട്സ് 30

തൊഴിലും തൊഴിലാളി ക്ഷേമവും 30

**അവഗണിക്കപ്പെട്ടവർ മുഖ്യധാരയിലേക്ക്**

പട്ടികജാതി/പട്ടികവർഗ്ഗം 31

വനിതാ വികസനം 32

കുടുംബശ്രീ 33

സാമൂഹ്യ ക്ഷേമം 34

പരിസ്ഥിതി 35

വനം 35

**പുത്തൻ കുതിപ്പിന്റെ മേഖലകൾ**

ടൂറിസം 36

വിവര സാങ്കേതിക വിദ്യാ മേഖല 38

പൊതുമേഖല വ്യവസായം 39

നോർക്ക 42

മറ്റ് ഇടത്തരം വൻകിട വ്യവസായ സ്ഥാപനങ്ങൾ 42

**പശ്ചാത്തല സൗകര്യങ്ങൾ**

നഗര വികസനം 43

തുറമുഖ വികസനം 43

ഗതാഗത സൗകര്യങ്ങൾ 44

കെ.എസ്.ആർ.ടി.സി. 46

ഊർജ്ജ മേഖല 47

ബയോ ഡീസൽ 48

**ഭരണ പരിഷ്കാരവും സദ്ഭരണവും**

ഗ്രാമപഞ്ചായത്തുകളും നഗര സഭകളും 49

ഭരണ/സേവന വകുപ്പുകൾ 51

ആഭ്യന്തര-ജയിൽ-ഫയർ ആന്റ് റസ്ക്യൂ വകുപ്പുകൾ 51

കോടതികളുടെ കമ്പ്യൂട്ടർവൽക്കരണം 51

റവന്യൂ വകുപ്പ് 52

രജിസ്ട്രേഷൻ 52

എക്സൈസ് 52
പെൻഷൻ പരിഷ്ക്കരണം ക്ഷാമബത്ത കുടിശ്ശിക നൽകൽ 52
ധനകാര്യ സ്ഥാപനങ്ങൾ 53

## ഭാഗം മൂന്ന്

വിഭവ സമാഹരണം 56
വ്യാപാരി സൗഹൃദ സമീപനം 57
ലക്കി വാറ്റ് 58
അസസ്മെന്റ് അദാലത്തുകൾ 58
നടപടിക്രമങ്ങൾ ലഘൂകരിക്കൽ 60
നികുതിയിളവുകൾ 64
നികുതി നിരക്കുകളും മറ്റും യുക്തിസഹമാക്കൽ 72
പുതിയ നികുതികളും നിരക്ക് വർദ്ധനയും 76
വാണിജ്യ നികുതി വകുപ്പിന്റെ നവീകരണം 78
സ്റ്റാമ്പ് ഡ്യൂട്ടി 79
മോട്ടോർ വാഹന നികുതി 82
നികുതിയേതര വരുമാനം 84

## ഭാഗം നാല്

ഉപസംഹാരം 86

## ഭാഗം ഒന്ന്

# ആമുഖം

സർ, കേരളത്തിന്റെ ധനകാര്യ സ്ഥിതി സാധാരണ നിലയിലേയ്ക്ക് കൊണ്ടു വരുന്നതിന് അടിത്തറയിടുന്ന വർഷമായിരിക്കും 2007-08. ഈ ആത്മ വിശ്വാസത്തോടെയാണ് ഞാൻ ബജറ്റ് അവതരിപ്പിക്കുവാൻ നിൽക്കുന്നത്. കഴിഞ്ഞ വർഷത്തെക്കാൾ കൂടുതൽ തുക വികസന പ്രവർത്തനത്തിന് ഈ വർഷം വകയിരുത്താൻ കഴിഞ്ഞിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ പൊതുനിക്ഷേപം ഇതിനേക്കാൾ വളരെ ഗണ്യമായി ഉയർത്താനാകും എന്ന് എനിക്ക് ഉറപ്പുണ്ട്.

2. ഇത് എടുത്തുപറയാൻ കാരണമുണ്ട്. കടുത്ത സാമ്പത്തിക ഞെരുക്കത്തിന്റേതായ ഒരു വർഷത്തിന്റെ അവസാനത്തിലാണ് 2007-08 ലെ വാർഷിക ബജറ്റ് അവതരിപ്പിക്കുന്നത്. ഈ സ്ഥിതിവിശേഷം അപ്രതീക്ഷിത മല്ലായിരുന്നു. എട്ട് മാസം മുമ്പ്, നടപ്പു വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റ് അവതരിപ്പിച്ചുകൊണ്ട്, ഈ സ്ഥിതിവിശേഷം ഉണ്ടാകുമെന്ന് ഞാൻ എടുത്തുപറഞ്ഞതാണ്. ശമ്പളപരിഷ്ക്കരണത്തിന്റെയും കുടിശ്ശികകളുടെയും അധിക ബാദ്ധ്യതയുടെ പശ്ചാത്തലത്തിൽ ഇത് അനിവാര്യമായിരുന്നു. എന്നാലും സാമ്പത്തിക ഞെരുക്കം ഇത്ര രൂക്ഷമായിരിക്കുമെന്ന് കരുതിയിരുന്നില്ല. ചെറുകിട സമ്പാദ്യപദ്ധതിയിൽ നിന്നുള്ള വായ്പയിൽ 1500 കോടി രൂപയുടെ കുറവു വരുമെന്ന് പ്രതീക്ഷിക്കാനാവുമായിരുന്നില്ല.

### മെച്ചപ്പെടുന്ന സാമ്പത്തിക നില

3. സർ, സർക്കാരിന്റെ ധനസ്ഥിതി മാത്രമല്ല സംസ്ഥാനത്തെ പൊതുസാമ്പത്തിക നിലയും മെച്ചപ്പെടുമെന്നാണ് കരുതുന്നത്. സംസ്ഥാന ആഭ്യന്തര വരുമാനം സംബന്ധിച്ച് എക്കണോമിക് റിവ്യൂവിൽ 2005-06 വരെയുള്ള കണക്കുകൾ കൊടുത്തിട്ടുണ്ട്. 80 കളുടെ അവസാനം മുതൽ നമ്മുടെ സാമ്പത്തിക വളർച്ച ദേശീയ ശരാശരിയേക്കാൾ ഉയർന്ന വിതാനത്തിലേക്ക് ഗതിമാറി. അതിപ്പോഴും തുടരുന്നു. എന്നാൽ ഈ വളർച്ചയ്ക്ക് ഒരു അടിസ്ഥാന ദൗർബല്യമുണ്ട്. ആഗോളവൽക്കരണത്തിന്റെ പ്രതികൂല പ്രത്യാഘാതങ്ങൾ കാർഷിക പരമ്പരാഗത മേഖലകളെ തകർത്തു. ഈ തുറകളിൽ ആറേഴു വർഷമായി ഏതാണ്ട് സമ്പൂർണ്ണ മുരടിപ്പാണ്. ഇതിലൊരു മാറ്റം വരുന്നു എന്നത് ശുഭോദർക്കമാണ് .

4. കണക്കുകൾ ഇനിയും വ്യക്തമാകാനിരിക്കുന്നതേയുള്ളൂ. എന്നാൽ കാർഷിക വിലകളുടെ കാര്യത്തിൽ ആശാവഹമായ ഒരു മാറ്റം ദൃശ്യമാണ്. റബ്ബർ, ഏലം, കുരുമുളക്, കാപ്പി, തേയില, അടയ്ക്ക തുടങ്ങിയ പല വിളകളിലും നടപ്പുവർഷത്തിൽ സാമാന്യം നല്ല തോതിൽ വിലകൾ ഉയർന്നു തുടങ്ങിയിട്ടുണ്ട്. 2005-06 ലെ ശരാശരി വിലയെ അപേക്ഷിച്ച് 01.03.2007 ൽ കുരുമുളക് 91 ശതമാനവും, അടയ്ക്ക 64 ശതമാനവും, കാപ്പി 56 ശതമാനവും, റബ്ബർ 41 ശതമാനവും, ഏലം 36 ശതമാനവും കണ്ട് വർദ്ധിച്ചിട്ടുണ്ട്. ഈ സ്ഥിതി മെച്ചപ്പെട്ടാൽ ശക്തമായ സർക്കാർ പിന്തുണയും കൂടിയുണ്ടെങ്കിൽ കാർഷിക ഉത്പാദനം മെച്ചപ്പെടും. മറ്റ് പരമ്പരാഗത മേഖലകളിലെ ഉല്പാദനം കൂടിയിട്ടുണ്ട് എന്നാണ് സൂചനകൾ. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപാദനം 2005-06 ൽ 1579 കോടി ആയിരുന്നത് നടപ്പുവർഷത്തിൽ 2000 കോടി കവിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇടത്തരം വൻകിട വ്യവസായ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന ഹൈടെൻഷൻ വൈദ്യുതിയുടെ ഉപഭോഗം 2005-06 ൽ 136 കോടി യൂണിറ്റായിരുന്നത് 2006-07 ൽ 180 കോടി യൂണിറ്റോളം വരുമെന്ന് കണക്കാക്കപ്പെടുന്നു. ചിക്കുൻഗുനിയ രോഗത്തിന്റെ കരിനിഴൽ ഉണ്ടായിരുന്നെങ്കിലും ഈ ടൂറിസ്റ്റ് സീസൺ മുൻ വർഷത്തേക്കാൾ മെച്ചപ്പെട്ടതാണ്. ഈ ഉണർവിനെ ശക്തിപ്പെടുത്തുന്നതിനും സ്ഥായിയാക്കുന്നതിനും ഉള്ള നടപടികൾ 2007-08 ലെ ബജറ്റിൽ സ്വീകരിച്ചിട്ടുണ്ട്.

## പുതിയ വികസന അജണ്ട

5. സർ, ഈ വർഷം വിദ്യാഭ്യാസ അവകാശത്തിനുവേണ്ടി മഹാനായ അയ്യങ്കാളി സംഘടിപ്പിച്ച സമരത്തിന്റെ നൂറാം വാർഷികമാണ്. വ്യവസായ പുന:സംഘടനയ്ക്കും തൊഴിലവകാശത്തിനും വേണ്ടി നടന്ന ആലപ്പുഴ പൊതുപണിമുടക്കത്തിന്റെ 70-ാം വാർഷികത്തിലേയ്ക്ക് നാം നീങ്ങുകയാണ്. ഈ പാരമ്പര്യങ്ങളെ മുന്നോട്ടുകൊണ്ടുപോയി ഐക്യ കേരളത്തിന്റെ ഒരു വികസന അജണ്ട രൂപം നൽകിയ 1957 ലെ ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ 50-ാം വർഷികവുമാണ്. സർ, ചരിത്രത്തിൽ തുടർച്ചയും ഇടർച്ചയും ഉണ്ട്. 2007 ൽ കേരളത്തിന് പുതിയ വികസന അജണ്ട രൂപം നൽകുമ്പോൾ നമുക്ക് മാർഗ്ഗനിർദ്ദേശം നൽകേണ്ട തത്വമാണിത്. 1957 ൽ മുന്നോട്ടുവെച്ച അജണ്ടയിൽ പലതും ഇന്ന് യാഥാർത്ഥ്യമായി. അതിന്റെ ഫലമായി കേരളത്തിൽ ഒട്ടേറെ മാറ്റങ്ങൾ വന്നു. ലോകവും മാറി. മാറുന്ന ലോകത്ത് മാറിയ കേരളത്തിന് ഒരു കർമ്മ പരിപാടി

രൂപീകരിക്കണം. ഈ പരിപാടിയുടെ മുഖ്യഘടകങ്ങൾ താഴെ പറയുന്നവയാണ് :

**ഒന്ന്.** കാർഷിക പരമ്പരാഗത മേഖലകളുടെ സംരക്ഷണം;

**രണ്ട്.** വിദ്യാഭ്യാസ ആരോഗ്യാദി പൊതുസൗകര്യങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ;

**മൂന്ന്.** നമുക്ക് നല്ല മത്സരശേഷിയുള്ള ഐ.ടി., ടൂറിസം, ലൈറ്റ് എഞ്ചിനിയറിംഗ് തുടങ്ങിയ മേഖലകളിലേയ്ക്കുള്ള ചുവടുമാറ്റം;

**നാല്:** മുകളിൽ പറഞ്ഞ വളർച്ചാമേഖലകൾക്കാവശ്യമായ ഭൗതിക – പശ്ചാത്തല സൗകര്യമൊരുക്കൽ;

**അഞ്ച്.** ആദിവാസികൾ, ദളിതർ, മത്സ്യത്തൊഴിലാളികൾ എന്നീ വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കൽ, സത്രീ നീതി ഉറപ്പുവരുത്തൽ, പരിസ്ഥിതി സംരക്ഷണം ;

**ആറ്.** ജനാധിപത്യ അധികാരവികേന്ദ്രീകരണവും മറ്റ് ഭരണ പരിഷ്ക്കാരങ്ങളും അഴിമതി നിർമ്മാർജ്ജനവും.

**6.** ചുരുക്കത്തിൽ നീതിപൂർവ്വവും സ്ഥായിയും ആയ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയാണ് നമ്മുടെ അജണ്ട. ഇതിലെ പുതിയ ഘടകം ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയാണെന്ന കാര്യം അടിവരയിടാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ വികസന സമീപനത്തെ അടിസ്ഥാനമാക്കി വിപുലമായ അഭിപ്രായ സമന്വയം സംസ്ഥാനത്ത് സൃഷ്ടിക്കാൻ കഴിയും. കേന്ദ്ര സർക്കാരിൻെറ ആഗോളവൽക്കരണ നയങ്ങളെക്കുറിച്ചും വികസനത്തിൻെറ പൊതുചട്ടക്കൂടിനെ കുറിച്ചും അടിസ്ഥാനപരമായ അഭിപ്രായ വ്യത്യാസങ്ങൾ മറച്ചുവെക്കാനാകില്ല. വികസന സ്കീമുകളെ സംബന്ധിച്ച പ്രായോഗിക നിലപാടുകളെയും അവ സ്വാധീനിക്കും. ഈ അടിസ്ഥാനത്തിലാണല്ലോ രണ്ട് രാഷ്ട്രീയ മുന്നണികൾ കേരളത്തിൽ നിലനിൽക്കുന്നത്. ഈ അഭിപ്രായഭേദങ്ങൾ മറച്ചുവെക്കാതെ തന്നെ മുകളിൽ വിവരിച്ച വികസന തന്ത്രം പ്രായോഗികമായി നടപ്പാക്കുന്നതിനുള്ള കാര്യങ്ങളിൽ വിശാലമായ ജനകീയ ഐക്യം വളർത്തിയെടുക്കുന്നതിനാണ് നമ്മൾ പരിശ്രമിക്കേണ്ടത്.

**വികസന അജണ്ടയ്ക്കു മുന്നിലെ തടസ്സങ്ങൾ**

7. പുതിയ വികസനതന്ത്രം നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന് സുപ്രധാനമായ പങ്കുണ്ടായിരിക്കും. സർക്കാർ പിൻവാങ്ങുകയല്ല കൂടുതൽ ശക്തമായി ഇടപെടുകയാണ് വേണ്ടത്. എന്നാൽ ഇതിനു തടസ്സം നിൽക്കുന്ന രണ്ടു കാര്യങ്ങളുണ്ട്. ഒന്നാമത്തേത് നമ്മുടെ ഭരണയന്ത്രം തുരുമ്പെടുത്തിരിക്കുന്നുവെന്നതാണ്. അധികാരവികേന്ദ്രീകരണം പകുതി വഴിയിലേ ആയിട്ടുള്ളൂ. ഇത് പൂർണ്ണമാകണമെങ്കിൽ ഈ മാറ്റങ്ങൾക്കനുസൃതമായി മുകൾത്തട്ടിലെ മനോഭാവങ്ങളിലും സമ്പ്രദായങ്ങളിലും മാറ്റം വരണം. ഭരണപരിഷ്കാര കമ്മീഷൻെറ നിർദ്ദേശങ്ങൾ ഏതാണ്ട് വിസ്മൃതിയിലായിരുന്നുവല്ലോ.

8. രണ്ടാമത്തെ ദൗർബല്യം സർക്കാരിൻെറ ധനകാര്യ പ്രതിസന്ധിയാണ്. ഇതിനു പരിഹാരമായി ദേശീയതലത്തിൽ ഇന്ന് ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന പ്രതിവിധി നമുക്ക് സ്വീകാര്യമല്ല. സർക്കാരിൻെറ വികസന മേഖലയിലെ ഇടപെടൽ ദുർബലപ്പെടുത്തിയും സാമൂഹ്യക്ഷേമ ചെലവുകൾ കുറച്ചുകൊണ്ടും കമ്മി കുറയ്ക്കാൻ ഉദ്ദേശിക്കുന്നില്ല. ഈ വർഷത്തെ കമ്മി കഴിഞ്ഞ വർഷത്തെക്കാൾ ഉയർന്നതായിരിക്കുമെന്ന് തുടക്കത്തിൽ തന്നെ സൂചിപ്പിക്കട്ടെ. കോൺട്രാക്ടർമാരുടെ കുടിശ്ശിക, ഡി.എ. കുടിശ്ശിക, ക്ഷേമനിധികളുടെ നിന്നുള്ള കുടിശ്ശിക തുടങ്ങിയവ ഈ വർഷം കൊടുത്തു തീർക്കാനാണ് ഉദ്ദേശിക്കുന്നത്. ധനപരമായ അച്ചടക്കത്തിന് ഈ ബാധ്യതകൾ തീർക്കേണ്ടത് ആവശ്യമാണ്. മരാമത്ത് പണികളുടെമേലുള്ള ബജറ്റ് കൺട്രോൾ പ്രായോഗികമായി ഇല്ലാതാകുന്ന നിലയിലേയ്ക്കെത്തിയിരിക്കുന്നു. ഈ സ്ഥിതിവിശേഷത്തിന് അറുതിവരുത്തുന്നതിന് എന്ത് പ്രയാസമുണ്ടെങ്കിലും ഒറ്റത്തവണ വെടിപ്പാക്കൽ കൂടിയേ തീരൂ.

9. സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനുള്ള എളുപ്പമാർഗ്ഗമായി പദ്ധതി വെട്ടിച്ചുരുക്കുന്നില്ല. 2006–07–ലെ പദ്ധതിയടങ്കൽ 6681 കോടി രൂപയായിരുന്നു. വിദേശ വായ്പകളെ അടിസ്ഥാനമാക്കിയുള്ള ജപ്പാൻ കുടിവെള്ള പദ്ധതി, ലോകബാങ്ക് റോഡ് പദ്ധതി, സുസ്ഥിര നഗര വികസന പദ്ധതി, ഭരണ നവീകരണ പദ്ധതി തുടങ്ങിയവയുടെ നടത്തിപ്പിലെ പോരായ്മകൾ മൂലം ഈ ഇനങ്ങളിലെ പദ്ധതി ചെലവ് 2006–07–ൽ ഗണ്യമായി കുറഞ്ഞിരിക്കും. ഈ പ്രൊജക്ടുകളുടെ പ്രതീക്ഷിത ചെലവിലുണ്ടായ കുറവ് വിഭവ പ്രതിസന്ധികൊണ്ടല്ല എന്നു പറയേണ്ടിയിരിക്കുന്നു. ഈ പ്രൊജക്ടുകളുടെ നടത്തിപ്പിലെ കുഴപ്പങ്ങളാണ് കാരണം. എങ്ങനെയല്ല പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതും നടപ്പാക്കേണ്ടതും എന്നതിനുള്ള

സാധക പാഠങ്ങളായി ഇവയുടെ ഇതുവരെയുള്ള അനുഭവങ്ങളെ കണക്കാക്കാം. 2007–08–ലെ പദ്ധതിയടങ്കലായ 6950 കോടി രൂപ 2006–07–ലെ പുതുക്കിയ പദ്ധതിയടങ്കലിനെക്കാൾ 269 കോടി രൂപ ഉയർന്നതാണ്.

**10.** 2007–08 ലെ റവന്യൂ വരുമാനം 21446 കോടി രൂപയാണ്. റവന്യൂ ചെലവ് 26697 കോടി രൂപയും. യു.ഡി.എഫ്. ഭരണത്തിൻെറ ആദ്യ വർഷങ്ങളിലെന്നപോലെ ചെലവുകൾ ഒന്നടങ്കം ജനദ്രോഹകരമായ രീതിയിൽ ഞെരുക്കുന്നതിന് തയ്യാറാകാത്തതു മൂലമാണ്, 2006–07ൽ സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതിനെക്കാൾ റവന്യൂ വരുമാന വർദ്ധന ഉറപ്പു വരുത്തിയിട്ടുപോലും 2007–08–ലെ കമ്മി ഉയർന്നിരിക്കുന്നത്. 2007–08–ൽ റവന്യൂ കമ്മി **5251** കോടി രൂപയാണ്. ഇത് റവന്യൂ ചെലവിൻെറ **20** ശതമാനവും സംസ്ഥാന ആഭ്യന്തര വരുമാനത്തിൻെറ **3.41** ശതമാനവും വരും. ധനകമ്മി **7425** കോടി രൂപയാണ്. സംസ്ഥാന ധനകമ്മിയും സംസ്ഥാന ആഭ്യന്തര വരുമാനവും തമ്മിലുള്ള തോത് **4.84** ശതമാനമാണ്.

## 2010–11 ൽ റവന്യൂ കമ്മി ഇല്ലാതാക്കാം

**11.** കമ്മി സംബന്ധിച്ച കണക്കുകളിൽ അതിരുകവിഞ്ഞ് ആശങ്കപ്പെ ടേണ്ടതില്ല. വ്യക്തമായ ഒരു ധനകാര്യ കാഴ്ചപ്പാട് സർക്കാരിനുണ്ട്. അടുത്ത വർഷം മുതൽ കമ്മി ഗണ്യമായി കുറയ്ക്കുന്നതിനും 2010–11–ൽ റവന്യൂകമ്മി ഒരു ശതമാനത്തിൽ താഴെയാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. 2010–11 പതിമൂന്നാം ധനകാര്യ കമ്മീഷൻെറ ആദ്യ വർഷമാണ്. ധനകാര്യ കമ്മീഷനിൽ നിന്ന് കൂടുതൽ നീതിപൂർവ്വമായ വിഹിതം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു. 11–ഉം 12–ഉം ധനകാര്യ കമ്മീഷനുകളിൽ നിന്ന് നമുക്കുണ്ടായ ഭീതിജനകമായ തിരിച്ചടി ഭാഗികമായെങ്കിലും തിരുത്തുന്നതിന് കഴിഞ്ഞാൽ 2010–11–ൽ റവന്യൂ കമ്മി ഇല്ലാതാക്കാൻ കഴിയും. കേന്ദ്ര ധനസഹായത്തിൽ ഗണ്യമായ വർദ്ധന റവന്യൂ കമ്മി ഇല്ലാതാക്കുന്നതിന് ഒരു മുൻ ഉപാധിയാണ്. ഇക്കാര്യത്തിൽ സംസ്ഥാനത്ത് രാഷ്ട്രീയ സമന്വയം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**12.** റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനുള്ള മുഖ്യപരിപാടി റവന്യൂ വരുമാനത്തിൽ ഗണ്യമായ വർദ്ധന ഉറപ്പുവരുത്തുക എന്നതാണ്. കേന്ദ്ര ധനസഹായത്തെക്കുറിച്ച് പറഞ്ഞു കഴിഞ്ഞു. നമ്മുടെ തനത് റവന്യൂ വരുമാനം പ്രതിവർഷം ഏതാണ്ട് 20 ശതമാനംവെച്ച് ഉയർത്തണം. ഇതിനായുള്ള 2007–08 ലേയ്ക്കുള്ള നിർദ്ദേശങ്ങൾ എന്റെ പ്രസംഗത്തിന്റെ

മൂന്നാം ഭാഗത്ത് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇപ്രകാരം 2010–11 ആകുമ്പോഴേയ്ക്കും സർക്കാരിന്റെ റവന്യൂ വരുമാനം സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ 16 ശതമാനത്തിലേറെയായി ഉയരും. 2006–07 ൽ ഈ തോത് 13.5% മാത്രമാണ്. അതേസമയം 2006–07ലെയും 2007–08 ലെയും ചെലവുകൾ ശമ്പളപരിഷ്കരണത്തിന്റെയും കുടിശ്ശിക കൊടുത്തുതീർക്കുന്നതിന്റെയും ഫലമായി റെക്കോഡ് നിലവാരത്തിലാണ്. ഇത് സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ **19** ശതമാനത്തിലേറെ വരും. പുതിയ റവന്യൂ അധിക ചെലവ് ഉണ്ടാക്കുന്നതിനെതിരെ ജാഗ്രത പുലർത്തുകയാണെങ്കിൽ സ്വാഭാവിക മായിത്തന്നെ ഈ തോത് ഏതാണ്ട് **17** ശതമാനമായി 2010–11 ആകുമ്പോൾ താഴും.

**13.** അഴിമതിയും ധൂർത്തും തടയുകയെന്നതാണ് ചെലവ് ചുരുക്കുന്ന തിനുള്ള മുഖ്യ ഉപാധി. പൊതുമരാമത്ത് മേഖലയിലെ ക്രമക്കേടുകൾ പരിശോധിക്കാൻ സി.എ.ജി യോട് അഭ്യർത്ഥിക്കുമെന്ന് പുതുക്കിയ ബജറ്റ് അവതരണ വേളയിൽ പ്രസ്താവിക്കുകയുണ്ടായല്ലോ. അതുപ്രകാരം ലഭിച്ച സി.എ.ജിയുടെ റിപ്പോർട്ട് നിയമസഭയിൽ വെക്കുന്നതാണ്. ഞെട്ടിപ്പിക്കുന്ന കാര്യങ്ങളാണ് സി.എ.ജി ചൂണ്ടിക്കാണിക്കുന്നത്. അവർ നടത്തിയ കഴിഞ്ഞ മൂന്നുവർഷത്തെ സാമ്പിൾ പഠനത്തിന്റെ അടിസ്ഥാനത്തിൽ എന്റെ കണക്കുകൂട്ടലിൽ ഏതാണ്ട് **500** കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടെണ്ടർ വിളിക്കാതെ കരാർ നൽകിയിട്ടുണ്ട്. ബജറ്റിൽ വകയിരുത്തിയതിന്റെ എട്ട് മടങ്ങാണ് ഭരണാനുമതി നൽകിയിരിക്കുന്നത്. പണികൾ ചെയ്യാതെ ബില്ലുകൾ മാറ്റിക്കൊടുക്കുന്ന സംഭവങ്ങൾവരെ ഉണ്ടായി. ഇതെല്ലാം വായിക്കുമ്പോൾ ഏതൊരു വെള്ളരിക്കാപ്പട്ടണത്തിലാണ് നാം ജീവിക്കുന്നത് എന്ന് അത്ഭുതപ്പെട്ടുപോകും. ഒരു കാര്യം ഞാൻ വ്യക്തമാക്കട്ടെ. ഉപ്പുതിന്നവർ വെള്ളം കുടിക്കും.

**14.** അങ്ങനെ 2010–11 ആകുമ്പോഴേക്കും റവന്യൂ വരുമാനവും ചെലവും ഏതാണ്ട് തുല്യമാക്കി റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ ലക്ഷ്യം നേടുന്നതിന് യാന്ത്രികമായി എല്ലാ വർഷവും റവന്യൂ കമ്മി ഒരേ തോതിൽ കുറയ്ക്കുന്നതിനല്ല ഉദ്ദേശിക്കുന്നത്. മുൻപ് പറഞ്ഞ കാരണങ്ങൾമൂലം 2007–08 ന് ശേഷമായിരിക്കും ഈ ഇടിവ് പ്രകടമായിത്തീരുക. ഇപ്രകാരം റവന്യൂകമ്മി ഇല്ലാതാകുന്ന പശ്ചാത്തലത്തിൽ ധനകമ്മി സ്വല്പം കൂടിയിരുന്നാലും ആശങ്കപ്പെടേണ്ടതില്ല.

**കേന്ദ്ര സർക്കാരിന്റെ സമീപനവും വായ്പയും**

**15.** എന്നാൽ കേന്ദ്രസർക്കാർ അംഗീകരിച്ചിരിക്കുന്ന ധനപരിഷ്ക്കാരത്തിന്റെ ചട്ടക്കൂടിന്റെ കാഴ്ചപ്പാട് വ്യത്യസ്തമാണ്. റവന്യൂ കമ്മി ഇല്ലാതാക്കുന്നതിന് എന്തെങ്കിലും സാവകാശം വേണ്ടിവന്നാലും ഒരു കാരണവശാലും ധനക്കമ്മിയുടെ ലക്ഷ്യത്തിൽ മാറ്റം പാടില്ല എന്നാണ് ശാഠ്യം. പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലെ സ്കീമുകൾ ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ റവന്യൂ കമ്മി ഇല്ലാതാക്കുന്നതിന്റെ ലക്ഷ്യം രണ്ട് മൂന്ന് വർഷത്തേക്ക് നീട്ടിവയ്ക്കണം എന്നാവശ്യപ്പെട്ട പ്ളാനിംഗ് കമ്മീഷൻ ധനകമ്മിയുടെ കാര്യത്തിൽ അത്തരമൊരു നിലപാട് സ്വീകരിക്കാൻ തയ്യാറായിട്ടില്ല എന്നത് സ്മരണീയമാണ്. റവന്യൂ കമ്മി ഇല്ലാതാക്കിയാൽ പിന്നെ വായ്പയെടുക്കുന്നത് ആസ്തികൾ സൃഷ്ടിക്കുന്ന മൂലധന ചെലവിനുവേണ്ടിയായിരിക്കുമല്ലോ. കടബാധ്യതയുടെ മറുവശമായി പുതിയ ആസ്തി സൃഷ്ടിക്കപ്പെടുകയാണെങ്കിൽ പിന്നെ പ്രശ്നമെന്താണ്? കേരളത്തിൽ ചെയ്തതുപോലെ സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ രണ്ടു ശതമാനമായോ കേന്ദ്രം പറയുന്ന മൂന്നു ശതമാനമായോ ധനകമ്മിക്ക് ഒരു യാന്ത്രിക പരിധി നിശ്ചയിക്കുന്നതിന് സാംഗത്യമെന്ത്? കേരളത്തിന്റെ വികസനമേഖലയിൽ കുതിച്ചുചാട്ടം ഉറപ്പുവരുത്തുന്നതിന് വലിയതോതിൽ പശ്ചാത്തല സൗകര്യങ്ങളിലും മറ്റും മുതൽമുടക്കിയേ തീരൂ. ഇതൊക്കെ കമ്പോളത്തിന്റെ പ്രവർത്തനങ്ങൾക്ക് വിട്ടുകൊടുത്തുകൊണ്ട് സർക്കാരിന്റെ സമ്പദ്‌വ്യവസ്ഥയിലെ സ്ഥാനം വെട്ടിച്ചുരുക്കുക എന്ന നവലിബറൽവാദ സിദ്ധാന്തത്തിനുമാത്രമേ ഇതുപോലുള്ള യാന്ത്രിക പരിധികൾ സനാതന സത്യങ്ങളായി ഉയർത്തിപ്പിടിക്കാൻ കഴിയൂ.

**16.** സർ, കേന്ദ്ര സർക്കാരുമായുള്ള നമ്മുടെ പ്രധാനപ്പെട്ട തർക്കങ്ങളിലൊന്ന് വായ്പയെടുക്കാനുള്ള അവകാശത്തെക്കുറിച്ചാണ്. ഈ വർഷം 7500 കോടി രൂപ വായ്പയെടുക്കാനായിരുന്നു നമ്മുടെ ധാരണ. **4500** കോടി രൂപയ്ക്കുള്ള അർഹതയേ ഉള്ളൂ എന്നാണ് കേന്ദ്ര ധനകാര്യ വകുപ്പ് എടുത്ത നിലപാട്. നീണ്ട ചർച്ചകൾക്കൊടുവിൽ പ്ളാനിംഗ് കമ്മീഷൻ ഈ വർഷത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 7200 കോടി രൂപ അംഗീകരിച്ചിരിക്കുകയാണ്. 2007-08 ൽ മുൻ വർഷത്തേതിൽനിന്ന് നമ്മുടെ വായ്പാ പരിധി ഉയർത്താൻ കേന്ദ്രം തയ്യാറായില്ല. ഭാവിയിൽ കുറയ്ക്കുമെന്ന ഭീഷണി നിലനിൽക്കുകയും ചെയ്യുന്നു. മൊത്തം വായ്പയുടെ തുക മാത്രമല്ല ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് ഈ വായ്പ എടുക്കുക എന്നതു കൂടി കേന്ദ്രം അംഗീകരിക്കേണ്ടതുണ്ട്. ചിലർ കരുതുന്നതുപോലെ സംസ്ഥാനത്തിന്

ഇഷ്ടംപോലെ ഇഷ്ടമുള്ളിടത്തുനിന്ന് വായ്പയെടുക്കാനുള്ള അവകാശമില്ല. വിദേശ വായ്പകൾക്കും നിർദ്ദിഷ്ട ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള ആഭ്യന്തര വായ്പകൾക്കും പകരം വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യമുള്ള പൊതുവായ്പകൾ അനുവദിക്കണമെന്നതാണ് സംസ്ഥാനം ഉന്നയിക്കുന്ന പ്രധാനപ്പെട്ട ഒരാവശ്യം. വിദേശ വായ്പകൾക്കുമേലുള്ള ആശ്രിതത്വം കുറച്ചുകൊണ്ടുവരുന്നതിന് കേന്ദ്രനയത്തിൽ തിരുത്തൽ വരുത്തിയേ തീരൂ. ഏതായാലും ഒരുകാര്യം അസന്നിഗ്ധമായി വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. സംസ്ഥാനത്തിന്റെ ഉത്തമ താല്പര്യങ്ങൾക്കോ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രഖ്യാപിത നയങ്ങൾക്കോ എതിരായ ഒരു വായ്പയും സ്വീകരിക്കുന്ന പ്രശ്നമുദിക്കുന്നില്ല.

**ട്രഷറി മിച്ചം സംബന്ധിച്ച അസംബന്ധ നാടകം**

17. കഴിഞ്ഞവർഷം പുതുക്കിയ ബജറ്റ് അവതരിപ്പിച്ച വേളയിൽ ഉണ്ടായ പ്രധാന തർക്കം ഞാൻ ഈ സഭയെ അനുസ്മരിപ്പിക്കട്ടെ. തങ്ങൾ ഭരണമൊഴിഞ്ഞപ്പോൾ ട്രഷറി മിച്ചമായിരുന്നുവെന്നും ഭരണത്തിലേറി ഏതാനും മാസംകൊണ്ട് കമ്മിയാക്കി മാറ്റിയെന്നും ആയിരുന്നുവല്ലോ ബജറ്റിനെതിരെയുണ്ടായ പ്രധാന വിമർശനങ്ങളിലൊന്ന്. എത്ര ബാലിശമായ രീതിയിലാണ് സാമ്പത്തിക കാര്യങ്ങൾ സംസ്ഥാനത്ത് ചർച്ചചെയ്യപ്പെടുന്നത് എന്നതിന് ഉദാഹരണമാണിത്. സർ, നടപ്പുവർഷം, അതായത് 2006–07 ൽ കടുത്ത സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുന്നു എന്ന് ഏവരും സമ്മതിക്കും. ഈ വർഷം അവസാനിക്കുന്നത്. ഒരു ട്രഷറി മിച്ചത്തോടുകൂടിയാണെങ്കിൽ അത് സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയുടെ കേമത്തത്തിന്റെ എന്തെങ്കിലും സൂചനയാണോ? അല്ല. അടുത്ത വർഷം വീണ്ടും കുടിശ്ശികകൾ കൊടുക്കാൻ തുടങ്ങുന്നതോടെ മിച്ചം വീണ്ടും കമ്മിയാകും. കുടിശ്ശികകളും ക്ഷേമാനുകൂല്യങ്ങളും കൊടുക്കാതിരുന്നാൽ നമുക്ക് മിച്ച സംസ്ഥാനമായി തുടരാം. ഇന്ന് ഇന്ത്യാ രാജ്യത്ത് ഭൂരിപക്ഷം സംസ്ഥാനങ്ങളിലും നടക്കുന്നത് ഇതാണ്. കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ ഇന്ത്യയിലെ സംസ്ഥാന ട്രഷറികളിൽ ഇപ്രകാരം മിച്ചം കിടന്ന 31,700 കോടി രൂപയെക്കുറിച്ചാണ് ഞാൻ പരാമർശിച്ചത്. ഇന്നത് **57,000** കോടി രൂപയായിരിക്കുന്നു. നമ്മുടെ രാജ്യത്തെ ജനങ്ങളുടെയെല്ലാം അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞിട്ടാണോ പണം ചെലവഴിക്കാൻ സംസ്ഥാന സർക്കാരുകൾ ബുദ്ധിമുട്ടുന്നത്? ജനങ്ങളുടെ ക്ഷേമവും വികസനവും എന്തുമാകട്ടെ ധന ഉത്തരവാദിത്ത നിയമത്തിൽ പറഞ്ഞിരിക്കുന്നതുപോലെ റവന്യൂ കമ്മി

ഇല്ലാതാക്കുന്നതിനു വേണ്ടി പണമുണ്ടെങ്കിലും ചെലവ് ചുരുക്കണം എന്നുള്ള കാഴ്ചപ്പാടിന്റെ ഒരു ദുർഭഗ സന്തതിയാണ് ഈ ട്രഷറി മിച്ചം.

18. കേരളം ഈ പാത തുടരാൻ ആഗ്രഹിക്കുന്നില്ല. റവന്യൂ കമ്മി ഗണ്യമായി കുറയ്ക്കുകയോ ഇല്ലാതാക്കുകയോ വേണം എന്നുള്ളതിൽ തർക്കമില്ല. ഇതിന് യാഥാർത്ഥ്യബോധത്തോടെയുള്ള ഒരു സമയ പട്ടിക തയ്യാറാക്കണം. എന്നാൽ മൂലധന ചെലവിനുവേണ്ടി വായ്പയെടുക്കുന്നതിന് ഓരോ കാലത്തെയും ആവശ്യമനുസരിച്ച് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യമുണ്ടാകണം. ഈ കാഴ്ചപ്പാടനുസരിച്ച് ധനകാര്യ കമ്മീഷനുകളുടെ നിർദ്ദേശങ്ങളും കൂടി പരിഗണിച്ചുകൊണ്ട് കേരളത്തിലെ ധന ഉത്തരവാദിത്ത നിയമവും സർക്കാർ ഗ്യാരണ്ടികൾക്ക് സീലിംഗ് ഏർപ്പെടുത്തുന്ന നിയമവും സമഗ്രമായി ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

**തെറ്റായ കേന്ദ്ര നയങ്ങൾ**

19. കാർഷിക–പരമ്പരാഗത മേഖലകളിൽ ആഗോളവൽക്കരണം സൃഷ്ടിച്ചിരിക്കുന്ന ഭീതിജനകമായ സ്ഥിതി വിശേഷം ഒരു മുഖ്യ രാഷ്ട്രീയ പ്രശ്നമായി മാറിയിരിക്കുന്ന പശ്ചാത്തലത്തിൽ ചില സമാശ്വാസ നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാർ തയ്യാറായിട്ടുണ്ട്. എന്നാൽ കാർഷിക പ്രതിസന്ധി ഏറ്റവും രൂക്ഷമായി ഗ്രസിച്ചിരിക്കുന്ന കേരളത്തിന് ഈ പരിപാടിയിൽ അർഹമായ പരിഗണന ലഭിച്ചിട്ടില്ല. നമ്മുടെ നാണ്യവിളകൾ കൃഷി വകുപ്പിന്റെ പരിധിയിലല്ല, വാണിജ്യ വകുപ്പിന്റെ കീഴിലാണ്. വാണിജ്യ വകുപ്പിനാകട്ടെ സമീപകാലത്ത് മാത്രമേ നാണ്യവിള കൃഷിക്കാരുടെ പ്രശ്നങ്ങളെക്കുറിച്ച് ബോധോദയമുണ്ടായിട്ടുള്ളൂ.

20. ആഗോളവൽക്കരണ കാർഷിക നയം വിലത്തകർച്ചയും ഭക്ഷ്യധാന്യ ഉത്പാദന മുരടിപ്പും സൃഷ്ടിക്കുന്നു. വൈപരീത്യമെന്നു പറയട്ടെ ഇതോടൊപ്പം പൊതുവിതരണ സമ്പ്രദായത്തിന്റെ തകർച്ചകൂടിയാകുമ്പോൾ കാർഷിക തകർച്ച ഇന്നത്തെ രൂക്ഷമായ വിലക്കയറ്റ പ്രതിഭാസത്തിന് അസ്തിവാരമിടുന്നു. ഇന്നത്തെ വിലക്കയറ്റം കേന്ദ്ര നയങ്ങളുടെ സൃഷ്ടിയാണ്. എന്നാൽ വർദ്ധിച്ച ഡി.എ., ന്യായവില വിതരണശൃംഖല തുടങ്ങിയവയുടെ എല്ലാം ഭാരം സംസ്ഥാന സർക്കാരിന്റെ തലയിലാണ്.

21. നമ്മുടെ രാജ്യത്തെ സമ്പദ്ഘടന കൂടുതൽ കൂടുതൽ വിദേശ ഫിനാൻസ് മൂലധനത്തെ ആശ്രയിക്കുന്ന ഒന്നായി തീർന്നിരിക്കുകയാണ്. സ്റ്റോക്ക് മാർക്കറ്റിന്റെയും പണക്കമ്പോളത്തിന്റെയും കാർഷികോല്പന്ന

ങ്ങളുടെ അവധിക്കച്ചവട കമ്പോളത്തിന്റെയുമെല്ലാം ആരോഗ്യനില ഈ വിദേശ മൂലധനത്തിന്റെ വരവുമായി അഭേദ്യമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ ഊഹക്കച്ചവട മൂലധനത്തിന്റെ വിശ്വാസം ആർജ്ജിക്കലായി തീർന്നിരിക്കുന്നു കേന്ദ്ര സാമ്പത്തിക നയങ്ങളുടെ ഒരു പ്രധാനപ്പെട്ട വിഷയം. ധനകാര്യ മേഖലയിലെ പല പരിഷ്ക്കാരങ്ങൾക്കും യുക്തി ഈ വിദേശ ഫിനാൻസ് മൂലധന പ്രീണനം തന്നെയാണ്.

**ഇടതുപക്ഷ ബദൽ**

22. മുകളിൽ സൂചിപ്പിച്ച കുഴഞ്ഞുമറിഞ്ഞ ഈ സാഹചര്യത്തിൽ ദേശീയ തലത്തിൽ ഈ നയങ്ങൾക്ക് ബദൽ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങളെ പിന്താങ്ങുന്ന ഒരു നിലപാടാണ് സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നത്. അതോടൊപ്പം നമ്മുടെ രാജ്യത്തെ മതേതരത്വവും ജനാധിപത്യവും അപകടപ്പെടുത്തുന്ന വർഗ്ഗീയ ശക്തികളെ അധികാരത്തിൽ നിന്ന് ഒഴിച്ചുനിർത്തുകയും വേണം. അതീവ സങ്കീർണമായ ഈ കടമകൾ ഏറ്റെടുക്കുന്നതിന് കണ്ടു പഠിക്കാൻ മാതൃകകളേറെയില്ല. സർ, ഞാനിത് പറയുന്നത് ആഗോളമായി സാമ്രാജ്യ വിരുദ്ധ പ്രസ്ഥാനത്തിന് ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന പുത്തൻ ഉണർവിനെ വിസ്മരിച്ചുകൊണ്ടല്ല. അമേരിക്കയുടെ ചൊൽപ്പടിയിൽ നിൽക്കാൻ പശ്ചിമേഷ്യ വിസമ്മതി ക്കുകയാണ്. ലാറ്റിനമേരിക്കയിലാവട്ടെ മറ്റൊരു ലോകത്തിനുവേണ്ടിയുള്ള മുന്നേറ്റങ്ങൾ ഇടതുപക്ഷ തെരഞ്ഞെടുപ്പ് വിജയങ്ങളിലേയ്ക്ക് നയിക്കുന്നു. ഇന്നത്തെ ആഗോളവൽക്കരണ യാഥാർത്ഥ്യത്തിൽ എങ്ങനെയാണ് ഇടതുപക്ഷം ഇടപെട്ടു പ്രവർത്തിക്കുക എന്നതിന്റെ പരീക്ഷണ ശാലകളാണ് ഈ ഓരോ ഭരണകൂടവും. പക്ഷേ ഈ പരാമാധികാര രാജ്യങ്ങളിൽ നിന്ന് വ്യത്യസ്തമായ നിലയാണ് ബംഗാളിലേയും ത്രിപുരയിലേയും കേരളത്തിലേയും ഇടതുപക്ഷ സർക്കാരുകൾക്കുള്ളത്. ആഗോളവൽക്കരണ നയങ്ങൾ അംഗീകരിക്കുന്ന ഒരു ദേശീയ നയചട്ടക്കൂടിനുള്ളിൽ നിന്നു വേണം ബദലുകൾ ഉയർത്തുവാൻ. അതേസമയം നിലവിലുള്ള മൂർത്തമായ സാഹചര്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് ജനങ്ങൾക്ക് സമാശ്വാസം നൽകാനും വികസനം നേടുന്നതിനും ഈ സർക്കാരുകൾ ശ്രമിക്കേണ്ടതുണ്ട്. യാഥാർത്ഥ്യങ്ങളിൽ നിന്ന് ഒളിച്ചോടിയിട്ട് സാങ്കൽപിക ലോകത്തു നിന്നുകൊണ്ടുള്ള വായാടിത്തം നമ്മെ മുന്നോട്ടുനയിക്കില്ല. ഈയൊരു ബോധ്യ ത്തിന്റെ അടിസ്ഥാനത്തിൽ ആഗോളവൽക്കരണ യാഥാർത്ഥ്യവുമായി ഇടപെട്ടു പ്രവർത്തിക്കുന്നതിനാണ് നമ്മൾ ശ്രമിക്കുന്നത്.

**23.** സർ, ഇരുപതാം നൂറ്റാണ്ടിൽ കേരളം മുതലാളിത്ത വികസന പാതയ്ക്കുള്ളിൽ നിന്നുകൊണ്ട് താരതമ്യേന ജനക്ഷേമകരമായ ഒരു വികസന പാത സൃഷ്ടിച്ചു. മുതലാളിത്ത വ്യവസ്ഥയുടെ എല്ലാ പരിമിതികളും ഉണ്ടെങ്കിലും സമാനമായ മറ്റു പ്രദേശങ്ങളിലെ ജനങ്ങൾക്ക് നിഷേധിക്കപ്പെട്ട ജീവിത സൗകര്യങ്ങൾ അത് കേരളത്തിലെ പൗരന്മാർക്ക് നൽകി. കേരള വികസന മാതൃക എന്നും മറ്റും പറയുന്ന ഈ പ്രതിഭാസം പൗരസ്വാതന്ത്ര്യത്തിനു വേണ്ടിയിട്ടുള്ള കൊളോണിയൽ കാലഘട്ടത്തിലേ തടക്കമുളള പ്രക്ഷോഭ പ്രവർത്തനങ്ങളിലൂടെയാണ് രൂപം കൊണ്ടത്. കൊളോണിയൽ ചട്ടക്കൂടിനുള്ളിലും ഈ ജന മുന്നേറ്റത്തെ പാടെ തിരസ്ക്കരിക്കുന്നതിന് സാമ്രാജ്യത്വത്തിന് കഴിഞ്ഞില്ല. സ്വാതന്ത്ര്യാനന്തര കാലത്ത് മുതലാളിത്ത വികസന ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടുതന്നെ കേരളത്തിൽ മാറിമാറി വന്ന സർക്കാരുകൾ ഈ പാരമ്പര്യത്തെ മുന്നോട്ടുകൊണ്ടുപോയി. ഐക്യ കേരളത്തിലെ പ്രഥമ സർക്കാർ ഈ പ്രക്രിയയിലെ നിർണ്ണായക നാഴികക്കല്ലായിരുന്നു എന്നത് സൂചിപ്പിച്ചുവല്ലോ. ജനങ്ങളുടെ ചെറുത്തുനിൽപ്പിനും പ്രക്ഷോഭത്തിനും അവയോട് പ്രതികരിച്ചുകൊണ്ട് പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാരുകൾക്കും അടിസ്ഥാനപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞില്ലെങ്കിൽപോലും കൂടുതൽ ജനക്ഷേമകരമായ ഒരു സ്ഥിതിവിശേഷം സൃഷ്ടിക്കാനാവുമെന്ന് നമ്മുടെ അനുഭവം കാണിക്കുന്നു. ഈ പാരമ്പര്യത്തിൽ നിന്ന് ആവേശമുൾക്കൊണ്ടുകൊണ്ടാണ് സർ, ഈ അമ്പതാം വാർഷികവേളയിൽ പുതിയൊരു വികസന അജണ്ടയ്ക്ക് തുടക്കം കുറിയ്ക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനുമുള്ള കാൽവയ്പ് നടത്തുന്നത്. അതിന്റെ ഒരു തുടക്കമെന്ന നിലയിൽ 2007-08 ലെ ബജറ്റിലെ വികസന നിർദ്ദേശങ്ങളുടെ ചില പ്രധാന വശങ്ങൾ സഭയുടെ മുമ്പിൽ ഞാൻ അവതരിപ്പിക്കുകയാണ്.

## <u>ഭാഗം രണ്ട്</u>

# <u>വികസന പരിപാടികൾ</u>

**24.** 2007-08 വർഷം 11-ാം പഞ്ചവത്സര പദ്ധതിക്കു തുടക്കം കുറിക്കുക യാണ്. പദ്ധതി അടങ്കലിൽ 60 ശതമാനത്തിലേറെ വർദ്ധനയാണ് 5 വർഷം കൊണ്ട് ലക്ഷ്യമിടുന്നത്. ഇനിയുള്ള വർഷങ്ങളിൽ പദ്ധതി അടങ്കൽ ഗണ്യമായി ഉയരുന്ന രീതിയിലാണ് അടങ്കൽ ക്രമീകരിച്ചിട്ടുള്ളത്. ഒട്ടേറെ പുതിയ

സ്കീമുകൾ പതിനൊന്നാം പദ്ധതിയിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. അവയിൽ പ്രമുഖമായവയെ മുൻനിര പരിപാടികളായി നിശ്ചയിച്ചിട്ടുണ്ട്. ഈ വർഷത്തെ പ്രധാന വികസന നിർദ്ദേശങ്ങളെ പൊതുവായി പരാമർശിക്കാനേ ഞാൻ തുനിയുന്നുള്ളൂ.

## കാർഷിക പരമ്പരാഗത മേഖലകളുടെ സംരക്ഷണം

### <u>കൃഷി</u>

**25.** കേരളത്തിലെ കാർഷിക മേഖല 1930 കൾക്കുശേഷം ഏറ്റവും രൂക്ഷമായ തകർച്ചയിൽ നിന്ന് കരകയറിക്കൊണ്ടിരിക്കുന്നു. ഒരുവശത്ത് കെടുതിയിലാണ്ട കൃഷിക്കാർക്ക് സമാശ്വാസം നൽകുന്നതിന് കഴിഞ്ഞവർഷം തുടങ്ങിവെച്ച പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. മറുവശത്ത് കാർഷിക ഉൽപാദനം ഉയർത്തുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കണം. ഇതിന് വിളകളെ അടിസ്ഥാനമാക്കി ചില പാക്കേജുകൾക്കൊപ്പം നീർത്തടാടിസ്ഥാനത്തിലുള്ള ആസൂത്രണത്തിന് ഈ വർഷം അടിത്തറ പാകാൻ ഉദ്ദേശിക്കുന്നു. കടാശ്വാസ കമ്മീഷനുവേണ്ടി **100** കോടി രൂപ കഴിഞ്ഞ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത് ഈ വർഷം പദ്ധതിയേതര ഇനമായി വീണ്ടും വകയിരുത്തുന്നു. ഇതിനു പുറമെ **60** കോടി രൂപ ഈ വർഷത്തെ പദ്ധതിയിലും വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കാർഷിക പാക്കേജുകൾക്കുള്ള സംസ്ഥാന വിഹിതവും ഈ ബജറ്റ് ഹെഡിൽ നിന്നായിരിക്കും ലഭ്യമാക്കുക.

**26.** കാർഷിക മേഖലയിൽ അവിഷ്ക്കരിച്ചിട്ടുള്ള മുഖ്യമായ പദ്ധതി നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പാക്കേജാണ്.

**ഒന്ന്.** ശാസ്ത്രീയ കൃഷി സമ്പ്രദായം ഗ്രൂപ്പടിസ്ഥാനത്തിൽ നടപ്പാക്കുകയാണ് ഇതിന്റെ സംഘടനാരീതി. നല്ല വിത്തിനങ്ങളും വളവും ലഭ്യമാക്കുന്നതിന് പ്രത്യേക സ്കീമുകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**രണ്ട്.** ഇങ്ങനെ കൃഷിചെയ്യുന്ന കൃഷിക്കാർക്ക് സഹായ പലിശയോടെ കാർഷിക വായ്പകൾ ലഭ്യമാക്കും. പലിശ സബ്സിഡിക്കുള്ള പണം പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

**മൂന്ന്.** ഉൽപാദിപ്പിക്കപ്പെടുന്ന നെല്ല് **8.50** രൂപ നിരക്കിൽ സംഭരിക്കുന്നതിനുള്ള നടപടികൾ കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കും.

**നാല്.** നെൽകൃഷിക്കാർക്ക് ഉപതൊഴിലുകൾ ഉറപ്പുവരുത്തുന്നതിനായി ഒരു പ്രത്യേക സ്കീമിന് രൂപം നൽകിയിട്ടുണ്ട്.

**27.** ഈ ഇനങ്ങളിലായി മൊത്തം ഏതാണ്ട് **45** കോടിയിൽപ്പരം രൂപ 2007–08 ൽ ചെലവഴിക്കപ്പെടും. തോട്ട വിളകളുടെ വികസന പ്രവർത്തനങ്ങൾക്ക് കേന്ദ്ര വാണിജ്യ വകുപ്പ് രൂപം നൽകിക്കൊണ്ടിരിക്കുന്ന പാക്കേജിനെയായിരിക്കും മുഖ്യമായും അടിസ്ഥാനമാക്കുക. നാളികേര വികസന ബോർഡ് 2007–08 ൽ കേരളത്തിൽ **25** കോടി രൂപ ചെലവഴിക്കും. മഞ്ഞളിപ്പ് തുടങ്ങിയ രോഗം വന്നുതകർന്ന അടയ്ക്കാകൃഷിക്കാർക്ക് വേണ്ടി പ്രത്യേക പാക്കജിന് രൂപം നൽകുന്നതാണ്.

**28.** കാർഷിക മേഖലയിലെ ഇടപെടലിൽ വിപണനത്തിന് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. സംഭരണ പരിപാടികൾക്കു വേണ്ടി പദ്ധതിയിൽ **15.5** കോടി രൂപയും പ്രൊഡ്യൂസർ മാർക്കറ്റിംഗ് കമ്പനികൾക്കും മറ്റും വേണ്ടി **10** കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**29.** വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകൾക്കുള്ള കേന്ദ്ര കാർഷിക പാക്കേജ് **765** കോടി രൂപയാണ്. പലിശ എഴുതിത്തള്ളുന്നതിനുവെച്ചിരിക്കുന്ന **360** കോടിയിൽ **180** കോടി രൂപ സംസ്ഥാന സർക്കാർ നൽകേണ്ടതാണ്. ഈ പാക്കേജിന്റെ മൂന്നിലൊന്ന് അടുത്ത വർഷം ലഭ്യമാകുമെന്ന് കരുതുന്നു. ഇതിനു പുറമെയാണ് തോട്ടവിളകൾക്ക് തയ്യാറായിക്കൊണ്ടിരിക്കുന്ന കേന്ദ്ര പാക്കേജ്. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ 2007–08 കൃഷിക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതം അടക്കം ഏതാണ്ട് **1000** കോടിയിൽപ്പരം രൂപ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കപ്പെടുമെന്ന് കരുതുന്നു.

## നീർത്തട വികസനം

**30.** നീർത്തടാടിസ്ഥാനത്തിലുള്ള ആസൂത്രണത്തിന്റെ പ്രാധാന്യം ഇന്ന് സാർവ്വത്രികമായി അംഗീകാരം നേടിയിട്ടുണ്ടെങ്കിലും നീർത്തട വികസന പരിപാടിയുടെ പേരിൽ ഇന്ന് സംസ്ഥാനത്ത് അരങ്ങേറിക്കൊണ്ടിരിക്കുന്ന പരിപാടികൾ അങ്ങേയറ്റം അശാസ്ത്രീയമാണ്. നീർത്തട വികസന പരിപാടിയിലെ ഏറ്റവും പ്രധാനപ്പെട്ട ഏജൻസി മണ്ണ്–ജല സംരക്ഷണ

വകുപ്പാണ്. 24 കോടി രൂപ ഈ വർഷം നീർത്തട വികസന പരിപാടിക്കായി ഈ വകുപ്പിന് കീഴിൽ നൽകിയിട്ടുണ്ട്. ഇതിനുപുറമെ കൃഷി വകുപ്പ്, ആസൂത്രണ ബോർഡ്, ജലസേചന വകുപ്പ് എന്നിവ വിവിധ സ്കീമുകളിലായി 200 കോടിയിൽപരം രൂപ വകയിരുത്തിയിട്ടുണ്ട്. മൂന്ന് ജില്ലകളുടെ കേന്ദ്രപാക്കേജിൽ 180 കോടി രൂപയും നീർത്തട വികസനത്തിനാണ്. എന്നാൽ ഈ പരിപാടികൾ തമ്മിൽ ഏകോപനമില്ല. അതിലുപരി ചില നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ഒരു ഉപായമായിട്ടാണ് നീർത്തട വികസന പരിപാടികൾ നടപ്പിലാക്കുന്നത്. ഈ സ്ഥിതിവിശേഷത്തിന് സമൂലമായ മാറ്റം വേണം.

31. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഓരോ ചെറു നീർത്തടത്തിനെയും ജനപങ്കാളിത്തത്തോടെ ശാസ്ത്രീയമായി അവലോകനം ചെയ്ത് സമഗ്രമായ നീർത്തടപദ്ധതി ആവിഷ്ക്കരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഈ വർഷത്തോടെ പഞ്ചായത്തുതല വിഭവഭൂപട നിർമ്മാണം എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കും. ചെറു നീർത്തട പരിപാടികൾ സംയോജിപ്പിച്ച് വൻ നീർത്തടങ്ങളുടെയും ഇവകൂടി പരിഗണിച്ചുകൊണ്ട് നദീതടങ്ങളുടെയും പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ജലസേചന വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. നദീതട അതോറിറ്റികൾക്കായി ഈ വർഷത്തെ പദ്ധതിയിൽ പണം വകയിരുത്തിയിട്ടുണ്ട്. കൃഷിക്കാരെയും കർഷക തൊഴിലാളികളെയും സന്നദ്ധപ്രവർത്തകരെയും ഒരുമിച്ചണിനിരത്തിക്കൊണ്ടുള്ള വലിയൊരു ജനകീയ പ്രസ്ഥാനമായി നീർത്തട പദ്ധതിയെ മാറ്റാനുദ്ദേശിക്കുന്നു. ഇപ്രകാരമൊരു രൂപരേഖയുടെ അടിസ്ഥാനത്തിൽ മുകളിൽപറഞ്ഞ വിവിധങ്ങളായ സ്കീമുകളെ സംയോജിപ്പിച്ച് നടപ്പിലാക്കിയാലേ ഗുണമുള്ളൂ.

32. നീർത്തട വികസന പരിപാടി നടപ്പാക്കുന്നതിന് ഏറ്റവും ഫലപ്രദമായ സ്കീം ദേശീയ തൊഴിലുറപ്പ് പദ്ധതിയാണ്. വയനാടും പാലക്കാടും ഈ വർഷം തന്നെ ഈ പരിപാടിക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. നീർത്തട വികസന പരിപാടിയുടെ ഭാഗമായി സ്വകാര്യ ഭൂമിയിലടക്കം മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്താനാകും. ഭൂമിയിൽ പണിയെടുക്കാൻ തയ്യാറുള്ള കൃഷിക്കാർക്കും ഇതുപ്രകാരം പണി നൽകാം. ഈ സാധ്യത പ്രയോജനപ്പെടുത്തുന്നതിന് കർഷക പ്രസ്ഥാനവും കർഷകത്തൊഴിലാളി പ്രസ്ഥാനവും ഏറ്റവും സുശക്തമായിട്ടുള്ള കേരളത്തിൽ നമുക്ക് കഴിയണം. നടപ്പുവർഷത്തിൽ ഇടുക്കി ജില്ലയിലേയ്ക്കു കൂടി ഈ സ്കീം വ്യാപിപ്പിക്കുന്നതാണ്. ഈ സ്കീമിലൂടെ 200 കോടി രൂപയെങ്കിലും ഈ

വർഷം കാർഷിക മേഖലയിൽ മുതൽ മുടക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. പാലക്കാട്, വയനാട് ജില്ലകളാണ് പിന്നോക്കപ്രദേശ ഗ്രാന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെട്ടിട്ടുള്ളത്. നീർത്തടാടിസ്ഥാനത്തിലുള്ള കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും കാർഷിക സംസ്കരണ പ്രോത്സാഹനത്തിനും 30 കോടി രൂപ ഈ സ്കീം വഴി ലഭ്യമാകും.

## ജലസേചനം

33. വൻകിട ഇടത്തരം ജലസേചന പദ്ധതികൾക്കായി 215 കോടി രൂപ യാണ് വകയിരുത്തിയിരിക്കുന്നത്. കാരാപ്പുഴ പദ്ധതിക്ക് 8.9 കോടി രൂപയും ഇടമലയാറിന് 11 കോടി രൂപയും ബാണാസുരസാഗറിന് 8 കോടി രൂപയും പലകപ്പാണ്ടി സ്കീമിന് 5 കോടി രൂപയും ആണ് വകയിരുത്തിയിരിക്കുന്നത്. മൂവാറ്റുപുഴ പദ്ധതിയുടെ പണി പൂർത്തീകരിക്കുന്നതിനുവേണ്ടി 14.9 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാമിൽ നിന്നും 32 കോടി രൂപ ഈ വർഷം ലഭിക്കും. ഇതു കൂടാതെ കേന്ദ്ര അംഗീകാരം കിട്ടുന്നതിനനുസരിച്ച് കൂടുതൽ തുക സംസ്ഥാന വിഹിതമായി നൽകും.

34. ചമ്രവട്ടം റഗുലേറ്റർ–കം–ബ്രിഡ്ജിന്റെ പ്രവർത്തനം ജലസേചന വകുപ്പ് നേരിട്ട് നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. വാർഷിക പദ്ധതിയിൽ 10 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. അടുത്തവർഷത്തെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ ഒരു സ്പെഷ്യൽ സ്കീമായി ഇതിന് പരിഗണന നൽകാമെന്ന് ധാരണയായിട്ടുണ്ട്. ബിയെം റഗുലേറ്റർ പുതുക്കിപ്പണിയുന്നതിന് 1 കോടി രൂപ വകയിരുത്തുന്നു.

35. പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ കേരളത്തിലെ തീരസംരക്ഷണ പ്രവർത്തനങ്ങൾ ഗണ്യമായി പൂർത്തീകരിക്കാൻ കഴിയും. 2007–08 ൽ 43.75 കോടി രൂപ ചെലവഴിച്ച് 52 കി.മീ. പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും 60 കി.മീ. റിഫോർമേഷൻ നടത്തുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

36. മുല്ലപ്പെരിയാറിൽ പുതിയ ഒരു അണക്കെട്ട് നിർമ്മിക്കണമെന്ന് നാം ആവശ്യപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്. ഇതിന്റെ പ്രാരംഭ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞു. ഇത് ലഭിച്ചുകഴിഞ്ഞാൽ ഒരു വിശദ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

കേരളത്തിലെ ജനങ്ങളുടെ സുരക്ഷയാണ് ഈ സർക്കാരിനെ സംബന്ധിച്ചിട ത്തോളം പരമപ്രധാനം.

## മൃഗസംരക്ഷണം

37. കാർഷിക മേഖലയിലെ മൊത്തം നിരാശാജനകമായ ചിത്രത്തിനിട യിലെ ഒരു രജതരേഖയാണ് മൃഗ പരിപാലന മേഖല. എന്നാൽ സമീപകാലത്ത് തിരിച്ചടിയുണ്ടായിട്ടുണ്ട്. ഈ പോരായ്മ നികത്തുന്നതിന് ഇവിടെയും ഈ മേഖലയിലെ വളർച്ചയുടെ ഗതിവേഗം ഉയർത്തുന്നതിനും പ്രത്യേക ശ്രദ്ധ പതിനൊന്നാം പഞ്ചവത്സര പദ്ധതി നൽകുന്നു. വെറ്ററിനറി സേവനങ്ങളുടെ വിപുലീകരണത്തിനും ആധുനികവൽക്കരണത്തിനുമാണ് ഏറ്റവും കൂടുതൽ ഊന്നൽ നൽകിയിട്ടുള്ളത്. ഈ ഇനത്തിലായി ഏതാണ്ട് 16 കോടി രൂപയാണ് ഈ വർഷം വകയിരുത്തിയത്. സങ്കരയിനം കന്നുകാലികളുടെ ഗുണനിലവാരം ഉയർത്തുന്നതിന് 6 കോടി രൂപയുടെ സ്കീമും പശുക്കളുടെ പ്രസവപ്രായം താഴ്ത്തുന്നതിനും പ്രസവങ്ങൾ തമ്മിലുള്ള കാലയളവ് കുറയ്ക്കുന്നതിനും വേണ്ടി 7.5 കോടി രൂപയുടെ പുതിയ സ്കീമും നടപ്പാക്കും. വാണിജ്യാടിസ്ഥാനത്തിലുള്ള ഡയറി ഫാമുകളുടെയും മിൽക്ക് ഷെഡുകളുടെയും വികസനത്തിനുവേണ്ടി 4.90 കോടി രൂപയുടെ ഒരു പുതിയ സ്കീം ഈ വർഷം ആവിഷ്ക്കരിക്കു ന്നതാണ്. മുട്ട ഉൽപ്പാദന വർദ്ധനയ്ക്കുവേണ്ടി 2.8 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

## മത്സ്യമേഖല

38. തീരദേശ വികസനത്തിന് പ്രത്യേക പ്രാധാന്യം സർക്കാർ നൽകുന്നു. തീരദേശ വികസനത്തിനായി 3000 കോടി രൂപയുടെ പദ്ധതി നടപ്പാക്കുമെന്ന് കഴിഞ്ഞ ബജറ്റിൽ പറഞ്ഞിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സുനാമി പുനരധിവാസ സഹായം, ധനകാര്യ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ തുടങ്ങിയവയുടെയെല്ലാം പരിപാടികൾ സംയോജിപ്പിച്ചു കൊണ്ടാണ് ഈ സമഗ്രപരിപാടിക്ക് രൂപം നൽകുന്നത്. പ്ളാനിംഗ് ബോർഡ് ഈ പ്രവർത്തനം മുൻഗണന നൽകി പൂർത്തിയാക്കും.

39. കേരളത്തിന്റെ തീരദേശ വികസനത്തിൽ സുപ്രധാനമായ സ്ഥാനം ഇന്ന് മത്സ്യബന്ധന തുറമുഖങ്ങൾക്കുണ്ട്. ഈ ദിശയിൽ കേരളം ഇതുവരെ ചെയ്തിട്ടുള്ള കാര്യം മാതൃകാപരമായിട്ടാണ് ഇന്ന് രാജ്യം വീക്ഷിക്കുന്നത്. തുറമുഖ വികസനത്തിന് 50% കേന്ദ്ര സഹായത്തോടുകൂടിയുള്ള പദ്ധതികൾ

നടപ്പിലാക്കും. 2007–08 ൽ മുതലപ്പൊഴിയും കായംകുളവും പൂർത്തീകരിക്കും. കൊയിലാണ്ടി, കോട്ടപ്പടി, പൊന്നാനി, തലായി, കാസർഗോഡ് എന്നീ തുറമുഖങ്ങൾക്കുള്ള സംസ്ഥാന വിഹിതമായ **3.8** കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ അർത്തുങ്കൽ, ചെല്ലാനം, ചെത്തി, ചേറ്റുവ, ചെറുവത്തൂർ, പരപ്പനങ്ങാടി തുറമുഖങ്ങളുടെ പ്രവർത്തനം ഈ വർഷം ആരംഭിക്കും. ഇവയ്ക്ക് അധികമായി **3** കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സുനാമി ഫണ്ടിൽ നിന്നും റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും ഇതിന് കൂടുതൽ പണം ലഭ്യമാക്കും. ഈ വർഷം പരീക്ഷണാടിസ്ഥാനത്തിൽ സാമ്പ്രാണിക്കോടി, മുഹമ്മ, ബേക്കൽ എന്നിവിടങ്ങളിൽ ഇൻലാന്റ് ഫിഷ്ലാന്റിംഗ് സെന്ററുകൾ ആരംഭിക്കുന്നതാണ്. ഇതിനായി ഒരു കോടി രൂപ വകയിരുത്തുന്നു.

## സഹകരണം

**40.** ഈ അടുത്തകാലത്തായി സഹകരണ പ്രസ്ഥാനത്തിന്റെ ജനകീയ സ്വഭാവത്തിനും സ്വയം നിയന്ത്രണത്തിനും സാമ്പത്തിക അടിത്തറയ്ക്കും ദോഷകരമായ പ്രവണതകൾ നേരിട്ടിട്ടുണ്ട്. ഇതിൽനിന്നും മുക്തമാക്കി സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തും. ദുർബ്ബല സഹകരണ സംഘങ്ങളെയും പ്രവർത്തനക്ഷമതയില്ലാത്ത അപ്പെക്സ് സഹകരണ സംഘങ്ങളെയും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കും. പട്ടികജാതി പട്ടികവർഗ്ഗ വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ കൈക്കൊള്ളും. റബ്കോ തുടങ്ങുവാൻ ആഗ്രഹിക്കുന്ന രണ്ട് പുതിയ വ്യവസായ സ്ഥാപനങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. യിൽ നിന്നും ധനസഹായം ലഭ്യമാക്കും.

## <u>പരമ്പരാഗത വ്യവസായങ്ങൾ</u>

**41.** കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായം കയറാണ്. നടപ്പുവർഷത്തിൽ പ്രാഥമിക സംഘങ്ങളുടെ നിലനിൽപ്പ് അപെക്സ് ബോഡിയായ കയർഫെഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തെ ആശ്രയിച്ചിരിക്കും. കയർഫെഡിന്റെ പുനഃസംഘടനയായിരിക്കും ഈ വർഷത്തെ പ്രധാന പ്രവർത്തനം. ഇതിനായി **8** കോടി രൂപ അധികമായി വകയിരുത്തുകയാണ്. വാങ്ങൽവില സമ്പ്രദായം നടപ്പിലാക്കുന്നതിനായി **2.25** കോടി രൂപയും വകയിരുത്തിയിരിക്കുന്നു. ഉൽപ്പന്ന നവീകരണത്തിന്റെ

ഭാഗമായി ചണം-കയർ സങ്കര യാൺ ഉണ്ടാക്കുന്നതിനും കയർ കോമ്പോസിറ്റ് ബോർഡുകൾ ഉണ്ടാക്കുന്നതിനും ഓരോ ഫാക്ടറികൾ വീതം സ്ഥാപിക്കുന്നതാണ്. കയർ മേഖലയ്ക്ക് മൊത്തം 46 കോടി രൂപയാണ് വാർഷിക പദ്ധതിയിൽ വകകൊള്ളിച്ചിരിക്കുന്നത്.

42. കൈത്തറി മേഖലക്ക് 25 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ഏറ്റവും പ്രധാനം ദീൻദയാൽ പദ്ധതിക്ക് സംസ്ഥാന വിഹിതമായി 15 കോടി രൂപ ഉൾക്കൊള്ളിച്ചതാണ്. കേരള കൈത്തറിയെ ബ്രാന്റ് ചെയ്യുന്നതിന് ഒരു കോടി രൂപ വകയിരുത്തിയിരിക്കുന്നു.

43. കശുവണ്ടി വ്യവസായത്തിൽ ബാങ്കുകൾക്ക് ഒറ്റത്തവണ തീർപ്പാക്കലിന് വാർഷിക ഗഡുവായി ഏതാണ്ട് 30 കോടി രൂപ നൽകും. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തന മൂലധനം വായ്പയെടുത്ത് കശുവണ്ടി കോർപ്പറേഷനും കാപ്പെക്സും ലാഭകരമായി പ്രവർത്തിപ്പിക്കാൻ പദ്ധതി തയ്യാറാക്കണം. ഇതിനുപുറമെ 8 കോടി രൂപ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കശുവണ്ടി സ്പെഷ്യൽ ആപ്പീസിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് 50 ലക്ഷം രൂപ അധികമായി അനുവദിക്കുന്നു. കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നിലവിലുള്ളതും പുതിയതുമായ സ്കീമുകൾ കാഷ്യൂ സ്പെഷ്യൽ ഓഫീസറെ കൂടി ഉൾക്കൊള്ളിച്ച് ഏകോപിപ്പിച്ച് നടപ്പിലാക്കുവാനുള്ള ഒരു സംവിധാനം ആവിഷ്ക്കരിക്കും.

44. ഖാദി ഗ്രാമവ്യവസായങ്ങൾക്ക് സംസ്ഥാന വിഹിതമായി 5 കോടി രൂപ യാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഖാദിബോർഡിന് സംസ്ഥാന സർക്കാർ നൽകേണ്ടുന്ന ധനസഹായത്തിൽ ഭീമമായ കുടിശ്ശിക വന്നതുകൊണ്ട് കേന്ദ്രസഹായം അനധികൃതമായി ഭരണച്ചെലവിനായി വിനിയോഗിച്ചത് ഇപ്പോൾ ഗൗരവമായ പ്രശ്നം സൃഷ്ടിച്ചിരിക്കുകയാണ്. ഇത് കണക്കിലെ ടുത്ത് സംസ്ഥാന ഖാദി ബോർഡിന് പ്രത്യേക ധനസഹായമായി 2 കോടി രൂപ വകയിരുത്തുന്നു. ബീഡി വ്യവസായത്തിന് 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. പട്ടുനൂൽ കൃഷിക്ക് 2.50 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ബാംബൂ കോർപ്പറേഷന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

45. കരകൗശല മേഖലക്ക് ഒരു കോടി രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. ആർട്ടിസൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന പുതിയ കരകൗശല പ്രോത്സാഹന സ്കീമുകൾക്കു വേണ്ടി 1 കോടി രൂപ ഞാൻ വകയിരുത്തിയിരിക്കുന്നു.

**46.** മറ്റ് ചെറുകിട വ്യവസായങ്ങൾക്ക് മൊത്തം **6** കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അനുബന്ധവ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹന പദ്ധതിയാണ് പുതുതായി ഈ മേഖലയിൽ ആരംഭിക്കുന്ന സ്കീം. ഇൻവെസ്റ്റ്മെന്റ് സബ്സിഡിക്ക് **1.79** കോടി രൂപ വകയിരുത്തിയിരിക്കുന്നു.

## സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തൽ

### പൊതു ആരോഗ്യം

**47.** സർക്കാർ ആശുപത്രികൾ മുഖേന പാവപ്പെട്ടവർക്കെല്ലാം സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിനും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിൽ ചികിത്സ ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിടുന്ന സമഗ്രമായ ആരോഗ്യ സുരക്ഷാ പരിപാടിയാണ് ഈ വർഷത്തെ ബജറ്റിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രഖ്യാപനം. ഇതിന് താഴെ പറയുന്ന നടപടികളാണ് സ്വീകരിക്കുന്നത്.

**ഒന്ന്.** ആരോഗ്യമേഖലയിലെ സൗകര്യങ്ങളുടെ വിപുലീകരണവും നിലവാര ഏകീകരണവുമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഇതിൽ കെട്ടിട സൗകര്യങ്ങളുടെ വിപുലീകരണത്തിനു വേണ്ടി നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽ നിന്ന് **36** കോടി രൂപ ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതുപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടേയുള്ളൂ. കൂടുതൽ തുക അടുത്ത വർഷവും ലഭ്യമാകും.

**രണ്ട്.** സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ ഇല്ലാത്ത ജില്ലകളിൽ പുതുതായി അവ ആരംഭിക്കുന്നതിനും നിലവിലുള്ള ഈ ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും **34** കോടി രൂപ നാഷണൽ റൂറൽ ഹെൽത്ത് മിഷനിലൂടെ ചെലവഴിക്കുന്നതാണ്.

**മൂന്ന്.** ജനറൽ ആശുപത്രികളിലും മറ്റും ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി സൗകര്യങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ എന്ന പേരിൽ **2** കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ റൂറൽ ഹെൽത്ത് മിഷനിൽ നിന്നും പണം ലഭ്യമാക്കും. കണ്ണൂരിൽ പബ്ളിക് ഹെൽത്ത് ലബോറട്ടറി ആരംഭിക്കുന്നതാണ്.

**നാല്.** ആശുപത്രികളിൽ മരുന്നും മറ്റു അവശ്യ സാധങ്ങളും ലഭ്യമാക്കുക എന്നതാണ് പ്രധാനം. ഇതിനായി സാധാരണ നിലയിലെന്നപോലെ പദ്ധതിയേതര ചെലവായി **168** കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ നടപ്പുവർഷത്തിൽ പദ്ധതിയുടെ ഭാഗമായി **33.50** കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഏറ്റവും വില കുറച്ച് ഗുണമേന്മയുള്ള മരുന്നുകൾ വാങ്ങി വിതരണം ചെയ്യാൻ ഒരു പുതിയ സംവിധാനത്തിന് ഈ വർഷം രൂപം നൽകുന്നതാണ്. ഇതിനുപുറമെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റിന്റെ 20 ശതമാനം വരെ ഇതിനായി ചെലവഴിക്കാം.

**അഞ്ച്.** ഇതിനകം കിടത്തി ചികിത്സാ സൗകര്യങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടും അവ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ആശുപത്രികളിൽ ആവശ്യമുള്ള ജീവനക്കാരെ നിയമിക്കും. ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ അടിയന്തിരമായി നികത്താനുള്ള നടപടികൾ പൂർത്തിയാക്കും. ഡോക്ടർമാർക്ക് സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കും. കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നിന്നും എം.ബി.ബി.എസ്. പി.ജി. ഡിഗ്രികളും പി.ജി. ഡിപ്ളോമയും എടുക്കുന്നവർ ഒരു വർഷം നിർബന്ധമായി പൊതു ആരോഗ്യമേഖലയിൽ സേവനം നടത്താൻ നിയമ നിർമ്മാണം കൊണ്ടുവരും. നേഴ്സിംഗ് കോളേജുകളിൽ നിന്നും പാസാകുന്ന നേഴ്സുമാർക്കു ഒരു വർഷത്തെ സർക്കാർ സേവനം ഏർപ്പെടുത്തും.

**ആറ്.** പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കു കീഴിലുള്ള സബ് സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി 10,000/- രൂപ വീതം നടപ്പുവർഷം നൽകിയിട്ടുണ്ട്. അടുത്തവർഷവും ഇത് നൽകും. സബ്സെന്ററുകളുടെ കീഴിൽ വാർഡ്തല ആരോഗ്യ-സാനിറ്റേഷൻ കമ്മറ്റികൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനത്തിന് 10,000/- രൂപ വീതം നൽകുകയും ചെയ്യും. നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പരിപാടിയിൽ ഉൾപ്പെടുത്തി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് അറ്റകുറ്റ പണികൾക്കായി 50,000/- രൂപയും ഉപാധിരഹിത സഹായമായി 25,000/- രൂപയും നടപ്പുവർഷം നൽകിയിട്ടുണ്ട്. വരുന്ന വർഷവും ഇത് തുടരും. ഈ അതിവിപുലമായ ആരോഗ്യ ശൃംഖല ഉപയോഗപ്പെടുത്തിക്കൊണ്ട് ആരോഗ്യ പ്രതിരോധ

പ്രവർത്തനങ്ങൾക്കും ശുചിത്വത്തിനും വേണ്ടി ജനകീയ ക്യാമ്പയിൻ നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

**ഏഴ്.** ഇപ്രകാരം സമഗ്രമായി പരിഷ്ക്കരിക്കപ്പെട്ട പൊതു ആരോഗ്യ സംവിധാനവുമായി ബന്ധപ്പെടുത്തിയാണ് ആരോഗ്യ ഇൻഷുറൻസ് നടപ്പാക്കുക. ഇതിനായി പുതിയ വ്യവസ്ഥകളോടെ പൊതുമേഖലാ ഇൻഷുറൻസ് കമ്പനികളിൽ നിന്ന് ടെണ്ടറുകൾ വിളിക്കും. നിലവിൽ പഞ്ചായത്തുകളിൽ ഇൻഷുറൻസ് സ്കീമിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരെയും പുതിയ സ്കീമിൽ ഉൾപ്പെടുത്തും. കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന ഇൻഷുറൻസ് സ്കീം പൊതു ആരോഗ്യസംവിധാനത്തെ തകർക്കുന്നതായിരുന്നുവെങ്കിൽ ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന സംവിധാനം പൊതു ആരോഗ്യ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതായിരിക്കും.

## ആരോഗ്യ വിദ്യാഭ്യാസം

48. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനു വേണ്ടി പ്രധാനമന്ത്രിയുടെ സ്വാസ്ത്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 100 കോടി രൂപയുടെ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ മാച്ചിംഗ് ഗ്രാന്റായി 20 കോടി രൂപ നൽകും. കോഴിക്കോട് മെഡിക്കൽ കോളേജിലെ മാതൃ-ശിശു ആരോഗ്യ കേന്ദ്രത്തിന് 50 കോടി രൂപ പ്രത്യേക കേന്ദ്രസഹായം അനുവദിച്ചിട്ടുണ്ട്. 2007–08 വർഷത്തിൽ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി പദ്ധതിവിഹിതമായി 11.7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ ആർ.ഐ.ഡി.എഫിൽ നിന്നുള്ള 20 കോടി രൂപ കൂടി മെഡിക്കൽ കോളേജുകളുടെ കെട്ടിട സൗകര്യങ്ങളുടെ വിപുലീകരണത്തിന് ഉപയോഗപ്പെടുത്തും. ആലപ്പുഴ മെഡിക്കൽ കോളേജ് വണ്ടാനത്തേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട അധികച്ചെലവുകൾക്കു വേണ്ടിയും ആലപ്പുഴ ജനറലാശുപത്രിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 5 കോടി രൂപ അധികമായി വകയിരുത്തുന്നു.

49. ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ ദേശീയ നിലവാരത്തിലുള്ള അപെക്സ് സ്ഥാപനമായി വികസിപ്പിക്കുന്നതിന് കേന്ദ്രസഹായമായി 10 കോടി രൂപ പ്രതീക്ഷിക്കുന്നു. ഇതിനുവേണ്ടി 3.50 കോടി രൂപ പ്ളാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽകോളേജിൽ

പ്രവർത്തിക്കുന്ന ക്ളിനിക്കൽ എപ്പിഡമിയോളജി റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്ററിന് 10 ലക്ഷം രൂപ വകയിരുത്തുന്നു.

50. പുതുതായി സ്ഥാപിച്ച നേഴ്സിംഗ്കോളേജുകളുടെ സൗകര്യ വിപുലീകരണത്തിന് മുൻഗണന നൽകും. കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇപ്രകാരം വിഷയാടിസ്ഥാനത്തിൽ സർവ്വകലാശാലകൾ സ്ഥാപിക്കുന്നത് ഉചിതമാണോ എന്ന സന്ദേഹം പല കോണുകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. സർവ്വകലാശാലയെക്കുറിച്ചുള്ള സങ്കൽപം തന്നെ അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ് എന്ന് ഓർക്കേണ്ടതുണ്ട്. ഒറ്റയ്ക്കൊറ്റയ്ക്കുള്ള സ്ഥാപനങ്ങൾപോലും സർവ്വകലാശാല പദവിയിലേക്ക് ഉയർത്തുകയാണ് ഇന്നത്തെ രീതി. നിലവിലുള്ള സർവ്വകലാശാലാ സംവിധാനങ്ങളിലെ ദുർമ്മേദസ്സ് അതേപടി പകർത്തില്ല എന്നുറപ്പുവരുത്തിയാൽ പുതിയ സർവ്വകലാശാക്കുള്ള അധികച്ചെലവ് കുറയ്ക്കാൻ കഴിയും. കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസ ഗവേഷണ രംഗത്തെ നിലവാരം ഉയർത്തേണ്ടതിന്റെയും പുതിയ മേഖലകളിലേക്ക് നീങ്ങേണ്ടതിന്റെയും പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് മെഡിക്കൽ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കണം. ഇതിനായി 3 കോടി രൂപ അധികമായി വകയിരുത്തുന്നു. മെഡിക്കൽ കോളേജുകളിൽ അദ്ധ്യാപകരുടെ കുറവ് രൂക്ഷമായ പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിന് സമഗ്രമായ ഒരു പാക്കേജ് പരിഗണനയിലുണ്ട്. കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ പി.ജി പഠനത്തോടൊപ്പം റസിഡൻസി സിസ്റ്റം നടപ്പാക്കാനുദ്ദേ ശിക്കുന്നു. കൂടാതെ സർക്കാർ മെഡിക്കൽ കോളേജുകളിൽ മൊത്തത്തിൽ, മെഡിക്കൽ കൗൺസിൽ മാനദണ്ഡങ്ങൾ അനുസരിച്ച് അനിവാര്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതാണ്.

## ആയുഷ് – മറ്റ് വൈദ്യശാഖകൾ

51. കേരളം ആയുർവേദത്തിന്റെ നാടാണ്. മെഡിക്കൽ ടൂറിസം ഈ മേഖലയ്ക്ക് ഒരു പുതിയ ഉണർവ് നൽകിയിട്ടുണ്ട്. എന്നാൽ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ അടിയന്തിരമായി നടപടികൾ കൈക്കൊണ്ടില്ലെങ്കിൽ വാണിജ്യവൽക്കരണം ഈ മേഖലയെ വിനാശത്തിലേക്ക് നയിച്ചേക്കും. ആയുഷ് മേഖലകളുടെ സമഗ്രവികസനത്തിനുള്ള നിർദ്ദേശങ്ങൾക്ക് രൂപം നൽകാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതാണ്. ആയുർവേദ കോളേജുകൾക്കുവേണ്ടി 2.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ

ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനും നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്താനും 65 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

52. ആലപ്പുഴയിലെ ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിയുടെ വിപുലീകരണത്തിനാവശ്യമായ സ്ഥലം വാങ്ങുന്നതിന് അധികമായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സിദ്ധ, യുനാനി, നാച്ചുറോപ്പതി, ഹോളിസ്റ്റിക് മെഡിസിൻ തുടങ്ങിയവയുടെ വിപുലീകരണത്തിനുവേണ്ടി 8 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അധികമായി 50 ലക്ഷം രൂപ കൂടി വകയിരുത്തുന്നു.

## പൊതുവിതരണം

53. വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിൽ പൊതുവിതരണത്തിന്റെ പ്രാധാന്യം പറയേണ്ടതില്ലല്ലോ. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ സർവ്വേ പൂർത്തിയാക്കി പുതിയ റേഷൻ കാർഡുകൾ തയ്യാറാക്കുന്നതിന്റെ പ്രവർത്തനം പുരോഗമിച്ചുവരികയാണ്. ന്യായവിലയ്ക്ക് ഉപഭോഗ വസ്തുക്കൾ ലഭ്യമാക്കുന്ന മാവേലി സ്റ്റോറുകളുടെയും കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിലുള്ള നീതി സ്റ്റോറുകളുടെയും പ്രസക്തി ഏറിവരികയാണ്. താരതമ്യേന കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു സംഭരണ വിതരണ സപ്ളൈ വിഭാഗം ഇന്ന് സപ്ളൈകോയിലുണ്ട്. ലാഭേഛയില്ലാതെ നടത്തുന്ന ഈ മാർക്കറ്റ് ഇടപെടൽ ഫലപ്രദമാക്കുന്നതിന് സർക്കാരിന്റെ ധനസഹായം കൂടിയേ തീരൂ. സിവിൽ സപ്ളൈസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡിനും മാർക്കറ്റ് ഓപ്പറേഷന്റെ ഫലമായി ഉണ്ടാകുന്ന നഷ്ടം പൂർണ്ണമായും നികത്തിക്കൊടുക്കുന്നതാണ്.

## കുടിവെള്ളം

54. ജീവതശൈലിയിൽ വന്ന മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ പൈപ്പു വഴിയുള്ള കുടിവെള്ളത്തിന് ആവശ്യക്കാർ വർദ്ധിച്ചിരിക്കുകയാണ്. പാരിസ്ഥിതിക തകർച്ചയും കുടിവെള്ളക്ഷാമത്തിന് ആക്കം കൂട്ടുന്നു. നിലവിലുള്ള സ്കീമുകളുടെ പുനരുദ്ധാരണത്തിനായി 3 കോടി രൂപ വകയിരുത്തിയിരിക്കുന്നു. കേന്ദ്രസർക്കാരിന്റേയും എൽ.ഐ.സി, ഹഡ്കോ എന്നിവയുടേയും സഹായത്താലുള്ള സ്കീമുകളുടെ സംസ്ഥാന മാച്ചിംഗ് ഗ്രാന്റായി 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

55. ജപ്പാൻ ബാങ്കിന്റെ ധനസഹായത്തോടെ മീനാട്, ചേർത്തല, പട്ടുവം, കോഴിക്കോട്, തിരുവനന്തപുരം എന്നീ പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന

ശുദ്ധജല വിതരണ പദ്ധതിയാണ് ഇന്ന് വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഏറ്റവും വലിയ പദ്ധതി. പല കാരണങ്ങൾകൊണ്ടും പദ്ധതി പ്രവർത്തനം ഇതുവരെ ഇഴഞ്ഞു നീങ്ങുകയായിരുന്നു. ഈ സഭയിൽ തന്നെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഒട്ടേറെ വിവാദങ്ങൾ ഉണ്ടായി. എത്രയും പെട്ടെന്ന് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ജപ്പാൻ കുടിവെള്ളപദ്ധതിക്കായി 2007-08 ൽ ചെലവഴിക്കാൻ **800** കോടി രൂപ നീക്കിവെച്ചിരിക്കുന്നു.

**56.** ലോകബാങ്ക് സഹായത്തോടെയുള്ള ശുദ്ധജല-ശുചിത്വ പ്രോജക്ടാണ് മറ്റൊരു പ്രധാന പദ്ധതി. ഏറ്റെടുത്ത ശുദ്ധജല പ്രവൃത്തികളുടെ പൂർത്തീകരണത്തിന് **35** കോടി രൂപയാണ് ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. സുനാമി ഫണ്ട് ഉപയോഗപ്പെടുത്തി **39** കോടി രൂപ ചെലവിൽ ആലപ്പാട് മേഖലയിലും ആറാട്ടുപുഴ മേഖലയിലും രണ്ട് ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കും. നബാർഡിന്റെ സഹായത്തോടെ **5** കോടി രൂപയുടെ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കും.

**57.** ആലപ്പുഴ പട്ടണത്തിലേയും പ്രാന്തപ്രദേശങ്ങളിലേയും ശുദ്ധജല വിതരണം അതീവ ഗൗരവമായ പ്രതിസന്ധിയിലാണ്. ഹഡ്കോ പദ്ധതിയുടെ പേരിൽ അറിയപ്പെടുന്ന സ്കീം നടപ്പാക്കുന്നതിനുള്ള കാലതാമസത്തിനെതിരെ കോടതി വിധിയുമുണ്ടായിട്ടുണ്ട്. ഇടത്തരം ചെറുകിട പട്ടണ വികസന സ്കീമുമായി ബന്ധപ്പെടുത്തി ഈ പ്രോജക്ട് നടപ്പാക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി **10** കോടി രൂപ നൽകുന്നു. ആലപ്പുഴ മുനിസിപ്പാലിറ്റിയുടെ വിഹിതവും ഗുണഭോക്തൃ പഞ്ചായത്തുകളുടെ പദ്ധതിയിൽനിന്നുള്ള വിഹിതവും ഈ സ്കീമിനായി ഉണ്ടായിരിക്കും. ചീക്കോട് കുടിവെള്ള പദ്ധതിക്ക് 1 കോടി രൂപ വകയിരുത്തുന്നു.

## ശുചിത്വം

**58.** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ ശുചിത്വ മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളായ സമ്പൂർണ്ണ ശുചിത്വ മിഷനും ക്ലീൻ കേരള മിഷനും ഏകോപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് സമ്പൂർണ്ണ ശുചിത്വ പരിപാടി നടപ്പാക്കുക. ദൂരദർശൻ മുഖ്യ പ്രചരണ ഏജൻസിയായി നൂതനമായ ഒരു കാമ്പയിൻ മാതൃക ശുചിത്വ പ്രവർത്തനങ്ങൾക്കായി ആവിഷ്ക്കരിക്കുന്നതാണ്. താൽപര്യമുള്ള മറ്റു

മാധ്യമങ്ങൾക്കും ഈ കാമ്പയിനിന്റെ സ്പോൺസേഴ്സായി പങ്കാളികളാകാം. ശുചിത്വ പരിപാടികൾക്കായി കേന്ദ്ര സഹായം ഉൾപ്പെടെ മൊത്തം ഏതാണ്ട് 14 കോടി രൂപയാണ് ചെലവഴിക്കുന്നത്.

59. നഗരപ്രദേശങ്ങളിൽ മാലിന്യം വേർപെടുത്തി ശേഖരിക്കുന്നതിനായി അയൽക്കൂട്ട സംവിധാനത്തെ ഉപയോഗപ്പെടുത്തുകയും കമ്പോസ്റ്റിംഗ്, അനെയ്റോബിക് ഡീകമ്പോസിഷൻ, പെല്ലറ്റൈസേഷൻ തുടങ്ങി വ്യത്യസ്ത സാങ്കേതിക വിദ്യകൾ, മാലിന്യത്തിന്റെ അളവും ശേഖരിക്കുന്നതിനുള്ള സൗകര്യവും കണക്കിലെടുത്ത് അവലംബിക്കുകയാണ് വേണ്ടത്. ആരാദ്ധ്യനായ രാഷ്ട്രപതി നിർദ്ദേശിച്ച പെല്ലറ്റൈസേഷൻ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഊർജ്ജ ഉൽപാദനം പരീക്ഷിക്കാൻ തലശ്ശേരി നഗരസഭയിൽ ഒരു പ്ളാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള സംസ്ഥാന വിഹിതമായി 1 കോടി രൂപ ബജറ്റിൽ ഉൾപ്പെടുത്തുന്നു.

## ഭവന നിർമ്മാണം

60. എല്ലാവർക്കും വീടെന്നുള്ളത് കേരളത്തിൽ വിളിപ്പാടകലെയുള്ള ലക്ഷ്യമായി മാറിയിരിക്കുന്നു. ജനസംഖ്യാ പരിണാമത്തിന്റെ ഇന്നത്തെ ഘട്ടത്തിൽ ഇത് പ്രായോഗികമാണ്. ഇ.എം.എസ് പാർപ്പിട പദ്ധതി എന്ന വിപുലമായ ഒരു സ്കീം ആവിഷ്ക്കരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായിരിക്കും ഇതിൽ മുഖ്യ പങ്കു വഹിക്കുക. എല്ലാ ഏജൻസികളുടെയും പ്രവർത്തനം ഇക്കാര്യത്തിൽ ഏകോപിപ്പിക്കേണ്ടതുണ്ട്. പാർപ്പിട നിർമ്മാണ രംഗത്തെ സർക്കാരിന്റെ മുഖ്യ ഏജൻസി സംസ്ഥാന ഹൗസിംഗ് ബോർഡാണ്. എന്നാൽ മുൻകാലത്ത് പാർപ്പിട നിർമ്മാണ നടത്തിപ്പിലെ താളപ്പിഴകൾ മൂലം അഴിക്കാനാകാത്ത സാമ്പത്തിക കുരുക്കുകൾ ഈ സ്ഥാപനത്തെ വലച്ചിരിക്കുകയാണ്. ഈ കുരുക്കുകൾ അഴിക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടരുന്നതിനോടൊപ്പം കുടിശ്ശിക പിരിക്കുന്നതിനും വാണിജ്യാടിസ്ഥാനത്തിൽ തുടങ്ങിയിട്ടുള്ള റവന്യൂ ടവറുകൾ പോലുള്ള നിർമ്മാണ പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## സ്കൂൾ വിദ്യാഭ്യാസം

61. പൊതു സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സമഗ്രമായ പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

പ്രാഥമിക വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങളുടെ മുഖ്യ സ്രോതസ്സ് സർവ്വശിക്ഷാ അഭിയാനിൽ നിന്നുള്ള പണമാണ്. **200** കോടി രൂപയാണ് ഈ ഇനത്തിൽ 2007–08 –ൽ പ്രതീക്ഷിക്കുന്നത്.

**62.** എസ്.എസ്.എ. യുമായി ബന്ധപ്പെടുത്തി ഒരു പുതിയ സ്കീം നടപ്പിലാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. പ്രാദേശിക സ്കൂൾ കോംപ്ളക്സിന് 5 ലക്ഷം രൂപവരെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കും. ഏതെങ്കിലും ഹൈസ്കൂൾ അല്ലെങ്കിൽ ഹയർ സെക്കണ്ടറി സ്കൂളുമായി ബന്ധപ്പെടുത്തിവേണം കോംപ്ളക്സുകൾക്ക് രൂപം നൽകാൻ. ഹൈസ്കൂൾ മേഖലയിലേയ്ക്കു കൂടി ആവശ്യമുള്ള കുട്ടികൾക്ക് സൗജന്യ ഉച്ചഭക്ഷണ പരിപാടി വ്യാപിപ്പിക്കുന്നതിനുവേണ്ടി **10** കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**63.** ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾക്കായി **43** കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ **25** കോടി രൂപ എല്ലാ ഗവൺമെന്റ് സ്കൂളുകളിലും മിനിമം നിലവാരം പുലർത്തുന്ന ലബോറട്ടറികളും ലൈബ്രറികളും സ്ഥാപിക്കുന്നതിനുവേണ്ടിയിട്ടാണ്. ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് **15** കോടി രൂപ ആർ.ഐ.ഡി.എഫിൽനിന്ന് ലഭ്യമാക്കുന്നതാണ്. ഹയർസെക്കണ്ടറി സ്കൂളുകളിലും ഹൈസ്കൂളുകളിലും ആവശ്യമായ കമ്പ്യൂട്ടറുകളും എഡ്യുസാറ്റ് ലിങ്കേജും ഉറപ്പുവരുത്തുന്നതിനുള്ള മുൻഗണന ബഹുമാന്യരായ എം.എൽ.എമാർകൂടി നൽകിയാൽ ഹൈസ്കൂൾ, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളുടെ സൗകര്യങ്ങളിൽ ഒരെടുത്തുചാട്ടംതന്നെ സൃഷ്ടിക്കാനാകും.

**64.** വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളാണ് പുതുതായി ആരംഭിക്കുന്ന സ്കീം. 5000 ഹയർസെക്കണ്ടറി സ്കൂൾ കുട്ടികൾക്ക് 10,000/– രൂപ പ്രതിവർഷം സ്കോളർഷിപ്പ് നൽകുന്നതിന് **5** കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഡിഗ്രി–പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികൾക്ക് പ്രതിവർഷം 20,000/– രൂപവീതം നൽകുന്നതിന് മറ്റൊരു **5** കോടി രൂപയും വകയിരുത്തിയിരിക്കുന്നു. ഗവേഷണ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനായി **60** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**65.** ഡിജിറ്റൽ ഡിവൈഡിന്റെയും ഇംഗ്ലീഷ് ഡിവൈഡിന്റെയും പരിമിതികൾ മുറിച്ചുകടക്കുന്നതിനായി എൻ.സി.ഇ.ആർ.റ്റി. യുടേയും ഹൈദ്രാബാദിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ് സിസ്റ്റത്തിന്റേയും സഹായത്തോടെ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ

നിലവാരം മെച്ചപ്പെടുത്താൻ ഒരു മിഷൻ സംവിധാനത്തിന് രൂപം നൽകുന്നതാണ്.

**66.** നാം കൈവരിച്ച സമ്പൂർണ്ണ സാക്ഷരതയുടെ നേട്ടങ്ങൾ പൂർണ്ണമായി വിനിയോഗിക്കുന്നതിന് ഉതകും വിധം അനൗപചാരിക വിദ്യാഭ്യാസ പരിപാടി പുനസംഘടിപ്പിക്കുന്നതിന് സർക്കാർ മുൻകൈ എടുക്കും.

## ഉന്നതവിദ്യാഭ്യാസം

**67.** കേരള, കോഴിക്കോട്, മഹാത്മാഗാന്ധി, സംസ്കൃതം, കണ്ണൂർ സർവ്വകലാശാലകൾക്കായി പദ്ധതി, പദ്ധതിയേതര ഇനത്തിൽ **163** കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഡിപ്പാർട്ട്മെന്റുകളിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ അടിയന്തിരമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കും. അഫിലിയേറ്റഡ് കോളജുകളിലെ അദ്ധ്യാപകരുടെ പ്രശ്നം കുഴഞ്ഞുമറിഞ്ഞു കിടക്കുകയാണ്. ഇവ ആകെ പരിശോധിച്ച് ഘട്ടംഘട്ടമായി പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

**68.** കോട്ടയം, കാസർഗോഡ്, കൽപ്പറ്റ, മൂന്നാർ, കൊഴിഞ്ഞാമ്പാറ, നെടുമങ്ങാട്, ആറ്റിങ്ങൽ എന്നിവിടങ്ങളിൽ കോളജ് ഹോസ്റ്റൽ കെട്ടിടങ്ങൾക്കായി മൊത്തം **1.25** കോടി രൂപ വകയിരുത്തുന്നു. കോളജുകളിലെ ലൈബ്രറികൾക്കും ലബോറട്ടറികൾക്കും **60** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഹെറിറ്റേജ് കോളജുകളുടെ പട്ടികയിൽപ്പെടുത്താവുന്ന എറണാകുളം മഹാരാജാസ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ്, പാലക്കാട് വിക്ടോറിയ, തലശ്ശേരി ബ്രണ്ണൻ എന്നീ കോളജുകളിലെ പൈതൃക സംരക്ഷണത്തിനായി **2** കോടി രൂപ അധികമായി വകയിരുത്തുകയാണ്. പഴയ കൊച്ചി നിയമസഭാ മന്ദിരമായിരുന്ന എറണാകുളം ലോ കോളജ് അതിന്റെ തനിമയിൽ നിലനിർത്തുന്നതിന് ഇതിൽനിന്ന് പണം ഉപയോഗപ്പെടുത്തും. പരീക്ഷണാടിസ്ഥാനത്തിൽ മഹാരാജാസ് കോളേജ് കേന്ദ്രീകരിച്ച് വിദ്യാഭ്യാസ ക്ളസ്റ്റർ ആരംഭിക്കുന്നതിന് **1** കോടി രൂപ വകയിരുത്തുന്നു.

**69.** ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതുതായി നടപ്പാക്കുന്ന ഒരു പരിഷ്ക്കാരമാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ. യൂണിവേഴ്സിറ്റികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ മേഖലയിൽ അവശ്യം വേണ്ടുന്ന പരിഷ്ക്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും പഠനഗവേഷണ പ്രവർത്തനങ്ങളെ തുടർച്ചയായി അവലോകനം ചെയ്യുന്നതിനും ഈ

സംവിധാനം പ്രയോജനപ്പെടും. കൗൺസിലിന്റെ കീഴിൽ 1.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**സാങ്കേതിക വിദ്യാഭ്യാസം**

70. കൊച്ചി സർവ്വകലാശാലയ്ക്ക് 20.86 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ, കോട്ടയം എഞ്ചിനിയറിംഗ് കോളജുകൾക്കും ഐ.എച്ച്.ആർ.ഡി..ക്കുമായി മൊത്തം 34 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മറ്റൊരു 2 കോടി രൂപ പുതുതായി ആരംഭിച്ച എഞ്ചിനിയറിംഗ് കോളജുകൾക്കായി നീക്കിവെച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനുവേണ്ടി ലോകബാങ്ക് സഹായത്തോടുകൂടിയുള്ള പദ്ധതിയുടെ ഭാഗമായി 15 കോടി രൂപ ചെലവഴിക്കുന്നുണ്ട്. പോളിടെക്നിക്കുകൾക്ക് 3.25 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മേപ്പാടിയിലുള്ള പോളിടെക്നിക്കിന്റെ കെട്ടിട നിർമ്മാണത്തിന് 25 ലക്ഷം രൂപ വകയിരുത്തുന്നു. കണ്ണൂർ എഞ്ചിനിയറിംഗ് കോളേജിനോട് ബന്ധപ്പെട്ട് ഒരു കമ്മ്യൂണിറ്റി ഓഡിറ്റോറിയം പണിയുന്നതിന് 25 ലക്ഷം രൂപ വകയിരുത്തുന്നു.

**ഉന്നത ഗവേഷണ സ്ഥാപനങ്ങൾ**

71. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് 2.25 കോടി രൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കൗൺസിലിന് 1.25 കോടി രൂപയും കൗൺസിലിന്റെ ആഭിമുഖ്യത്തിലുള്ള ശാസ്ത്രപോഷണ പ്രചാരണ പ്രവർത്തനങ്ങൾക്ക് 8.68 കോടി രൂപയും കൗൺസിലിനു കീഴിലുള്ള ശാസ്ത്ര സ്ഥാപനങ്ങൾക്ക് 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ആർ.സി.സിക്ക് 9.5 കോടി രൂപയും മലബാർ കാൻസർ സെന്ററിന് 5 കോടി രൂപയും മലിനീകരണ നിയന്ത്രണ ബോർഡിന് 1.7 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. രാജീവ്ഗാന്ധി ബയോടെക്നോളജി സെന്റർ ദേശീയ ഗവേഷണ സ്ഥാപനമായി അംഗീകാരം നേടുന്നത് കേരളത്തിലെ ബയോടെക്നോളജി സാധ്യതകൾക്ക് ഒരു പുതിയ മാനം നൽകുമെന്ന് കണക്കാക്കുന്നു.

**<u>കലയും സംസ്കാരവും</u>**

72. വിവിധ അക്കാദമിക്കൾക്കായി 1.12 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് ഒരുകോടി രൂപ ഗ്രാന്റായി നൽകുന്നതാണ്. കൽപ്പിത സർവ്വകലാശാലയായി അംഗീകരിക്കപ്പെട്ട

കലാമണ്ഡലത്തിന് 1 കോടി രൂപ ഈ വർഷം നൽകുന്നതാണ്. എസ്.എൽ പുരം ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ വർഷംതോറും നൽകുന്ന നാടകരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള അവാർഡിന് 20 ലക്ഷം രൂപ കോർപ്പസ് ഫണ്ടായി സംഗീത നാടക അക്കാദമിക്ക് അനുവദിക്കുകയാണ്. എൻ.കൃഷ്ണപിള്ള ഫൗണ്ടേഷന് 10 ലക്ഷം രൂപ അനുവദിക്കുകയാണ്. കവി പി.ഭാസ്കരന് സ്മാരകമായി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ കോളജിൽ ഓഡിറ്റോറിയം പണിയുന്നതിന് 25 ലക്ഷം രൂപ വകയിരുത്തുന്നു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, എൻസൈക്ളോപീഡിയ ഇൻസ്റ്റിറ്റ്യൂട്ട്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയ്ക്ക് 1 കോടി രൂപ അനുവദിക്കുന്നു. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസേർച്ച്, ആർക്കിയോളജി വകുപ്പ്, കേരള സംസ്ഥാന ആർക്കൈവ്സ്, മ്യൂസിയംസ് ആന്റ് സൂസ് എന്നിവക്കെല്ലാമായി 176 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. കുടുംബശ്രീക്കും സ്കൂൾ ലൈബ്രറികൾക്കുമായ പ്രത്യേക പുസ്തക പരമ്പരയ്ക്ക് തുടക്കം കുറിക്കാൻ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് 25 ലക്ഷം രൂപ അനുവദിക്കുന്നു. ഈ വർഷം വൈക്കം മുഹമ്മദ് ബഷീറിന്റെ നൂറാം ജന്മ വാർഷികമാണ്. അദ്ദേഹത്തിന്റെ നാമധേയത്തിൽ കോഴിക്കോട് സർവ്വകലാശാലയിലെ മലയാളം വകുപ്പിന് കീഴിൽ ഒരു ചെയർ സ്ഥാപിക്കുന്നതിന് കോർപ്പസ് ഫണ്ടായി 25 ലക്ഷം രൂപ അനുവദിക്കുന്നു. ഏറനാടൻ സംസ്ക്കാരത്തിന്റെയും സാമുദായിക മൈത്രിയുടെയും പ്രതീകമായ തിരൂർ തുഞ്ചൻ സ്മാരകത്തിന് 20 ലക്ഷം രൂപ ഗ്രാന്റായി അനുവദിക്കുന്നു. പത്ര പ്രവർത്തകർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ചെലവിലേക്ക് 10 ലക്ഷം രൂപ ഈ വർഷവും നൽകുന്നതാണ്. പ്രസ് അക്കാദമിക്ക് പ്രത്യേക ഒറ്റത്തവണ ഗ്രാന്റായി 20 ലക്ഷവും തിരുവനന്തപുരം പ്രസ്ക്ളബ് നടത്തുന്ന ജേർണലിസം കോഴ്സിന് 10 ലക്ഷവും അനുവദിക്കുന്നു. ശിവഗിരിയിൽ തീർത്ഥാടന ക്യാമ്പ് സൈറ്റ് നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ അനുവദിക്കുന്നു. പന്മന ആശ്രമത്തിന്റെ വികസന പ്രവർത്തനത്തിനായി 15 ലക്ഷം രൂപ അനുവദിക്കുന്നു. മഞ്ചേശ്വരം ഗോവിന്ദപൈ കോളേജ് ആസ്ഥാനമാക്കി ഒരു തുളു അക്കാഡമി സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപ വകയിരുത്തുന്നു.

73. തിരുവനന്തപുരം ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ദേശീയ ശ്രദ്ധ പിടിച്ചുപറ്റിക്കഴിഞ്ഞു. ഒരു സ്ഥിരം ഫിലിം ഫെസ്റ്റിവൽ കേന്ദ്രം സ്ഥാപിക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപ അനുവദിക്കുന്നു. ഷോർട്ട് ഫീച്ചർ ഡോക്യുമെന്ററി ഫെസ്റ്റിവലിന്റെ സംഘാടനത്തിനായി 5 ലക്ഷം രൂപ അനുവദിക്കുന്നു. കേരളപ്പിറവി വാർഷികത്തിന്റെ സമാപനവുമായി ബന്ധപ്പെട്ട അന്തർദ്ദേശീയ വിദ്യാഭ്യാസ കോൺഗ്രസിന്റെ സംഘാടന ചെലവിലേയ്ക്കായി 10 ലക്ഷം രൂപ അനുവദിക്കുന്നു.

## സ്പോർട്സ്

74. സ്പോർട്സ് സൗകര്യങ്ങളിൽ ഒരെടുത്തുചാട്ടം സൃഷ്ടിക്കുന്നതിനു വേണ്ടിയാണ് സ്പോർട്സ് ലോട്ടറി ആവിഷ്കരിച്ചത്. പ്രതീക്ഷക്കനുസരിച്ച് അത് വിജയിപ്പിക്കാനായില്ല. എന്നാൽ 2010 ലെ നാഷണൽ ഗെയിംസ് കേരളത്തിൽ വെച്ച് നടത്തുക എന്ന ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നാം സജീവമായി മുന്നോട്ടുകൊണ്ടുപോകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. സ്പോർട്സ് കൗൺസിലിനുവേണ്ടി 3 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിനുപുറമേ നിർമ്മാണത്തിലിരിക്കുന്ന സ്പോർട്സ് സെന്ററുകളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും പുതിയ സൗകര്യങ്ങളുടെ പ്രവർത്തനത്തിന് തുടക്കം കുറിക്കുന്നതിനും വേണ്ടി 10 കോടി രൂപ അധികമായി അനുവദിക്കുകയാണ്. കഴിഞ്ഞവർഷം നൽകിയതു പോലെ **ഉഷ സ്കൂൾ ഓഫ് സ്പോർട്സിന്** സിന്തറ്റിക്ക് ട്രാക്ക് നിർമ്മാണത്തിന് ഈ വർഷവും 25 ലക്ഷം രൂപ ഈ തുകയിൽനിന്ന് നൽകുന്നതാണ്. കേരള സ്റ്റേറ്റ് യൂത്ത്‌വെൽഫയർ ബോർഡിന് 1.24 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ സന്നദ്ധപ്രവർത്തനത്തിൽ യുവജനസാമൂഹ്യ ഫോറങ്ങൾ രൂപീകരിക്കുന്നതിന് 50 ലക്ഷം രൂപ പ്രത്യേകം വകയിരുത്തുന്നു.

## തൊഴിലും തൊഴിലാളി ക്ഷേമവും

75. നമ്മുടെ സാമൂഹ്യ സുരക്ഷാ പദ്ധതികളെ സമഗ്രമായി അവലോകനം ചെയ്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതാണ്. പതിനൊന്നാം പദ്ധതിയിൽ ഈ മേഖലയ്ക്കായി 50 കോടി രൂപയാണ് നീക്കിവെച്ചിട്ടുള്ളത്. ഈ വർഷം 6 കോടി രൂപ വകയിരുത്തുന്നു. കർഷകത്തൊഴിലാളി പെൻഷൻ നല്കുന്നതിനും കുടിശ്ശിക മുഴുവനായും കൊടുത്തു തീർക്കുന്നതിനും 162 കോടി രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. കയർത്തൊഴിലാളി ക്ഷേമനിധിക്കായി 6 കോടിയും മറ്റ് ക്ഷേമനിധികൾക്ക് മറ്റൊരു 6 കോടിയുമാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക മാത്രം 75 കോടി രൂപയാണ്. ഈ പശ്ചാത്തലത്തിൽ പെൻഷനുകൾ ഗണ്യമായി ഉയർത്തുക പ്രായോഗികമല്ല. എന്നാൽ തൊഴിലാളികളിൽനിന്നുള്ള നിവേദനങ്ങൾ കണക്കിലെടുത്ത് പ്രതിമാസം 10 രൂപ വീതം വർദ്ധിപ്പിക്കും. കർഷകതൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനത്തിന് പ്രത്യേകമായി 3 കോടി രൂപ വകയിരുത്തുകയാണ്.

76. ഐ.ടി.ഐ. യിലെ കോഴ്സുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും പുതിയ ഐ.ടി.ഐ. കൾ ആരംഭിക്കുന്നതിനും മറ്റുമായി 2.2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 13 ഐ.ടി.ഐ.കളെ സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റുന്നതിന് കേന്ദ്ര സഹായമടക്കം 4 കോടി രൂപ ചെലവഴിക്കുന്നതാണ്. വിവിധ തൊഴിലുകളിൽ വൈദഗ്ധ്യമുള്ള തൊഴിലില്ലാത്തവരെ ചെറു സംഘങ്ങളായി സംഘടിപ്പിച്ച് സ്വയംതൊഴിൽ ക്ളബ്ബുകളായി രൂപീകരിക്കുന്ന തിനുള്ള ഒരു പുതിയ പരിപാടി ഈ വർഷം നടപ്പിലാക്കും. ആദ്യ ഗഡുവായി ഇതിന് ഒരു കോടി രൂപ വകയിരുത്തുന്നു. ഫിനിഷിംഗ് സ്കൂൾ ആരംഭിക്കുന്നതിനു വേണ്ടി മൂന്ന് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## അവഗണിക്കപ്പെട്ടവർ മുഖ്യധാരയിലേയ്ക്ക്

### പട്ടികജാതി/പട്ടികവർഗ്ഗം

77. പട്ടികജാതിക്കാർ സാമൂഹ്യക്ഷേമ നിലയിൽ ഇന്ന് പൊതുവിഭാഗങ്ങ ളിൽനിന്ന് പിന്നോക്കം നിൽക്കുന്നുവെങ്കിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുന്നിലാണ്. എന്നാൽ സാമ്പത്തിക-തൊഴിൽ നിലവെച്ചു നോക്കുമ്പോൾ മറ്റു സംസ്ഥാനങ്ങളിൽനിന്നും സ്ഥിതി വ്യത്യസ്തമല്ലെന്നു കാണാം. പട്ടികജാതി ഘടക പദ്ധതി ഫലപ്രദമായി വിനിയോഗിക്കാനായാൽ ഈ നിലയിൽ വലിയ മാറ്റം വരുത്താനാകും. ഇതിനുള്ള മുഖ്യ ഗോവണിയായി വിദ്യാഭ്യാസത്തെയാണ് കാണുന്നത്. ഈ വർഷം വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങൾക്ക് 30 കോടി രൂപയാണ് പദ്ധതിയിൽ ചെലവഴിക്കുന്നത്. ഹോസ്റ്റൽ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾക്കും മുൻഗണന നൽകിയിട്ടുണ്ട്. സ്വാശ്രയ കോളജിലെ വിദ്യാർത്ഥികൾക്കുവേണ്ടി 7.5 കോടി രൂപയാണ് നീക്കിവെച്ചിട്ടുള്ളത്. കോഴിക്കോട്ടെ സെന്റർ ഫോർ എക്സലൻസിന് സ്വന്തം സ്ഥാപന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ഒരുകോടി രൂപ അനുവദിച്ചിട്ടുണ്ട്. തൊഴിൽദാന പരിപാടികൾക്ക് ഈ വർഷം കൂടുതൽ പ്രാധാന്യം നൽകിയി ട്ടുണ്ട്. ഈ വർഷത്തെ എസ്.സി. കോർപ്പസ് ഫണ്ട് 68 കോടി രൂപയാണ്.

78. പട്ടിക വർഗ്ഗക്കാർക്കുള്ള ഉപപദ്ധതിയിലും മുൻഗണന വിദ്യാഭ്യാസത്തിനു തന്നെയാണ്. 15 കോടി രൂപയാണ് ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ളത്. റസിഡൻഷ്യൽസ്കൂൾ പദ്ധതി വലിയ വിജയമാണെ ന്നുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ 11 കോടി രൂപ ഇതിനായി മാത്രം അനുവദിച്ചിട്ടുണ്ട്. പ്രത്യേക ഘടകപദ്ധതിയുടെ 66 ശതമാനവും

ഉപപദ്ധതിയുടെ 50 ശതമാനം തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരിക്കുകയാണ്. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും തങ്ങൾക്ക്വേണ്ടതെന്തെന്ന് തീരുമാനിക്കുന്നതിനും കൂടുതൽ ഫലപ്രദമായി താഴെതട്ടിലാണ് ഇടപെടാൻ കഴിയുക എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ധന പുനർവിന്യാസം നടത്തിയിട്ടുള്ളത്. എന്നാൽ ഒട്ടേറെ അപാകതകൾ ഈ ഫണ്ട് വിനിയോഗത്തിൽ ചൂണ്ടിക്കാണിക്കാൻ കഴിയും. കർശനമായ മേൽനോട്ടത്തിനും റിവ്യൂവിനും പുറമെ ആസൂത്രണ നിർവഹണ പ്രക്രിയയിൽ പട്ടിക വിഭാഗങ്ങളുടെ സജീവമായ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടേ ഈ പ്രശ്നത്തെ പരിഹരിക്കാനാകൂ. ഇതിനാവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതാണ്.

**79.** കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന് **3.4** കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പിന്നോക്ക സമുദായ വികസന കോർപ്പറേഷന് ഓഹരി മൂലധനമായി **4.4** കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇതിനു പുറമെ ആർ.വൈ.ഡി.എഫ് പണവും കോർപ്പറേഷന് ലഭ്യമാക്കും.

## വനിതാ വികസനം

**80.** സാമൂഹ്യ ക്ഷേമ വകുപ്പിന്റെ പേര് "സാമൂഹ്യക്ഷേമ വനിതാ വികസന വകുപ്പ്" എന്നാക്കി മാറ്റുകയാണ്. വകുപ്പിന് കീഴിൽ ഒരു ജൻഡർ ഉപദേശക സമിതി രൂപീകരിക്കുകയും ഒരു കൺസൾട്ടന്റിനെ മുഴുവൻ സമയ കോർഡിനേറ്ററായി നിയമിക്കുകയും ചെയ്യും. ഇതിനായി **25** ലക്ഷം രൂപ വകയിരുത്തുന്നു. രണ്ട് പ്രധാനപ്പെട്ട വനിതാ ശാക്തീകരണ പരിപാടികൾ ഈ വർഷം ആരംഭിക്കുകയാണ്. ഗാർഹിക പീഡന നിയമവുമായി ബന്ധപ്പെട്ടിട്ടുള്ള വിപുലമായ പ്രവർത്തനമാണ് ഇതിൽ ഒന്നാമത്തേത് ജെൻഡർ ബോധവൽക്കരണത്തിന് **5** കോടി രൂപ അടങ്കലുള്ള ഒരു ബൃഹദ് സ്കീമിന് രുപം നൽകിയിട്ടുണ്ട്. സ്ത്രീകൾക്കു വേണ്ടിയുള്ള ഫിനിഷിംഗ് സ്കൂളാണ് രണ്ടാമത്തേത്. ഇതിനായി **2** കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വനിതാ കമ്മിഷന് പദ്ധതിയിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ **20** ലക്ഷവും കൂടി അനുവദിക്കുന്നു. വനിതാ വികസന കോർപ്പറേഷന് **1.19** കോടി രൂപ വകയിരുത്തിയിരിക്കുന്നു. സാമൂഹ്യക്ഷേമ ബോർഡിന്റെ നിലവിലുള്ള ബാദ്ധ്യതകൾ തീർക്കാൻ ഒറ്റത്തവണ ഗ്രാന്റായി **20** ലക്ഷം രൂപ അനുവദിക്കുന്നു. തിരുവനന്തപുരത്തെ അഭയയുടെ ഷോർട്ട് സ്റ്റേ ഹോമിന്റേയും ഹോസ്റ്റലിന്റേയും പണിപൂർത്തീകരണത്തിനായി ഒറ്റത്തവണ ഗ്രാന്റെന്ന നിലയിൽ **25** ലക്ഷം രൂപ അനുവദിക്കുന്നു.

**81.** വനിതാ ജനപ്രതിനിധികളുടെ നേതൃത്വം, വനിതാ ഘടകപദ്ധതിയുടെ **154** കോടി രൂപ, കുടുംബശ്രീയിലൂടെയുള്ള അതിബൃഹത്തായ ജനകീയ കൂട്ടായ്മ എന്നിവയുടെ പശ്ചാത്തലത്തിൽ സ്ത്രീ ക്ഷേമ-ശാക്തീകരണ പരിപാടികളിൽ ഏറ്റവും മുന്തിയ സ്ഥാനം ഇന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഈ പ്രവർത്തന മേഖലയിൽ മഹിളാസംഘടനകൾക്കും സ്ത്രീ പദവി പുരോഗതിയിൽ തൽപ്പരരായവർക്കും ഫലപ്രദമായി ഇടപെടുന്നതിനുള്ള വിപുലമായ സാധ്യതകൾ നിലവിലുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ കുടുംബ ശ്രീ ശൃംഖലയെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സ്ത്രീപദവി പഠന പരിപാടി ആവിഷ്കരിക്കുന്നതിന് കുടുംബശ്രീ ഫണ്ടിൽ പ്രത്യേക വിഹിതം മാറ്റിവെക്കുന്നു.

## കുടുംബശ്രീ

**82.** അയൽക്കൂട്ടങ്ങളിലൂടെയുള്ള സംഘാടനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം, ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെ ഉദ്ഗ്രഥനം, പ്രാദേശിക ആസൂത്രണവും ഗ്രാമസഭകളുമായുള്ള ബന്ധത്തിന്റെ സാധ്യതകൾ തുടങ്ങിയ പ്രത്യേകതകൾ കുടുംബശ്രീയെ ഇന്ത്യയിലെ മറ്റ് സ്വയംസഹായ സംഘങ്ങളിൽനിന്ന് വേർതിരിക്കുന്നു. ലഘുസമ്പാദ്യ വായ്പാ പദ്ധതി മെച്ചപ്പെടുത്തുക, തൊഴിൽ സംരംഭങ്ങൾക്ക് വിപണി ഉറപ്പുവരുത്തുക, പഞ്ചായത്തുകളുമായുള്ള ഏകോപനം ശക്തിപ്പെടുത്തുക, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിൽ ഊന്നുക എന്നിവയെല്ലാം ഉൾക്കൊള്ളുന്ന വളരെ വിശദമായിട്ടുള്ള ഒരു കാര്യപരിപാടി കുടുംബശ്രീ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്നടിസ്ഥാനത്തിലുള്ള പരിശീലനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി **26** കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മുൻവർഷങ്ങളിൽ താഴേക്കു നൽകിയ പണത്തിൽ **30** കോടിയിൽപ്പരം രൂപ ജില്ലാതലത്തിൽ ഇപ്പോഴും മിച്ചമാണ്. ഈ വർഷത്തെ പ്രവർത്തന പരിപാടികൾക്ക് കൂടുതൽ പണം ആവശ്യമാണെങ്കിൽ പിന്നീട് അനുവദിക്കുന്നതാണ്.

**83.** കേന്ദ്ര സർക്കാർ പരിഗണിക്കുന്ന പുതിയ മൈക്രോ ഫിനാൻസ് നിയമത്തിലെ നിലപാടുകളോടുള്ള വിയോജിപ്പ് രേഖപ്പെടുത്താൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്. കുടുംബശ്രീ ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യ അധികാര വികേന്ദ്രീകരണത്തിന്റേയും സംയോജിത സമീപനത്തിന്റേയും

സ്വാശ്രയത്വത്തിന്റേയും പാരമ്പര്യം ഈ നിയമം ദുർബലപ്പെടുത്തും. വിശദമായ ചർച്ചകൾക്കുശേഷമേ ഈ നിയമം പാസാക്കുവാൻ പാടുള്ളൂ.

## സാമൂഹ്യക്ഷേമം

84. സാമൂഹ്യക്ഷേമ വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനം അങ്കണവാടികളാണ്. ജീവനക്കാരുടെ ഓണറേറിയവും ഭക്ഷണത്തിന്റെ വിഹിതവും മാത്രമേ കേന്ദ്രസർക്കാർ നൽകുകയുള്ളൂ. അതിനാൽ അങ്കണവാടി നിർമ്മാണത്തിന്റെ പൂർണ്ണ ചുമതല താല്പര്യമുള്ള പഞ്ചായത്തുകൾതന്നെ വഹിക്കേണ്ടി വരും. ഈ വർഷം പൂരകപോഷണ പരിപാടിക്കായി 74.85 കോടി രൂപയാണ് കേന്ദ്രസഹായം ലഭിക്കുക. ശിശുക്ഷേമ സമിതിക്ക് 10 ലക്ഷം രൂപ വകയിരുത്തുന്നു.

85. അംഗവ്യത്യാസമോ ബുദ്ധി വ്യത്യാസമോ (differently abled) ഉള്ളവർക്കായുള്ള സ്കീമിന് 1.30 കോടി രൂപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ സ്കൂളുകൾ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽനിന്നുള്ള വിഹിതമാണ് ഇന്ന് ഈ മേഖലയിൽ ഏറ്റവും ഫലപ്രദമായി വിനിയോഗിക്കുന്നത്. സംസ്ഥാന സർക്കാരിൽനിന്ന് വളരെ ചെറിയ പിന്തുണയേ ഇവർക്ക് ഇന്ന് ലഭ്യമാകുന്നുള്ളൂ. ഈ സ്ഥാപനങ്ങളിലെ കുട്ടികളെ സംരക്ഷിക്കുന്നതിനു വേണ്ടി കാരുണ്യ ഡെപ്പോസിറ്റ് സ്കീം ആരംഭിക്കുകയാണ്. ഈ സ്കീമിൽ ചുരുങ്ങിയത് 1 ലക്ഷം രൂപ ഒരു വർഷത്തേക്ക് ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്യുകയാണെങ്കിൽ അവർ നിർദ്ദേശിക്കുന്ന ഒരു കുട്ടിയുടെ വിദ്യാഭ്യാസവും പരിരക്ഷയും മറ്റും സ്പോൺസർ ചെയ്യുന്നതിനായി ബന്ധപ്പെട്ട സ്ഥാപനത്തിന് പ്രതിവർഷം 15,000 രൂപ സർക്കാർ നൽകും. നിക്ഷേപകന് പലിശ ലഭിക്കുകയില്ല. എന്നാൽ 1 വർഷത്തിന്റെ തവണകളായി എപ്പോൾ വേണമെങ്കിലും നിക്ഷേപം പിൻവലിക്കാം. ഗൾഫിലെയും മറ്റും ദാനശീലരായവർ ഈ സ്കീമിൽ പണം നിക്ഷേപിക്കുമെന്ന് കരുതുകയാണ്. ഇങ്ങനെ സമാഹരിക്കപ്പെടുന്ന നിക്ഷേപത്തിന്റെ അരശതമാനം തുക ഇതു സമാഹരിക്കുന്നതിന് മുൻകൈയെടുത്തു പ്രവർത്തിക്കുന്ന വിദേശ പ്രവാസി സംഘടനകൾക്ക് നൽകുന്നതാണ്. ഈ സ്കീമിന്റെ നടത്തിപ്പുകൾക്കായി 5 കോടി രൂപ വകയിരുത്തുകയാണ്. ഈ തുകയിൽ നിന്ന് ഓരോ ജില്ലയിലും 1 വീതം സ്ഥാപനത്തിന് വാർഷിക ഗ്രാന്റ് നൽകുന്നതിന് ഒരു പുതിയ സ്കീമും ആവിഷ്ക്കരിക്കുന്നതാണ്. ഇതോടൊപ്പം ഓരോ വിദ്യാഭ്യാസ ജില്ലയിലും

കാഴ്ച പ്രശ്നം, കായികമായ പരാധീനതകൾ, മാനസിക പ്രശ്നങ്ങൾ ഇവയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് മൂന്ന് സ്പെഷ്യൽ സ്ക്കൂളുകളെ വീതം ലീഡ് സ്കൂളുകളായി നിശ്ചയിച്ച് ഇവയെ സംസ്ഥാന തലത്തിൽ നിഷ്, എസ്.ഐ–ഡാക്ക് തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ച് 57,000–ത്തോളം വരുന്ന വ്യത്യസ്തതയുള്ള കുട്ടികളുടെ വികാസത്തിന് വ്യക്തിപരമായ ശ്രദ്ധ ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കും. വിദ്യാഭ്യാസ വകുപ്പിൻെറ ക്യു.ഇ.പി.ആർ. പരിപാടിക്കനുവദിച്ചിട്ടുള്ള ഒരു കോടി രൂപ വിനിയോഗിച്ച് വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ ചേർന്നാണ് ഈ നൂതന പരിപാടി നടപ്പാക്കുക.

## പരിസ്ഥിതി

**86.** പരിസ്ഥിതി മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട സ്കീം വെറ്റ് ലാന്റ് പ്രദേശങ്ങളുടെ പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തലാണ്. ഇതിന് 1 കോടി രൂപ വകയിരുത്തിയിരിക്കുന്നു. പെരിയാർ ആക്ഷൻ പ്ളാൻ തയ്യാറാക്കുന്നതിന് 2.4 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

## വനം

**87.** കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിനും പുനർനിർമ്മാണത്തിനും വിപുലമായ പാരിസ്ഥിതിക പ്രാധാന്യമാണുള്ളത്. ഈ മേഖലയിലെ വികസനത്തിനായി 14 കോടി രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ജൈവ വൈവിധ്യ സംരക്ഷണം, എക്കോ ടൂറിസം, ദേശീയ പാർക്കുകളുടെയും സങ്കേതങ്ങളുടെയും സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 6.35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വനപ്രദേശങ്ങൾ, വനപ്രാന്ത പ്രദേശങ്ങൾ, പദ്ധതികളുടെ വൃഷ്ടി പ്രദേശങ്ങൾ, സർക്കാർ ഉടമസ്ഥതയിലുള്ള പ്ളാന്റേഷൻ ഭൂമി, തരിശു ഭൂമി, പുറമ്പോക്ക് എന്നിവിടങ്ങളിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും വനം വകുപ്പിന്റെയും പങ്കാളിത്തത്തോടെ ഇന്ധനാവശ്യത്തിനായുള്ള മരം വളർത്തൽ നടത്താനുള്ള ഒരു സംയോജിത ഊർജ്ജത്തോട്ട പരിപാടിക്ക് രൂപം നൽകും. തൊഴിലുറപ്പു പദ്ധതി, ബി.ആർ.ജി.എഫ് ഫണ്ട് എന്നിവ ഈ പരിപാടിക്കു വേണ്ടി വിനിയോഗിക്കും. സൈലന്റ്വാലി വനഭൂമിയുടെ സംരക്ഷണത്തിനു വേണ്ടി പ്രത്യേക സ്കീം ആരംഭിക്കും. ഇതിനായി 1 കോടി രൂപ വകയിരുത്തുന്നു.

## പുത്തൻ കുതിപ്പിന്റെ മേഖലകൾ

**88.** കാർഷിക പരമ്പരാഗത മേഖലകളുടെ സംരക്ഷണത്തിനും സാമൂഹ്യക്ഷേമത്തിനും ബജറ്റ് നൽകുന്ന ഊന്നൽ പുതിയ വളർച്ചയുടെ ശക്തി സ്രോതസ്സുകളോടുള്ള ഉദാസീനതയായി ആരെങ്കിലും കരുതിയാൽ അതിൽപ്പരം അബദ്ധമുണ്ടാവില്ല. ഐ.ടി., ടൂറിസം, ലൈറ്റ് എഞ്ചിനിയറിംഗ്, കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങൾ എന്നിവയ്ക്ക് ഈ ബജറ്റിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. ഏറ്റവും ശ്രദ്ധേയമായ വളർച്ച ഉണ്ടായിക്കൊണ്ടിരിക്കുന്നത് ടൂറിസത്തിലാണ്.

### <u>ടൂറിസം</u>

**89.** ഏതാണ്ട് 100 കോടി രൂപയാണ് ടൂറിസം മേഖലയിൽ 2007–08 ൽ മുതൽ മുടക്കുന്നത്. ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സൗകര്യ വിപുലീകരണത്തിനും പുതിയ ടൂറിസം ഉൽപന്നങ്ങളുടെ പ്രോത്സാഹനത്തിനുമായി **41.5** കോടി രൂപ വകയിരുത്തുന്നു. ഇതിനു പുറമെ ഇക്കോ ടൂറിസം വികസനത്തിന് **2** കോടി രൂപയും പൈതൃക സാംസ്ക്കാരിക, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്കായി **3** കോടി രൂപയും വകയിരുത്തിയിരിക്കുന്നു. കേന്ദ്ര സർക്കാർ ധനസഹായത്തിന്റെ മാച്ചിംഗ് ഗ്രാന്റായി **2** കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ പണം ഈ ഇനത്തിൽ ലഭ്യമാക്കുന്നതാണ്. ടൂറിസം പ്രചാരണത്തിനും വിപണനത്തിനുമായി **15** കോടി രൂപയും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾക്ക് **2** കോടി രൂപയും വകകൊള്ളിച്ചിട്ടുണ്ട്.

**90.** ആലപ്പുഴ ജില്ലയിലെ പാതിരാമണൽ ദ്വീപിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതാണ്. ജനവാസമില്ലാത്ത ഈ ദ്വീപിൽ കരപ്പുറം, കുട്ടനാട് എക്കോ വ്യൂഹത്തിലെ എല്ലാ സസ്യജാലങ്ങളുടെയും ഒരു ബോട്ടാണിക്കൽ പാർക്കും പക്ഷി സങ്കേതവും മത്സ്യപ്രജനന സംരക്ഷണ മേഖലയും വികസിപ്പിക്കും. സന്ദർശകർക്ക് ഇവ ആസ്വദിക്കാനും പഠിക്കാനുമുള്ള നിയന്ത്രിതമായ സൗകര്യങ്ങൾ ഏർപ്പെടുത്തും. യാതൊരു വിധത്തിലുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളും ദ്വീപിൽ അനുവദിക്കുകയില്ല. ഇതു സംബന്ധിച്ച് മുഹമ്മ പഞ്ചായത്ത് നിയോഗിച്ച കമ്മീഷൻ രൂപം നൽകിയ പദ്ധതി ആവശ്യമായ മാറ്റങ്ങളോടെ ടൂറിസം വകുപ്പ് കേരള സർക്കാരിന് സമർപ്പിച്ച് അംഗീകാരം നേടിയിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി **5** കോടി രൂപ

കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നു. **50** ലക്ഷം രൂപ സംസ്ഥാന വിഹിതമായി നീക്കിവയ്ക്കുന്നു.

**91.** മലബാർ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നതാണ്. കാസർഗോഡ് ജില്ലയിലെ റാണിപുരം, കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്, ധർമ്മടം ബീച്ചുകൾ, കോഴിക്കോട് ജില്ലയിലെ തുഷാര ഗിരിയും പരിസര പ്രദേശങ്ങളും, മലപ്പുറം ജില്ലയിലെ നിളയും തിരുനാവായ പ്രദേശങ്ങളും, വയനാട് പൂക്കോട് തടാകം പോലുള്ള കേന്ദ്രങ്ങൾ എന്നിവയ്ക്കായി പ്രത്യേക സ്കീമുകൾ കേന്ദ്ര ടൂറിസം വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. **30** കോടി രൂപ ധനസഹായമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്രത്യേക സംസ്ഥാന വിഹിതമായി **4** കോടി രൂപ വകയിരുത്തുകയാണ്. തലശ്ശേരി പൈതൃക പ്രോജക്ടിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആലപ്പുഴ പൈതൃക പ്രോജക്ടിന്റെ ആദ്യഘട്ടമായി കടൽപ്പാലത്തിന്റെ ഒരു ഭാഗത്തിന്റെ പ്രവർത്തനം ഈ വർഷം ആരംഭിക്കുന്നതാണ്. മുഴപ്പിലങ്ങാട് ബീച്ചിൽ കെ.റ്റി.ഡി.സി. യുടെ റിസോർട്ടിന് സംസ്ഥാന ധനസഹായമായി **2** കോടി രൂപ അനുവദിക്കുന്നു.

**92.** കഴിഞ്ഞ വർഷം പ്രഖ്യാപിച്ച മൂസിരീസ് പൈതൃക പ്രോജക്ടിന് അവസാന രൂപം നൽകിക്കഴിഞ്ഞു. അടിയന്തിരമായും കോട്ടപ്പുറം കോട്ടയുടെ പുനരുദ്ധാരണം, വൈപ്പിൻകോട്ട സെമിനാരി, കോവിലകങ്ങളുടെ സംരക്ഷണം എന്നിവയാണ് ഏറ്റെടുക്കുന്നത്. ഇതിനായി **4** കോടി രൂപ പ്രത്യേകമായി വകയിരുത്തിയിട്ടുണ്ട്. ഒന്നോ രണ്ടോ ദിവസത്തെ പഠന പരിപാടികളോടെ കേരള ചരിത്രത്തിന്റെ പരിഛേദം സന്ദർശകർക്ക് ലഭ്യമാക്കുന്ന രീതിയിലാണ് പ്രോജക്ട് ആവിഷ്ക്കരിച്ചിരിക്കുന്നത്. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചാണ് ഇതിനുള്ള അക്കാദമിക് പിന്തുണ നൽകുന്നത്. കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പട്ടണത്ത് കേന്ദ്ര സഹായത്തോടെ പുരാവസ്തു ഗവേഷണം ആരംഭിച്ചുകഴിഞ്ഞു. ഇന്ത്യയിൽ തന്നെ നൂതനമായ ടൂറിസം പ്രോജക്ടായിരിക്കും ഇത്.

**93.** ടൂറിസം വകുപ്പ് വ്യവസായ വാണിജ്യ വകുപ്പിനോടും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോടും നികുതി വകുപ്പിനോടും സാംസ്കാരിക വകുപ്പിനോടും സഹകരിച്ചുകൊണ്ട് ഒരു ബൃഹദ് പദ്ധതിക്ക് നടപ്പു വർഷം തുടക്കം കുറിക്കുകയാണ്. ഒക്ടോബർ മൂന്നാം വാരം മുതൽ ജനുവരി മൂന്നാം വാരം വരെ തുടരുന്ന കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതാണ്. അഞ്ചുവർഷംകൊണ്ട് ഈ പദ്ധതി അതിന്റെ പൂർണ്ണതയിലെത്തും.

ശുചിത്വവും ആതിഥേയ സൗകര്യങ്ങളും വ്യാപാര മാനദണ്ഡങ്ങളും അംഗീകരിക്കുവാൻ തയ്യാറായി മുന്നോട്ടുവരുന്ന കമ്പോള കേന്ദ്രങ്ങൾ പരമ്പരാഗത വ്യവസായ കേന്ദ്രങ്ങൾ, ടൂറിസം കേന്ദ്രങ്ങൾ തുടങ്ങിയവയെ മുൻ നിർത്തിയായിരിക്കും ഈ ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. ഒക്ടോബർ മൂന്നാം വാരത്തിൽ ആലപ്പുഴ നടക്കുന്ന അന്തർദ്ദേശീയ കയർ ഫെസ്റ്റിവലോടെയാണ് മേളയ്ക്ക് തുടക്കം കുറിക്കുക. ഇതുപോലെ കശുവണ്ടി, സമുദ്രോൽപ്പന്നങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ, കൈത്തറി, കരകൗശല ഉൽപ്പന്നങ്ങൾ തുടങ്ങി കേരളത്തിലെ വിവിധ വാണിജ്യ ഉൽപ്പന്നങ്ങളുടെ വിപണന മേളകൾ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നടത്തും. ഈ വ്യാപാര മേളയിലേക്ക് വിദേശ പ്രതിനിധി സംഘങ്ങളെ ക്ഷണിക്കും. ടൂറിസ്റ്റുകൾക്ക് ഉൽപ്പാദന കേന്ദ്രങ്ങളിൽ പോയി ആവശ്യാനുസരണം സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യമൊരുക്കും. വിദേശ ടൂറിസ്റ്റുകൾ മാത്രമല്ല ശബരിമല യിലും മറ്റും സന്ദർശനത്തിനെത്തുന്നവരിൽ ഗണ്യമായ ഭാഗത്തേയും മേളയിൽ പങ്കാളികളാക്കാൻ കഴിയും.. ഇതിനായി പ്രത്യേക ഫെസ്റ്റിവൽ അതോറിറ്റിക്ക് രൂപം നൽകുന്നതാണ്. ഈ വർഷത്തേയ്ക്ക് **15** കോടി രൂപ പുതുതായി അനുവദിക്കുകയാണ്. അങ്ങനെ കേരളത്തിലെ വാണിജ്യത്തെ പ്രോത്സാഹിപ്പിക്കുന്നതിന് **5** വർഷ കാലയളവിൽ നടപ്പാക്കിത്തീർക്കുന്ന ഒരു ബൃഹത് പരിപാടിക്ക് 2007–08 ൽ തുടക്കമിടുകയാണ്.

## വിവര സാങ്കേതിക വിദ്യാ മേഖല

**94.** വിജ്ഞാന സാന്ദ്രമായ വ്യവസായങ്ങളാണ് നമ്മുടെ സംസ്ഥാനത്തിന് ഏറ്റവും അനുയോജ്യം എന്നതിന് രണ്ടുപക്ഷമില്ല. എന്നാൽ ഇന്നു നാം ദേശീയ തലത്തിൽ ഇക്കാര്യത്തിൽ പിന്നണിയിലാണ് എന്നതാണ് വസ്തുത. എത്രയും പെട്ടെന്ന് മുന്നണിയിലെത്തുന്നതിനുള്ള നടപടികൾ ദൃഢനിശ്ചയത്തോടെ നടപ്പിലാക്കണം. കേരള സംസ്ഥാന വിവര സാങ്കേതിക മിഷനാണ് ഈ രംഗത്തെ പ്രവർത്തനങ്ങളുടെ മുഖ്യ ഏജൻസി. ബിസിനസ് പ്രൊമോഷൻ, മാനവവിഭവശേഷി വികസനം, ഐ.ടി. സേവനങ്ങൾ ലഭ്യമാക്കൽ എന്നിങ്ങനെ വൈവിദ്ധ്യമാർന്ന പ്രവർത്തന പരിപാടികളാണ് ലക്ഷ്യമിടുന്നത്. അക്ഷയ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പുന:സംഘടിപ്പിച്ചുകൊണ്ട് നടപ്പാക്കാനുദ്ദേശിക്കുന്നു. ഈ വർഷം മേൽ സൂചിപ്പിച്ച പദ്ധതികൾക്കെല്ലാമായി **43.74** കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടെക്നോപാർക്കിന്റെ മൂന്നാം ഘട്ട വികസനത്തിനുവേണ്ടിയും ഇൻഫോ പാർക്കിലെ **4** ലക്ഷം ചതുരശ്ര അടിയുടെ പുതിയ കെട്ടിടത്തിനുവേണ്ടിയും **13** കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഐ.ടി. നയത്തിൽ

പ്രഖ്യാപിച്ചതുപോലെ ഫ്രീ സോഫ്റ്റ്‌വെയറിനുവേണ്ടിയുള്ള ഇന്റർനാഷണൽ സെന്റർ സ്ഥാപിക്കുന്നതാണ്. ഇതിന് **50** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടെക്നോ പാർക്കിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആന്റ് മാനേജ്മെന്റിനുവേണ്ടി **51** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**95.** ഐ.ടി. പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി ഈ വർഷം ഒരു പുതിയ കമ്പനിക്ക് രൂപം നൽകുന്നതാണ്. വിദേശ മലയാളികളുടെ നിക്ഷേപം ലക്ഷ്യമിട്ടുകൊണ്ടാണ് ഈ കമ്പനിക്ക് രൂപം നൽകുന്നത്. ഇതിന്റെ പ്രാരംഭ ചെലവുകൾക്കായി **10** ലക്ഷം രൂപ വകയിരുത്തുന്നു. തിരുവനന്തപുരത്തും കൊച്ചിക്കും പുറത്ത് ചെറുകിട ഐ.ടി. പാർക്കുകൾക്കുള്ള സാദ്ധ്യത ആരായും. ഇത് എന്തുകൊണ്ടും അനിവാര്യമാണ്. ഇതിനായി **10** കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**96.** സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ നടക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകളുടെ നിലവാരം അന്തർദേശീയ തലത്തിലേക്ക് ഉയർത്തുവാൻ അക്രഡിറ്റേഷൻ നടപടികൾ ഉടനടി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ദേശീയ നിലവാരത്തിലുള്ള ഒരു നാലു വർഷ ഇന്റഗ്രേറ്റഡ് ബയോ ടെക്നോളജി കോഴ്സ് കേരള കാർഷിക സർവ്വകലാശാലയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. മറ്റു സർവ്വകലാശാലകളിലെ ബയോ ടെക്നോളജി വകുപ്പുകൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയായിരിക്കും ഈ മൾട്ടി ഇൻസ്റ്റിറ്റ്യൂഷണൽ കോഴ്സ് നടപ്പിലാക്കുക. ഈ കോഴ്സുകൾ 2007–08–ൽ ആരംഭിക്കുന്നതിനും അക്രഡിറ്റേഷൻ നടപടികൾക്കുമായി **3** കോടി രൂപ മാറ്റിവെക്കുന്നു.

## <u>പൊതുമേഖലാ വ്യവസായം</u>

**97.** പീഡിത പൊതുമേഖലാ വ്യവസായങ്ങളെ പുതിയ കുതിപ്പിന്റെ സ്രോതസ്സായി കാണുന്നത് ഉചിതമാണോ എന്ന് ചിലരെങ്കിലും ന്യായമായി സംശയിക്കും. എന്നാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഭരണത്തിലേറിയതിനുശേഷം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന രൂപാന്തരം പരിശോധിച്ചാൽ എന്റെ വിലയിരുത്തലിന്റെ പ്രസക്തി ബോധ്യപ്പെടും. ഇതിനകം സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി ഓപ്പറേറ്റിംഗ് ലാഭത്തിലുള്ള കമ്പനികളുടെ എണ്ണം 12 ആയിരുന്നത് 22 ആയി ഉയർന്നു.

**98.** പുന:സംഘടനാ പാക്കേജ് നടപ്പാക്കാൻ പോകുന്നതേയുള്ളൂ. ഓരോ വ്യവസായത്തിന്റെയും ഉൽപന്നത്തെയും സാങ്കതിക വിദ്യയുടെ പ്രത്യേകതകൾ കണക്കിലെടുത്ത് പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം ആവശ്യമായ പ്രവർത്തന മൂലധനം ഉറപ്പുവരുത്തുക എന്നതാണ്. ബാങ്കുകൾക്ക് വലിയ തുക കുടിശ്ശികയായി നൽകാനുണ്ട്. ഇവയുടെ ഒറ്റത്തവണ തീർപ്പാക്കലിന് ഒരു ധാരണയിലെത്തിയിട്ടുണ്ട്. മൂന്നു ഗഡുക്കളായി ബാങ്കുകൾക്ക് നൽകാനുള്ള തുക ബജറ്റിൽ നിന്നും നൽകും. പകരം ബാങ്കുകൾ പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള പ്രവർത്തന മൂലധനവും ലഭ്യമാക്കും. ഞാൻ കൂടി പങ്കെടുത്ത് ഉണ്ടാക്കിയ ഈ ധാരണ അനുസരിച്ച് ബാങ്കുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പരിപാടിയിലേയ്ക്ക് അധികമായി 25 കോടി രൂപ വകയിരുത്തുന്നു. സർക്കാർ വാക്കുപാലിക്കുകയാണ്. ബാങ്കുകളും ഈ രീതിയിൽ പ്രതികരിക്കുമെന്ന് കരുതട്ടെ.

**99.** പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കമ്പോളവും പുതിയ സാങ്കേതിക വിദ്യയും മൂലധന നിക്ഷേപവും ഉറപ്പുവരുത്തുന്നതിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളോട് സഹകരിക്കുന്നതിന് ബോധപൂർവ്വമായ സമീപനം സർക്കാർ കൈക്കൊള്ളുകയുണ്ടായി. ഇതിന്റെ സദ്ഫലം ഇതിനകം വ്യക്തമായിട്ടുണ്ട്. നാഷണൽ തെർമൽ പവർ കോർപ്പറേഷനുമായി ടെൽക് ഉണ്ടാക്കിയിട്ടുള്ള ധാരണാപത്രം ഇതിനുദാഹരണമാണ്. സാങ്കേതിക നവീകരണത്തിന്റെ പേരിൽ ബഹുരാഷ്ട്ര കുത്തകകൾക്ക് വിൽക്കുന്നതിന് വെച്ചിരുന്ന ഈ കമ്പനിയുടെ സാങ്കേതിക നവീകരണത്തിനാവശ്യമായ പണം എൻ.ടി.പി.സി. മുടക്കുന്നു. സ്വകാര്യവൽക്കരണത്തിന് വെച്ചിരുന്ന ഓട്ടോ കാസ്റ്റ് റെയിൽവേയുമായി സംയുക്ത സംരംഭമാക്കി മാറ്റുന്നതിനുള്ള ഔപചാരികമായ പ്രഖ്യാപനം റെയിൽവേ ബജറ്റിൽ വന്നുകഴിഞ്ഞു. ആലപ്പുഴ ജില്ലയിലെ ഏറ്റവും വലിയ വ്യവസായ സ്ഥാപനമായി ഓട്ടോ കാസ്റ്റ് വളരുകയാണ്. ഐ.എസ്.ആർ.ഒ. യുമായി സഹകരിച്ചുകൊണ്ട് കെ.എം.എം.എൽ., ടൈറ്റാനിയം സ്പോഞ്ച് പൈലറ്റ് പ്ളാന്റ് സ്ഥാപിക്കുകയാണ്. പ്രതിരോധ വ്യവസായം ഹൈടെക്കുമായി ധാരണാപത്രത്തിലൊപ്പുവച്ചു. കെൽട്രോണിന്റെ വികസനം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ സഹകരണങ്ങളുടെ അടിസ്ഥാനത്തിൽ 2007–08 ൽ 300 കോടി രൂപയെങ്കിലും മേൽപ്പറഞ്ഞ പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതുതായി നിക്ഷേപിക്കപ്പെടുന്നതാണ്.

**100.** കഴിഞ്ഞ സർക്കാർ പൊതുമേഖലയുടെ സ്വകാര്യവൽക്കരണ നടപടികളുടെ ഭാഗമായി വ്യാപകമായും വിവേചന രഹിതമായും

വി.ആർ.എസ്. നടപ്പിലാക്കി. യാഥാർത്ഥ്യം പറഞ്ഞാൽ പ്രഗൽഭരായ ഒട്ടേറെ തൊഴിലാളികൾ പിരിഞ്ഞുപോയതിന്റെ കെടുതിയാണ് ടെൽകിന്റെയും ഓട്ടോകാസ്റ്റിന്റെയും നവീകരണത്തിന് ഒരു പ്രധാന പ്രതിബന്ധം. വി.ആർ.എസ്. നേടി പിരിഞ്ഞുപോയവർക്ക് ഇനിയും **16** കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. ഇതിൽ **10** കോടി രൂപ ഞാൻ ഈ വർഷം വകയിരുത്തുന്നു.

**101.** പൊതുമേഖലാ സ്ഥാപനങ്ങൾക്കായി പദ്ധതിയിൽ **17** കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് ഇവയുടെ മൂലധന നവീകരണത്തിനാണ് ഉപയോഗപ്പെടുത്തുക. **76** കോടി രൂപയാണ് നവീകരണത്തിന് വേണ്ടതായി കണക്കാക്കുന്നത്. സാങ്കേതികമായി കൂടുതൽ പണം നടപ്പു വർഷത്തിൽ തന്നെ അനിവാര്യമെങ്കിൽ പിന്നീട് ലഭ്യമാക്കുന്നതാണ്. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച ഇൻഫ്രാസ്ട്രക്ചർ കേരളാ ലിമിറ്റഡ് **100** കോടി രൂപയുടെ അടച്ചുതീർത്ത മുലധന കമ്പനിയായി രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. സംസ്ഥാന സർക്കാരിന് 26 ശതമാനം ഓഹരിയുള്ള ഈ കമ്പനിയുടെ ബാക്കി ഷെയറുകൾ വിദേശ മലയാളികളിൽ നിന്നുമായിരിക്കും സ്വീകരിക്കുക. കിൻഫ്രയ്ക്ക് **9.5** കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

**102.** ഐ.ടി.ഐ. യുമായി ചേർന്നുകൊണ്ട് സിഡ്കോ തിരുവനന്തപുരത്ത് ടെലികോം സിറ്റിയും, സ്പൈസസ് ബോർഡുമായി ചേർന്ന് ഇടുക്കിയിൽ സ്പൈസസ് പാർക്കും, കൊച്ചിയിൽ ഇലക്ട്രോണിക് ഹബ്ബും ഈ വർഷം പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കും. കേരളത്തിലെ ധാതുമണൽ നിക്ഷേപം ശാസ്ത്രീയമായി ഉപയോഗപ്പെടുത്തുന്ന നയമാണ് സർക്കാരിനുള്ളത്. ധാതുക്കൾ അയിരാക്കി മൂല്യവർദ്ധിത ഉൽപന്നങ്ങളായി കയറ്റുമതി ചെയ്യുന്നതിനായി ഉൽപാദിപ്പിക്കുന്നതിനെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു. ധാതുമണലിന്റെ ഖനനത്തിന് പൊതുമേഖലയെ അനുവദിക്കും. സംയുക്ത സംരംഭമായി ടൈറ്റാനിയം മെറ്റൽ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. നിലവിലുള്ള രണ്ട് ടൈറ്റാനിയം ഫാക്ടറികളെ സംരക്ഷിച്ചുകൊണ്ട് മെറ്റൽ ഫാക്ടറി സ്ഥാപിക്കുന്നതിനാണ് നമ്മൾ ശ്രമിക്കുന്നത്. ഇതിനാവശ്യമായ ഒരു ബിസിനസ് പ്ളാൻ തയ്യാറാക്കുന്നതിന് കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷന് ഒരു കോടി രൂപ അനുവദിക്കുന്നു.

**നോർക്ക**

**103.** നോർക്കയുടെ കീഴിൽ ആരംഭിച്ച 'പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം' കൂടുതൽ കേന്ദ്രങ്ങളിൽ നടത്തുന്നതാണ്. നോർക്ക റൂട്ട്സിന് ലഭിച്ചിരിക്കുന്ന വിദേശ റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള അനുമതി ഉപയോഗിച്ച് വിദേശ തൊഴിൽ സാദ്ധ്യതകൾ ഇനിയും വർദ്ധിപ്പിക്കുന്നതാണ്. തലസ്ഥാനത്ത് പണിയുന്ന നോർക്ക സെന്ററിന്റെ നിർമ്മാണം ഈ വർഷം പൂർത്തീകരിക്കും. ട്രഷറിയിൽ **50,000** രൂപയോ അതിലധികമോ നിക്ഷേപിക്കുന്നവർക്കായി ഒരു ക്ഷേമ പദ്ധതി ആവിഷ്ക്കരിക്കും. ഹജ്ജ് ഹൗസ് നിർമ്മാണത്തിനായി 2007-08 വർഷത്തേയ്ക്ക് **25** ലക്ഷം രൂപ കൂടി നൽകുന്നു.

**മറ്റ് ഇടത്തരം – വൻകിട വ്യവസായ സ്ഥാപനങ്ങൾ**

**104.** കേരളത്തിൽ **727** വൻകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുണ്ട്. ഇതിൽ 22 കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും മാറ്റി നിർത്തിയാൽ 590 എണ്ണം സ്വകാര്യമേഖലയിലാണ്. കെ.എസ്.ഐ.ഡി.സി. യും കിൻഫ്രയും **5** ഇൻവെസ്റ്റർ മീറ്റുകൾ നടത്തി **2388** കോടിയുടെ **70** ധാരണാപത്രങ്ങൾ ഒപ്പുവെച്ചിട്ടുണ്ട്. സ്വകാര്യ വ്യവസായ സംരംഭകർക്ക് കേരളത്തെ ആകർഷകമാക്കുന്നതിനുള്ള നടപടികൾ ശക്തമായി മുന്നോട്ടുകൊണ്ടു പോകും. സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ സർക്കാരിൻെറ പരിഗണനയിലുണ്ട്.

**105.** കൊച്ചി കേന്ദ്രമാക്കിയാണ് ഏറ്റവും കൂടുതൽ വൻകിട നിക്ഷേപം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എൽ.എൻ.ജി ടെർമിനൽ, വല്ലാർപാടം ട്രാൻസ്ഷിപ്മെന്റ് കേന്ദ്രം, ഷിപ്പ്യാർഡിന്റെ വിപുലീകരണം, റിഫൈനറികളുടെ പുതിയ നിക്ഷേപം, കൊച്ചി സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ തുടങ്ങിയവയിലൂടെ സമാന്തരമില്ലാത്ത ഒരു എടുത്തുചാട്ടത്തിലാണ് കൊച്ചി എത്തിനിൽക്കുന്നത്. ഇവയൊക്കെ യാഥാർഥ്യമാക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നതോടൊപ്പം കൊച്ചിയിലെയും മറ്റ് നഗരങ്ങളിലെയും പശ്ചാത്തല സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും മറ്റ് ജില്ലാ കേന്ദ്രങ്ങളുമായുള്ള ഗതാഗത വിനിമയ ബന്ധങ്ങൾ അതിവേഗതയിലാക്കുന്നതിനും വിപുലമായ സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്, കേരളത്തിന് പരിചിതമല്ലാത്ത വളർച്ചയുടെ ഒരു പുതിയ ഘട്ടത്തിലാണ് നാം എത്തിയിരിക്കുന്നത്. നമ്മൾ ശ്രദ്ധാപൂർവ്വം ഇടപെട്ട് പശ്ചാത്തല സൗകര്യം ഒരുക്കിയില്ലെങ്കിൽ ഈ വളർച്ചയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താ

നാകാതെ വരികയും പ്രാദേശിക അന്തരങ്ങൾ രൂക്ഷമാകുകയും ചെയ്യും. കൊച്ചി മെട്രോയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 4 കോടി രൂപ വകയിരുത്തുന്നു.

## പശ്ചാത്തല സൗകര്യങ്ങൾ

### നഗര വികസനം

**106.** ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ പദ്ധതി പ്രകാരം കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളുടെ വികസനത്തിന് ഈ വർഷം 196 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്രവുമായുള്ള ധാരണാപത്രം ഒപ്പുവെച്ചു കഴിഞ്ഞാൽ ഈ പണം ലഭ്യമാകുവാൻ തുടങ്ങും. നഗര പശ്ചാത്തല സൗകര്യ വികസനത്തിന് നടപ്പാക്കുന്ന മറ്റൊരു പദ്ധതിയായ സുസ്ഥിര നഗര വികസന പ്രൊജക്ടിൽ 250 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. 5 മുനിസിപ്പൽ കോർപ്പറേഷനുകളും ഇതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കും. നഗര വികസനവുമായി ബന്ധപ്പെട്ടിട്ടുള്ള മറ്റൊരു സുപ്രധാന സംഭവ വികാസം കേരള നഗര ഗ്രാമ വികസന കോർപ്പറേഷൻെറ രൂപീകരണമാണ്. 71 ലക്ഷം രൂപ ഷെയർ ക്യാപ്പിറ്റൽ ഇനത്തിൽ ഇതിനായി വകയിരുത്തിയിരിക്കുകയാണ്. സുസ്ഥിര നഗര വികസന പ്രോജക്ടിൻെറ ഒരു ഭാഗം ഈ കോർപ്പറേഷൻ വഴി മറ്റ് മുനിസിപ്പാലിറ്റികൾക്കും ലഭ്യമാക്കുന്നതിന് പരിപാടിയുണ്ട്. കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം വികസന അതോറിറ്റികൾക്ക് 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കോഴിക്കോട് നഗരത്തിലെ മാനാഞ്ചിറ-വെള്ളിമാട് കുന്ന് റോഡുനവീകരണത്തിന് സ്ഥലം എടുക്കുന്നതിനായി ഒരു കോടി രൂപയും തൃശ്ശൂർ നഗരസഭയിലെ വഞ്ചിക്കുളം പദ്ധതിക്കായി 50 ലക്ഷം രൂപയും വകയിരുത്തുന്നു. തിരുവനന്തപുരം-ആറ്റുകാൽ വികസന സ്കീം ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതാണ്. കോട്ടയത്തെ കോടിമത-നാഗമ്പടം ഫ്ളൈ ഓവർ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നിർമ്മിക്കു ന്നതാണ്.

### തുറമുഖ വികസനം

**107.** അന്തർ ദേശീയ ചരക്കുകടത്തിൻെറ പ്രാധാന്യം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തുറമുഖ വികസനത്തിന് പ്രാദേശിക സാമ്പത്തിക വളർച്ചയിൽ നിർണ്ണായക പങ്കു വഹിക്കാനാകും. തീരദേശ കപ്പൽ ഗതാഗതത്തിൻെറ പ്രാധാന്യവും വർദ്ധിച്ചിരിക്കുന്നു. ബേപ്പൂർ,

തങ്കശ്ശേരി, അഴീക്കൽ, ആലപ്പുഴ എന്നിവയാണ് മുൻഗണനയോടെ അടുത്ത വർഷം ഏറ്റെടുക്കുന്ന തുറമുഖങ്ങൾ. **4.85** കോടി രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു. വിഴിഞ്ഞം തുറമുഖ വികസനത്തിൻെറ കാലതാമസം ഒഴിവാക്കുന്നതിനു വേണ്ടി ബി.ഒ.റ്റി.യുടെ കാലദൈർഘ്യം വർദ്ധിപ്പിച്ചുകൊണ്ടും വേണ്ടിവന്നാൽ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിങ്ങിൻെറ ആവശ്യം ഒഴിവാക്കിക്കൊണ്ടും റീ ടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. വിഴിഞ്ഞം ഹാർബറിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്ന വി.ഐ.എസ്.എൽ. എന്ന കമ്പനിയുടെ ഓഹരി മൂലധനം ശക്തിപ്പെടുത്തുന്നതിന് **5** കോടി രൂപ വകയിരുത്തുന്നു. പൊന്നാനി അടക്കമുള്ള മറ്റ് ചെറുകിട തുറമുഖങ്ങളുടെ നവീകരണത്തിനുള്ള മാസ്റ്റർ പ്ളാനുകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു.

## ഗതാഗത സൗകര്യങ്ങൾ

**108.** മുൻകാല കുടിശ്ശികകളും പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതിനാണ് ഈ പ്രാവശ്യത്തെ ബജറ്റിൽ മുൻഗണന നൽകിയിട്ടുള്ളത്. അടുത്ത വർഷം ആദ്യം തന്നെ മുഴുവൻ കുടിശ്ശികയും കൊടുത്തു തീർക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ബില്ലുകളുടെ കാലതാമസ ദൈർഘ്യം കണക്കിലെടുത്ത് തുക ഡിസ്കൗണ്ട് ചെയ്യുവാൻ കോൺട്രാക്ടർമാർ തയ്യാറായാൽ ആ തുക ഉടനടി നൽകും. ഈ സ്കീമിൽ ചേരാൻ താല്പര്യമില്ലാത്തവർക്ക് സാധാരണഗതിയിൽ കാത്തിരിക്കേണ്ട കാലയളവ് കഴിഞ്ഞതിനു ശേഷം കുടിശ്ശിക നൽകുന്നതാണ്. സ്കീം കോടതിയിൽ സമർപ്പിച്ച് അംഗീകാരം നേടിയ ശേഷമായിരിക്കും നടപ്പിലാക്കുക. ഇത്തരത്തിൽ മാരാമത്ത് പണിയിലൂടെ കുടിശ്ശിക പൂർണ്ണമായി തുടച്ചു നീക്കുന്നതിനോടൊപ്പം നിലവിലുണ്ടായിരുന്ന അരാജകത്വം അവസാനിപ്പിക്കുന്നതിന് താഴെ പറയുന്ന കർശന നിലപാടുകൾ സ്വീകരിക്കുന്നതാണ്:

1. അതത് വർഷത്തെ ഷെഡ്യൂൾ ഓഫ് റേറ്റുകൾ ധനകാര്യ വർഷാരംഭത്തിൽ തന്നെ പ്രസിദ്ധീകരിക്കും. ഇതോടെ ടെണ്ടർ എക്സസ് എന്ന പ്രതിഭാസത്തിന് വിരാമമിടും.

2. ഓരോ വർഷവും ബജറ്റിൽ അനുവദിക്കുന്ന തുകയുടെ 150 ശതമാനത്തിലധികം ഒരു കാരണവശാലും പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതല്ല. എല്ലാ കരാർ പണികളും സുതാര്യമായ പ്രക്രിയയിലൂടെ മാത്രമേ ഏൽപ്പിച്ചു കൊടുക്കൂ.

3 ഏതാണ്ട് 500 കോടിയോളം രൂപയാണ് ഓരോ വർഷവും മെയിൻറനൻസ് ഇനത്തിൽ ചെലവാകുന്നത്. ഇതിൽ നല്ലൊരു ഭാഗം പണം പാഴായിപ്പോകുന്നുവെന്നതാണ് സി.എ.ജി. റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്, 4 വർഷം കൊണ്ട് റോഡ് മെയിന്റനൻസ് ദീർഘകാല കോൺട്രാക്ട് അടിസ്ഥാനത്തിലാക്കും. ആയതിനാൽ നടപ്പു വർഷത്തിൽ 500 കി.മീ. റോഡുകൾ മെയിന്റനൻസ് കോൺട്രാക്ടിനു കീഴിൽ കൊണ്ടു വരും.

4 ലെറ്റർ ഓഫ് ക്രെഡിറ്റ് ഇല്ലാതെ ഒരിനത്തിലും ബില്ല് മാറുവാൻ അനുവദിക്കുന്നതല്ല. മാത്രവുമല്ല ലെറ്റർ ഓഫ് ക്രെഡിറ്റിൽ ബാലൻസ് ഉണ്ടങ്കിൽ തന്നെ അത് സ്വേഛരാപരമായി മാറി ചെലവഴിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കും.

5 ഭരണാനുമതിയും ടെണ്ടറുകളും നൽകുന്നതിന് താഴേക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ പുന:ക്രമീകരിക്കും. സി. & ഏ.ജി യുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ നിലവിലുള്ള നടപടിക്രമങ്ങൾ സമൂലമായി പരിഷ്കരിക്കുന്നതിനുള്ള മറ്റു നിർദ്ദേശങ്ങൾ മരാമത്ത് വകുപ്പ് തയ്യാറാക്കും.

**109.** 2007–08–ൽ മെയിന്റനൻസിന് **320** കോടി രൂപയാണ് പൊതുമരാമത്ത് റോഡുകൾക്ക് വകയിരുത്തിയിട്ടുള്ളത്. ഇതിൽ **160** കോടി രൂപ ദീർഘകാല മെയിന്റനൻസ് കോൺട്രാക്ടിനു വേണ്ടിയായിരിക്കും വിനിയോഗിക്കുക. സ്റ്റേറ്റ് ഹൈവേയുടെ വികസനത്തിന് **3.50** കോടി രൂപയും മേജർ ഡിസ്ട്രിക്ട് റോഡുകൾക്ക് **11.5** കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. പി.ഡബ്ള്യൂ.ഡി നടപ്പാക്കുന്ന ഏറ്റവും പ്രധാന പ്രോജക്ട് ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് റോഡ് പദ്ധതിയാണ്. 2007–08–ൽ **575** കോടി രൂപ ചെലവഴിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കെ.എസ്.റ്റി.പി. ഒന്നും നാലും ഘട്ടങ്ങൾ രണ്ടാമത് ടെണ്ടർ വിളിക്കേണ്ട നിലയാണുള്ളത്. നബാർഡിൽ നിന്ന് **85** കോടി രൂപയും സുനാമി ഫണ്ടിൽ നിന്ന് **45** കോടി രൂപയും ഈ വർഷം മരാമത്ത് വകുപ്പിന് ലഭിക്കുമെന്ന് കരുതുന്നു.

**110.** കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ ജലപാത നിർമ്മാണം ഇപ്പോൾ മന്ദഗതിയിലാണ്. സമീപവാസികളെ മാറ്റി പാർപ്പിക്കുന്നതിന്

സംസ്ഥാന സർക്കാർ ചെലവിൽ സ്ഥലം നൽകേണ്ടതുണ്ട്. ഇതിനായി 1 കോടി രൂപ മാറ്റി വയ്ക്കുന്നു.

111. കുട്ടനാട്ടിലെയും മറ്റും ജലഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തു ന്നതിന്റെ ഭാഗമായി പുതിയ ബോട്ടുകൾ വാങ്ങുന്നതിനും, സഞ്ചാര യോഗ്യമല്ലാത്തവ റിപ്പയർ ചെയ്യുന്നതിനും, ബോട്ടുകൾ ആവശ്യമെങ്കിൽ വാടകയ്ക്കെടുത്ത് സർവ്വീസ് നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

## കെ.എസ്.ആർ.ടി.സി

112. കെ.എസ്.ആർ.ടി.സി തകർച്ചയുടെ പടുകുഴിയിലാണ്. 73 കോടി രൂപ എം.എ.സി.ടി. ക്ളെയിം കൊടുത്തു തീർക്കാനുണ്ട്. പെൻഷൻ കുടിശ്ശിക 350 കോടി രൂപയും. പെട്രോൾ കുടിശ്ശിക 137 കോടി രൂപയുമാണ്. സഞ്ചിത നഷ്ടം 1800 കോടി രൂപ വരും. ഈ സ്ഥാപനത്തെ രക്ഷപ്പെടുത്തണമെങ്കിൽ ചില ചോദ്യങ്ങൾക്കുളള ഉത്തരങ്ങൾ കണ്ടെത്തിയേ തീരൂ. ശമ്പളത്തെക്കാൾ കൂടുതൽ പെൻഷൻ നൽകിയാൽ ഒരു വാണിജ്യ സ്ഥാപനത്തിന് നിലനിൽക്കാനാകുമോ? ഒരു റൂട്ടിൽ ബസ് ഓടിക്കണമെങ്കിൽ എത്ര രൂപ കിലോമീറ്ററിന് വരുമാനമായി മിനിമം ലഭിക്കണം? കെ.എസ്.ആർ.ടി.സി. യുടെ സ്ഥലവും കെട്ടിടങ്ങളും വാണിജ്യാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തുന്നതിന് എന്തു ചെയ്യാം? ദേശസാൽകൃത റൂട്ടുകളിലെ നിയമ വിരുദ്ധ സമാന്തര സർവ്വീസുകൾ നിർത്തലാക്കുന്നത് എങ്ങനെ? എന്നിങ്ങനെ ചോദ്യങ്ങൾ പലതാണ്.

113. നഷ്ടം കുറയ്ക്കുന്നതിന് ഒരു പാക്കേജിന് രൂപം നൽകുന്നതിനാണ് ഇപ്പോൾ ലക്ഷ്യം വയ്ക്കുന്നത്. ഡ്രൈവർമാർക്ക് പുന:പരിശീലനം, സ്പീഡ് നിയന്ത്രണം, സ്റ്റോർ ഇൻവെന്ററി അവലോകനം, ഓവർ ചെക്കിംഗ്, മൈലേജ് ഉയർത്താനുള്ള പരിപാടി തുടങ്ങിയ ഒരു പാക്കേജ് നടപ്പാക്കിത്തുടങ്ങി. പ്രതിമാസ നഷ്ടം 17 കോടി രൂപയിൽ നിന്ന് 5 കോടി രൂപയിൽ താഴെയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പാക്കേജ് നടപ്പാക്കുന്നതിന് 10 കോടി രൂപ കെ.എസ്.ആർ.ടി.സി.ക്ക് അധികമായി അനുവദിക്കുകയാണ്. പ്രതിമാസ നഷ്ടത്തിൽ കൈവരിക്കുന്ന കുറവിന് തുല്യമായ തുക പ്രത്യേക ഇൻസെന്റീവ് ഗ്രാന്റായും നൽകും. ഇതിനായി 10 കോടി വകയിരുത്തുന്നു. ഇതിന് പുറമേ 1000 പുതിയ ബസുകൾ വാങ്ങുന്നതിന് ബാങ്ക് വായ്പക്ക് സർക്കാർ ഗ്യാരണ്ടി നിൽക്കുന്നതാണ്. എസ്ക്രൂ അക്കൗണ്ട് സമ്പ്രദായത്തിൽ

വാങ്ങുന്ന ഈ ബസുകളിൽ ഒന്നുപോലും കി.മീ. **20** രൂപയിൽ കുറഞ്ഞ വരുമാനമുള്ള റൂട്ടുകളിൽ ഓടിക്കാൻ പാടുള്ളതല്ല. എം.എ.സി.റ്റി. ക്ലെയിമുകൾ കൊടുത്തു തീർക്കുന്നതിന് 25 രൂപയിലധികം വരുന്ന ടിക്കറ്റുകൾക്ക് ഒരു രൂപ വീതം സെസ്സ് ഏർപ്പെടുത്തുന്നതാണ്.

**<u>ഊർജ്ജ മേഖല</u>**

**114.** ലോവർ മീൻമുട്ടി ചെറുകിട ജലവൈദ്യുത പദ്ധതിയാണ് കഴിഞ്ഞ സാമ്പത്തിക വർഷം പൂർത്തിയായ ഏക വൈദ്യുതി ഉൽപ്പാദന പദ്ധതി. വരുന്ന സാമ്പത്തിക വർഷം കുറ്റ്യാടി ടെയിൽറേസ്, കുറ്റ്യാടി അഡീഷണൽ ഓഗ്മെന്റേഷൻ, നേരിയമംഗലം എക്സ്റ്റൻഷൻ, കുട്ടിയാർ ഡൈവേർഷൻ എന്നീ പ്രധാന പ്രോജക്ടുകളാണ് പൂർത്തിയാക്കുക. **128.75** മെഗാവാട്ട് സ്ഥാപിത ശേഷിയും **35.03** കോടി യൂണിറ്റും ഈ പ്രോജക്ടുകൾ വഴി സൃഷ്ടിക്കപ്പെടും. 12 പുതിയ പ്രോജക്ടുകളാണ് 11-ാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. **336.90** മെഗാവാട്ട് സ്ഥാപിത ശേഷിയും **92.61** കോടി യൂണിറ്റ് ഉല്പാദനവും ഈ പ്രോജക്ടുകൾ വഴി ലക്ഷ്യമിടുന്നു. **182.45** കോടി രൂപയാണ് ഇതിനായി ബോർഡ് വകയിരുത്തുന്നത്. ആതിരപ്പള്ളി പദ്ധതിയുടെ അന്തിമമായ പരിസ്ഥിതി ക്ലീയറൻസ് കിട്ടുന്ന മുറയ്ക്കാണ് ഈ പദ്ധതി നടപ്പാക്കുക. കാവേരി ട്രൈബ്യൂണൽ വിധിയുടെ അടിസ്ഥാനത്തിൽ കേരള ഭവാനി, മാനന്തവാടി, പാമ്പാർ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീങ്ങിയിട്ടുണ്ട്. ട്രൈബ്യൂണൽ വിധിയിലെ അപാകതകൾ ചോദ്യം ചെയ്യുന്നതോടൊപ്പം തന്നെ ദ്രുതഗതിയിൽ ഈ പദ്ധതികൾ ട്രൈബ്യൂണൽ വിധിയുടെ ചട്ടക്കൂടിനകത്തുനിന്ന് നടപ്പാക്കാൻ ശ്രമിക്കുന്നതാണ്.

**115.** നിലവിലുള്ള പദ്ധതികളുടെ നവീകരണത്തിനായി **14** കോടി രൂപയും പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി **201.20** കോടി രൂപയും ചെലവാക്കാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്. വൈദ്യുതി വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിനായി **180** കോടി രൂപ ചിലവഴിക്കും. **5** ലക്ഷം സർവ്വീസ് കണക്ഷനുകൾ നൽകും.

**116.** നഗരങ്ങളിലെ വൈദ്യുത വിതരണ ശൃംഖല ശക്തിപ്പെടുത്താനും ജനങ്ങൾക്ക് ഫലപ്രദമായ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും ആക്സിലറേറ്റഡ് പവർ ഡെവലപ്മെന്റ് ആന്റ് റീഫോംസ് പ്രോഗ്രാമിനായി കേന്ദ്രവിഹിതമടക്കം **168** കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

**117.** കേരളത്തിലെ ഊർജ്ജമേഖലയിലെ ശ്രദ്ധേയമായ ഒരു ഇടപെടലിന് ഈ വർഷം തുടക്കമിടുകയാണ്. സമ്പൂർണ്ണ ഊർജ്ജസുരക്ഷാ മിഷൻ എന്ന മുൻനിര പ്രോജക്ടാണിത്. വൈദ്യുതി ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നിവ ചേർന്നായിരിക്കും ഈ നൂതന പരിപാടി നടപ്പിലാക്കുക. രാജീവ് ഗാന്ധി വൈദ്യുതീകരൺ യോജന, കേന്ദ്ര സർക്കാരിൻെറ പാരമ്പര്യേതര ഊർജ്ജ വികസന പദ്ധതികൾ എന്നിവ ഈ പദ്ധതിയുമായി സംയോജിപ്പിക്കും. മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഊർജ്ജ-സർവ്വെ, പവർലൈൻ മാപ്പിംഗ് എന്നിവ പൂർത്തീകരിക്കുക, 5 ലക്ഷം വീടുകളുടെ വൈദ്യുതീകരണം പൂർത്തിയാക്കുക, 1 ലക്ഷം പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക, 5 ലക്ഷം വൈദ്യുത ബൾബുകൾ മാറ്റി കോംപാക്റ്റ് ഫ്ളൂറസെന്റ് ലാമ്പുകൾ സ്ഥാപിക്കുക എന്നിവയായിരിക്കും ഈ വർഷത്തെ ലക്ഷ്യങ്ങൾ.

**118.** ചെറുകിട ജലവൈദ്യുത പദ്ധതികൾ, ജൈവ ഊർജ്ജ പദ്ധതികൾ, കാറ്റിൽനിന്നുള്ള വൈദ്യതി ഉല്പാദനം, ഡിമാൻഡ്സൈഡ് മാനേജ്മെന്റ് എന്നിവയ്ക്കുളള മാസ്റ്റർ പ്ളാൻ ഒരു വർഷത്തിനകം പൂർത്തിയാക്കും. 2 കോടി രൂപ മിഷൻ പ്രവർത്തനത്തിനായി നീക്കി വെച്ചിട്ടുണ്ട്. ഇത് കൂടാതെ 3.5 കോടി രൂപ അനെർട്ടിനും, 1.50 കോടി രൂപ ഐ.ആർ.ഇ.പി.ക്കും, 63 ലക്ഷം രൂപ എനർജി മാനേജ്മെൻ സെന്ററിനും, 3.5 കോടി രൂപ രാമക്കൽമേട് പദ്ധതിക്കും, 120 കോടി രൂപ രാജീവ്ഗാന്ധി വൈദ്യുതികരൺ പദ്ധതിയിൽ നിന്നും ലഭിക്കും

### ബയോഡീസൽ

**119.** ബയോഡീസൽ മേഖലയിലെ കേന്ദ്രസഹായം പൂർണ്ണമായും ഉപയോഗപ്പെടുത്തും. റബ്ബർ കായിലെ എണ്ണ ബയോ ഡീസലായി ഉപയോഗിക്കുക, ചകിരിച്ചോറ് ബയോമീഥേനേഷൻ നടത്തി ഗ്യാസ് നിർമ്മിക്കുക, ഗ്യാസഹോൾ ഉൽപ്പാദനത്തിന്റെ സാധ്യത പരിശോധിക്കുക തുടങ്ങിയ പാരമ്പര്യേതര ഊർജ്ജ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്. ഈ പ്രവർത്തനങ്ങൾ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ മുഖേനയായിരിക്കും നടപ്പിലാക്കുക.

## ഭരണ പരിഷ്കാരവും സദ്ഭരണവും

**120.** തുരുമ്പെടുത്തിരിക്കുന്ന ഭരണ യന്ത്രത്തെ സമൂലമായി അഴിച്ചുപണിതു കൊണ്ടു മാത്രമേ ബജറ്റിലെ കാഴ്ചപ്പാട് പ്രാവർത്തികമാക്കാൻ ആവൂ.

ഇതിനെന്തു വേണമെന്ന് നമ്മൾ തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ട്. നടപ്പാക്കപ്പെടുന്നില്ല എന്നതാണ് പ്രശ്നം. ഭരണ പരിഷ്കാര കമ്മീഷൻെറ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള മുൻകൈ ഈ വർഷം ഉണ്ടാകും. സർവ്വതലത്തിലുമുള്ള അഴിമതിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സർക്കാർ എടുക്കുന്നത്. ഇതിൻെറ ഭാഗമായി ഫിനാൻസ് ഇൻസ്പെക്ഷൻ കൂടുതൽ ശക്തിപ്പെടുത്തും.

**121.** പ്രായോഗികമായി 2007-08-ൽ ഊന്നൽ നൽകുക അധികാര വികേന്ദ്രീകരണത്തെ ജനകീയാസൂത്രണത്തിൻെറ ചാലിലേക്ക് തിരിച്ചുകൊണ്ടു വരുന്നതിനാണ്. ഒരു വകുപ്പുതല പരിപാടിയായല്ല, മറിച്ച് സർക്കാരിന്റെ കീഴ്ത്തട്ടിലെ ഭരണ സംവിധാനത്തെ ജനാധിപത്യ വൽക്കരിക്കുന്നതിൻെറ ഭാഗമായാണ് കേരളത്തിൽ അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയത്. എല്ലാ വികസന ഡിപ്പാർട്ടുമെന്റുകളുടെയും കീഴ്ത്തല ഭരണ സംവിധാനം പ്രാഥമികമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴ്പ്പെട്ട് പ്രവർത്തിക്കും. കഴിഞ്ഞ അഞ്ച് വർഷത്തിൽ, ജനകീയാസൂത്രണ കാലത്ത് കേരളത്തിന്റെ സാമാന്യ ബോധമായി മാറിയ ഈ സമീപനം അട്ടിമറിക്കപ്പെട്ടു. ഇത് തിരുത്തുക എന്നുള്ളത് ദുഷ്കരമാണ്. പക്ഷേ ചെയ്തേ തീരൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരും സംയോജിച്ചു കൊണ്ടുള്ള ഒരു പ്രവർത്തനശൈലിയാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്. ഇതിന് പ്രചോദനകരമായ രീതിയിലായിരിക്കണം ധനവിന്യാസം എന്ന് എടുത്തുപറയാതിരിക്കാനാവില്ല.

## ഗ്രാമപഞ്ചായത്തുകളും നഗരസഭകളും

**122.** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭരണ പരിഷ്കാരത്തിൻെറ താഴെ പറയുന്ന കാര്യങ്ങൾ 2007-08-ൽ നടപ്പിലാക്കുന്നതിനാണ് മുൻഗണന നൽകുന്നത്.

i. തീരുമാനപ്രകാരമുള്ള, ഉദ്യോഗസ്ഥ പുനർവിന്യാസം പൂർത്തീകരിക്കും. എഞ്ചിനീയർമാരുടെ കാര്യത്തെക്കുറിച്ച് മന്ത്രിസഭ തീരുമാനമെടുത്തു കഴിഞ്ഞു എന്നത് സഭയെ ഞാൻ അറിയിക്കുന്നു.

ii. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇതുവരെയുള്ള കണക്കുകൾ ചിട്ടപ്പെടുത്തി, അവയെ കമ്പ്യൂട്ടർവൽക്കരിക്കും. കമ്പ്യൂട്ടർ വാങ്ങുന്ന തിനുള്ള സ്വാതന്ത്ര്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്

നൽകുന്നതാണ്. ഡാറ്റാ മെക്കാനിക്കുകളുടെ സേവനം ഉപയോഗിച്ച് കമ്പ്യൂട്ടർവൽക്കരണം സമയബന്ധിതമായി പൂർത്തിയാക്കും.

iii. ബജറ്റ്, അക്കൗണ്ട്സ്, പൊതുമരാമത്ത്, പർച്ചേസ് ചട്ടങ്ങൾക്ക് അവസാന രൂപം നൽകി നിയമസഭാ സബ്ജക്റ്റ് കമ്മറ്റിക്കു കൈമാറും. അടുത്ത വർഷം മുതൽ പുതിയ ചട്ടങ്ങൾ നിലവിൽ വരും.

iv. ആസൂത്രണ നിർവഹണ പ്രക്രിയകളിലും ഗ്രാമസഭകളിലും ജനകീയ പങ്കാളിത്തം വർധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കും.

v. കേരള മുനിസിപ്പൽ പഞ്ചായത്ത് ആക്ടുകളിൽ വ്യവസ്ഥ ചെയ്ത പ്രകാരം പ്ളിന്ത് ഏരിയാ അടിസ്ഥാനത്തിൽ നികുതി വ്യവസ്ഥ നടപ്പാക്കും.

vi. വീട്, സാനിട്ടേഷൻ, വീട് മെയിന്റനൻസ്, മറ്റ് പ്രധാനപ്പെട്ട വ്യക്തിഗത ആനുകൂല്യങ്ങൾ, എന്നിവയ്ക്ക് സമഗ്ര ലിസ്റ്റുകൾ തയ്യാറാക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷ സ്വീകരിച്ച് ലിസ്റ്റ് തയ്യാറാക്കും. എല്ലാതട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാരിന്റെ സ്കീമുകൾക്കുമുള്ള മുൻഗണനാ ലിസ്റ്റായിരിക്കും ഇത്. എല്ലാ വർഷവും ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്ന ഇന്നത്തെ രീതി അവസാനിപ്പിക്കും.

vii. ജില്ലാ ആസൂത്രണ സമിതിയുടെ കീഴിലേക്ക് ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗത്തെയും ഡി.പി.ഐ. ഓഫീസിനെയും കൈമാറിക്കഴിഞ്ഞു. ഡി.ആർ.ഡി.എ. യുടെ ഒരു വിഭാഗം ഡി.പി.സി.ക്കു കീഴിലാണ് പ്രവർത്തിക്കുന്നത്. ഇവർക്കെല്ലാം ഒരുമിച്ച് പ്രവർത്തിക്കാനുള്ള ആസ്ഥാനം ജില്ലാതലത്തിൽ പണികഴിക്കും. ഇതിനായി ഈ വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു നിശ്ചിത തുക ഡി.പി.സി. സെക്രട്ടറിയായ കളക്ടറുടെ പേരിലുള്ള പ്രത്യേക അക്കൗണ്ടിലേയ്ക്ക് നൽകാൻ അനുമതി നൽകുന്നു.

**123.** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിനൊന്നാം പഞ്ചവത്സര പദ്ധതി ജനകീയാസൂത്രണ പദ്ധതി എന്നാണ് അറിയപ്പെടുക. നീർത്തട വികസന പരിപാടിയെയും ശുചിത്വ ആരോഗ്യ പരിപാടിയെയും ആസ്പദമാക്കി ജനകീയാസൂത്രണ മാതൃകയിൽ വിപുലമായ ക്യാമ്പയിൻ

സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കീഴ്ത്തട്ടിൽ നിന്നുള്ള നീർത്തട വികസന പദ്ധതികളെ ആസ്പദമാക്കിയുള്ള പഞ്ചവത്സര പദ്ധതികൾക്ക് രൂപം നൽകുന്നതിനോടൊപ്പം ഡി.പി.സി. യുടെ ആഭിമുഖ്യത്തിൽ വിദഗ്ദരുടെ സഹായത്തോടെ ജില്ലാ പദ്ധതികൾക്കും രൂപം നൽകും. ഇതുവരെയുള്ള ജില്ലയിലെ കീഴ്ത്തട്ട് പദ്ധതികൾ അവലോകനം ചെയ്ത് ജില്ലയുടെ സമഗ്ര വികസനത്തിന് ഓരോ മേഖലയിലും അനുവർത്തിക്കേണ്ട സമീപനങ്ങൾക്ക് രൂപം നൽകലാണ് ജില്ലാ പദ്ധതിയുടെ കർമ്മം. ജില്ലാ പദ്ധതികൾ പങ്കാളിത്ത രീതിയിലായിരിക്കും ആവിഷ്കരിക്കുക. ഇതിനാവശ്യമായ വിപുലമായ പരിശീലന പരിപാടികൾ കിലയുടെയും ജില്ലാ ആസൂത്രണ സമിതികളുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതാണ്. ആസൂത്രണ ക്യാമ്പയിൻ പ്രവർത്തന ങ്ങൾക്കു വേണ്ടി 3 കോടി രൂപ പരിശീലനത്തിനും മറ്റ് ആസൂത്രണ അനുബന്ധ പരിപാടികൾക്കും വേണ്ടി **'കില'** യ്ക്ക് വകയിരുത്തുന്നു.

## ഭരണ/സേവന വകുപ്പുകൾ

124. മുഖ്യമായും വികസന വകുപ്പുകളെ കുറിച്ചാണ് ഞാൻ ഇതുവരെ സംസാരിച്ചത്. ഇനി ഭരണ സേവന വകുപ്പുകളിലേയ്ക്ക് കടക്കാം.

## ആഭ്യന്തര-ജയിൽ-ഫയർ ആന്റ് റെസ്ക്യൂ വകുപ്പുകൾ

125. കേന്ദ്രസഹായം ഉപയോഗിച്ച് നടപ്പിലാക്കുന്ന പോലീസ് നവീകരണ പദ്ധതി കൂടുതൽ പണം സ്വരൂപിച്ചുകൊണ്ട് നടപ്പിലാക്കും. തെരഞ്ഞെടു ക്കപ്പെട്ട ജയിലുകളിൽ വീഡിയോ കോൺഫറൻസിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നത് ഈ വർഷം തന്നെ പൂർത്തിയാക്കും. വേണ്ട ഉപകരണങ്ങളോ മാനവശേഷിയോ ഇല്ലാതെ പുതുതായി ആരംഭിച്ചുകഴിഞ്ഞ ഫയർസ്റ്റേഷനുകളിൽ ഇവ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ത്വരിതപ്പെടുത്തും.

## കോടതികളുടെ കമ്പ്യൂട്ടർവൽക്കരണം

126. കേന്ദ്രസഹായം സ്വരൂപിച്ചുകൊണ്ട് കോടതികളിൽ ഘട്ടം ഘട്ടമായി കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തും.

## റവന്യൂ വകുപ്പ്

127. കൊടുവള്ളി, ചാലക്കുടി, ഉടുമ്പൻചോല, കടക്കൽ, കൊട്ടാരക്കര എന്നിവിടങ്ങളിൽ പുതിയ മിനി സിവിൽസ്റ്റേഷനുകൾ ആരംഭിക്കും. ആദിവാസികൾക്കായി 4752 ഏക്കർ ഭൂമി വിതരണം നടത്തിക്കഴിഞ്ഞിട്ടുണ്ട്. കൂടുതൽ ഭൂമി വിതരണം നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തും. ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി റവന്യൂ വകുപ്പിൽ ജില്ലാതലത്തിൽ കമ്പ്യൂട്ടർവൽക്കരണം വലിയ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇത് പൂർണ്ണമായി ഉപയോഗിക്കുകയും ജില്ലകളെയും തലസ്ഥാനത്തെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനും നടപടിയെടുക്കും. ലീഗൽമെട്രോളജി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലാബുകൾക്ക് എൻ.എ.ബി.എൽ. (NABL) അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കും.

## രജിസ്ട്രേഷൻ

128. രജിസ്ട്രേഷൻ വകുപ്പിൽ പ്രമാണങ്ങളുടെ ഡിജിറ്റൽ കോപ്പി ഉടനടി നൽകുന്നതിനു വേണ്ടി 3 കോടി രൂപ അധികമായി വകയിരുത്തുന്നു.

## എക്സൈസ്

129. പതിനൊന്ന് പുതിയ റേഞ്ചുകൾ ആരംഭിച്ചും, ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തിയും, പുതിയ വണ്ടികൾ വാങ്ങിയും എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കിക്കഴിഞ്ഞിട്ടുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനശൈലിയിൽ കാതലായ മാറ്റം ഇത് ഉണ്ടാക്കിയിട്ടുണ്ട് എന്ന് എനിക്കുറപ്പുണ്ട്.

## പെൻഷൻ പരിഷ്ക്കരണം, ക്ഷാമബത്ത കുടിശ്ശിക നൽകൽ

130. സർ, ഈ സർക്കാർ നേരിട്ട് ഉത്തരവാദിയല്ലെങ്കിൽ കൂടി സംസ്ഥാനത്തെ സർവ്വീസ് പെൻഷൻകാർക്ക് പെൻഷൻ പരിഷ്ക്കരണ ആനുകൂല്യങ്ങൾ മുഴുവനായി ഇനിയും ലഭ്യമായിട്ടില്ല എന്നതിന്റെ ധാർമ്മിക ഉത്തരവാദിത്തം ഞാൻ ഏറ്റെടുക്കുന്നു. ഇതു നൽകുന്നതിനു അക്കൗണ്ടന്റ് ജനറൽ ആഫീസിൽ സജ്ജമാക്കിയിരിക്കുന്ന നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതാണ്. കാലതാമസം മൂലം പെൻഷൻകാർക്ക് ഇനിയും ബുദ്ധിമുട്ടുകൾ അനുഭവപ്പെടാതിരിക്കുവാൻ 01.07.2004 ന് മുമ്പ് പെൻഷൻ പറ്റി പിരിഞ്ഞവർക്ക് പുതിയ പെൻഷൻ പരിഷ്ക്കരണത്തിലൂടെ ലഭിക്കാനുള്ള

കുടിശ്ശിക തുകയ്ക്ക് 01.04.2007 മുതൽ അത് ലഭ്യമാകുന്നതുവരെ 8 ശതമാനം പലിശ നൽകുന്നതാണ്. മാത്രമല്ല എല്ലാ പെൻഷൻകാർക്കും തടഞ്ഞുവച്ചിരിക്കുന്ന മുഴുവൻ ക്ഷാമ ബത്തയും (മൊത്തം 15 ശതമാനം) 01.04.2007 മുതൽ നാലുമാസം കൊണ്ട് നൽകുന്നതാണ്. ഇതിന് **462** കോടി രൂപ വേണ്ടിവരും. ഓരോ സർക്കാർ ഉദ്യോഗസ്ഥനും റിട്ടയർ ചെയ്യുന്ന അവസരത്തിൽ തന്നെ അതുവരെയുള്ള ക്ഷാമബത്ത കുടിശ്ശിക മുഴുവനായി നൽകുന്നതാണ്.

**131.** സർ, സർക്കാർ ജീവനക്കാർക്കും നാലു ക്ഷാമബത്ത കുടിശ്ശികകളാണ് നൽകാനുള്ളത് (ആകെ 15 ശതമാനം). ഇതിന് 1710 കോടി രൂപ വേണ്ടിവരും. 01.04.2007 മുതൽ 3 ശതമാനവും 01.10.2007 മുതൽ നാലുശതമാനവും 01.03.2008 ൽ ബാക്കിയുള്ള 8 ശതമാനവും ക്ഷാമബത്ത അനുവദിക്കുകയും ചെയ്യുന്നതാണ്. കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കും. 15 ശതമാനം ക്ഷാമബത്ത വർദ്ധനവിലൂടെ അധികമായി ചെലവാകുന്നത് സർക്കാർ ഉദ്യോഗസ്ഥർക്ക് പ്രതിവർഷം 674 കോടി രൂപയും പെൻഷൻകാർക്ക് 326 കോടി രൂപയുമാണ്. സർ, സർക്കാർ ജീവനക്കാർക്ക് ബാങ്കുകൾ വഴി ലഭ്യമാകുന്ന ഭവന വായ്പ വീണ്ടും ലഭിക്കുന്നതിന് വേണ്ട ഉത്തരവ് ഈ ഗവൺമെന്റ് പുറപ്പെടുവിച്ച് കഴിഞ്ഞിട്ടുണ്ട്.

## ധനകാര്യ സ്ഥാപനങ്ങൾ

**132.** .സർക്കാർ ഇൻഷൂറൻസ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. ഒരു സുരക്ഷിത കമ്പോളത്തിൽ ഒതുങ്ങിക്കഴിഞ്ഞു കൂടുകയാണ് സംസ്ഥാന ഇൻഷൂറൻസ് വകുപ്പ്. ഈ സ്ഥിതി മാറ്റി വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനു വേണ്ടി 6 മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകുന്നതിന് ഒരു കമ്മറ്റിയെ നിയോഗിക്കുന്നതാണ്.

**133** പുതിയ ട്രഷറികൾ ആരംഭിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ധനവകുപ്പ് വിശദമായ ഒരു പഠനം നടത്തിക്കഴിഞ്ഞു. ഇന്ത്യയിൽ ഒരു ട്രഷറിയിൽക്കൂടി ശരാശരി 190 കോടി രൂപയാണ് പ്രതിവർഷം ചെലവഴിക്കുന്നത്. കേരളത്തിൽ ഇത് 105 കോടി രൂപയാണ്. 1038 ചതുരശ്ര കിലോമീറ്ററിൽ 3.57 ലക്ഷം ജനസംഖ്യയ്ക്ക് ഒരു ട്രഷറി വീതം ഇന്ത്യയിൽ പ്രവർത്തിക്കുമ്പോൾ കേരളത്തിൽ 201 ചതുരശ്ര കിലോമീറ്ററിനും 1.65 ലക്ഷം ജനസംഖ്യയ്ക്കും ഒരു ട്രഷറി വീതമാണുള്ളത്. അതിനാൽ അത്യന്താ

പേക്ഷിതമല്ലാത്ത പുതിയ ട്രഷറികൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ തീരുമാനമെടുത്തു പ്രഖ്യാപിച്ചു കഴിഞ്ഞ ചില പുതിയ ട്രഷറികൾ ആരംഭിക്കും. മുക്കം, പുലാമന്തോൾ, ചേർപ്പ്, പള്ളുരുത്തി, റാന്നി–പെരുനാട് എന്നിവിടങ്ങളിലായിരിക്കും അത്. കേരളത്തിലെ എല്ലാ ട്രഷറികളും ബാങ്കിംഗ് ട്രഷറികളായി മാറ്റുവാനും കമ്പ്യൂട്ടർ വൽക്കരണം വഴി അവയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുവാനുമാണ് പ്രാധാന്യം നൽകുക.

**134.** ലോട്ടറി വകുപ്പിൻെറ പുന:സംഘടന സംബന്ധിച്ചുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടു കഴിഞ്ഞു. നിയമവിരുദ്ധമായി നടന്നുകൊണ്ടിരിക്കുന്ന ലോട്ടറികൾ നിരോധിക്കുന്നതിനുള്ള നിയമപരമായ പരിശ്രമങ്ങൾ ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുന്നു. അതോടൊപ്പം കേരളത്തിലെ ലോട്ടറി കമ്പോളത്തിൽ സംസ്ഥാന ലോട്ടറിയുടെ വില്പന ഗണ്യമായി ഉയർത്തുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. പ്രത്യേകാവശ്യങ്ങളോടെയുള്ള സൂപ്പർ ബംബർ ലോട്ടറികൾ, ആകർഷകമായ സമ്മാന ഘടന, ശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ, ഏജന്റുമാർക്കും വില്പനക്കാർക്കും കൂടുതൽ സൗകര്യങ്ങളും എല്ലാം പുന:സംഘടനാ പാക്കേജിൽ ഉൾപ്പെടുത്തും. ലോട്ടറി വില്പനക്കാർക്ക് ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യുന്നതിന് കേരളാ ലോട്ടറിയുടെ 10,000/– രൂപയുടെ ടിക്കറ്റുകൾ പ്രതിമാസം വിറ്റിരിക്കണം. ഈ ക്ഷേമനിധിയിലേക്ക് ലോട്ടറി വിറ്റുവരവിന്റെ 1 ശതമാനം വരുന്ന തുക സർക്കാരിൽ നിന്ന് നൽകുന്നതാണ്.

**135.** കേരള ഫിനാൻഷ്യൽ കോർപ്പറേഷനെക്കുറിച്ച് വ്യാപകമായ ആക്ഷേപം ഇന്ന് സംസ്ഥാനത്തുണ്ട്. ഒരു വികസന ഏജൻസിയുടെ ധർമ്മം ഈ സ്ഥാപനം നിർവ്വഹിക്കുന്നില്ല. അടിമുടി ഒരഴിച്ചുപണിയിലൂടെ മാത്രമേ സംസ്ഥാന വികസനത്തിന് ഉത്തേജകമാക്കി ഈ സ്ഥാപനത്തെ മാറ്റാനാവൂ. മാർച്ച്–ഏപ്രിൽ മാസങ്ങളിൽ ഈ പുന:സംഘടന പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

**136.** സംസ്ഥാന സർക്കാരിന്റെ ഏറ്റവും ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലൊന്നാണ് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്. കേവലം 10 കോടി രൂപ മുതൽമുടക്കുള്ള ഈ സ്ഥാപനം 184 കോടി രൂപ ലാഭ വിഹിതവും സർവ്വീസ് ചാർജ്ജും മറ്റുമായി സർക്കാരിലടയ്ക്കുന്നു. ഇതിനു പുറമെ ചിട്ടിയുടെ സെക്യൂരിറ്റിയും മറ്റ് ഡെപ്പോസിറ്റുകളുമായി 800 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിൻെറ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനം ഉടച്ചുവാർക്കാൻ

ഉദ്ദേശിക്കുന്നു. ഇന്ന് 180 കോടി രൂപ പ്രതിമാസ സലയുള്ള ബിസിനസ്സ് 500 കോടിയായി ഉയർത്തുന്നതിന് ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നു. ഇതിനായി നിലവിലുള്ള പ്രതിമാസ ചിട്ടികൾക്കു പുറമെ ദിവസ–ആഴ്ച ചിട്ടികളും ഗൾഫ് മലയാളികളെ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവാസി ചിട്ടികളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഗൾഫിൽ റീജിയണൽ ഓഫീസ് തുറക്കുന്നതാണ്. കേരളത്തിൽ 2007–08–ൽ 25 പുതിയ ബ്രാഞ്ചുകളും 100 സാറ്റലൈറ്റ് യൂണിറ്റുകളും തുറക്കുന്നതാണ്.

**137.** സർ, കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച രണ്ട് കാര്യങ്ങൾ പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഒന്നാമത്തേത് സംസ്ഥാന ബജറ്റിൻെറ വിശദമായ ജൻഡർ ആഡിറ്റാണ്. ഇതിന്റെ പ്രാഥമിക റിപ്പോർട്ടേ ലഭിച്ചിട്ടുള്ളൂ. താമസംവിനാ ഇതു പൂർത്തിയാക്കി ഭരണത്തെ കൂടുതൽ സ്ത്രീ സൗഹൃദമാക്കി മാറ്റും. ഇംപാക്റ്റ് ബജറ്റ് തയ്യാറാക്കും എന്ന് പറഞ്ഞതും പൂർത്തീകരിക്കാനായിട്ടില്ല. പൊതുമരാമത്ത്, ആരോഗ്യം തുടങ്ങിയ ചില മേഖലകളുടെ പ്രാഥമിക വിശകലനം തയ്യാറാക്കി പൂർണ്ണ ബജറ്റ് പാസാക്കുന്ന വേളയിൽ നിയമസഭയിൽ വയ്ക്കുന്നതാണ്.

**138.** ഈ കാര്യങ്ങൾ ചെയ്യുന്നതിന് നേരിട്ട മുഖ്യ പ്രതിബന്ധം സർക്കാരിൽ ഇവയ്ക്ക് പ്രാഗത്ഭ്യം ഉള്ളവരുടെ എണ്ണം ദുർലഭമാണെന്നുള്ളതാണ്. അക്കാദമിക് സ്ഥാപനങ്ങളെടുത്താലും ധനകാര്യ വിദഗ്ധരുടെ എണ്ണം വളരെ പരിമിതമാണ്. പതിമൂന്നാം ധനകാര്യ കമ്മീഷൻെറ രൂപീകരണത്തിന്റെ പശ്ചാത്തലത്തിൽ ധനകാര്യം ആഴത്തിൽ വിശകലനം ചെയ്യാൻ പറ്റുന്ന ഒരു സംഘത്തെ രൂപപ്പെടുത്തേണ്ടത് സുപ്രധാനമാണെന്ന് കരുതുന്നു. ഇന്ന് നികുതി വകുപ്പിന് കീഴിലുള്ള സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസിനെ ഒരു ഓട്ടോണമസ് ഗവേഷണ പരിശീലന സ്ഥാപനമായി ഉയർത്താൻ ഉദ്ദേശിക്കുന്നു. 1957 മുതൽ കേരള സർക്കാരിന്റെ ധനകാര്യ പ്രവർത്തനങ്ങളെ സഹായിക്കുകയും ഒരു ദശാബ്ദക്കാലം സംസ്ഥാന ആസൂത്രണത്തിന് ചുക്കാൻ പിടിക്കുകയും ചെയ്ത പ്രൊഫ. ഐ.എസ് ഗുലാത്തിയുടെ പേരിലായിരിക്കും ഈ സ്ഥാപനം അറിയപ്പെടുക. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സസ് (ഗിഫ്റ്റ്) ന് 5 കോടി രൂപ വകയിരുത്തുകയാണ്. കേന്ദ്ര ധനകാര്യ വകുപ്പിൽ നിന്ന് ഈ സ്ഥാപനത്തിന് ആവശ്യമായ ധനസഹായം ലഭിക്കുമെന്ന് ഉറപ്പായിട്ടുണ്ട് എന്ന് അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. 'ഗിഫ്റ്റിന്റെ' ആഭിമുഖ്യത്തിൽ 2007 ആഗസ്റ്റ് മാസത്തിൽ കേന്ദ്ര–സംസ്ഥാന ധനകാര്യ ബന്ധങ്ങളെക്കുറിച്ച് സംസ്ഥാന ധനമന്ത്രിമാരുടെയും വിദഗ്ധരുടേയും വിപുലമായ ഒരു സമ്മേളനം സംഘടിപ്പിക്കുന്നതാണ്.

**139.** സർ, ഈ ബജറ്റ് പാവപ്പെട്ടവരുടെ തൊഴിലും ക്ഷേമനേട്ടങ്ങളും സംരക്ഷിക്കുന്നതിനോടൊപ്പം പുതിയ കുതിപ്പിന്റെ മേഖലകളിലേയ്ക്കും അവയുടെ ഭൗതിക-സാമൂഹ്യ പശ്ചാത്തലമൊരുക്കുന്നതിനും തുല്യ ശ്രദ്ധ നൽകുന്ന ഒന്നാണ്. ഈ ചുവടുമാറ്റം വിജയിക്കണമെങ്കിൽ അത്യന്താപേക്ഷിതമായ ഒന്നുണ്ട് - മികവിനെ അംഗീകരിക്കുവാനും പ്രോത്സാഹിപ്പിക്കാനും നമുക്ക് കഴിയണം. സർക്കാർ സംവിധാനത്തിൽ ഇതിനേറെ പരിമിതിയുണ്ട്-വിശേഷിച്ച് ഏറ്റവും ഉന്നതമായ സർഗ്ഗാത്മക-വൈജ്ഞാനിക കഴിവുകളെ പ്രോത്സാഹിപ്പിക്കേണ്ടി വരുമ്പോൾ. അതുകൊണ്ട് 50-ാം വാർഷികത്തിന്റെ സ്മാരകമായി മികവിനെ പ്രോത്സാഹിപ്പിക്കാൻ ഒരു പ്രത്യേക ഫണ്ടും അതിനൊരു 'പ്രതിഭാ കൗൺസിലി' നും രൂപം നൽകുകയാണ്. വിവിധ വിജ്ഞാനമേഖലകളിലെ സർവ്വാദരണീയരും ദേശീയ, അന്തർദേശീയ അംഗീകാരം നേടിയ പണ്ഡിതരുടേയും ഭരണ - സംരംഭക നൈപുണിയെ പ്രതിനിധീകരിച്ച് ഏതാനും പേരടങ്ങുന്നതുമായിരിക്കും കൗൺസിൽ. പ്രോത്സാഹനമർഹിക്കുന്ന ഏറ്റവും മികച്ച വിദ്യാർത്ഥികളെയും പരീക്ഷണങ്ങളെയും കണ്ടെത്തി അവർക്ക് ഉപദേശങ്ങളും സാമ്പത്തിക പിന്തുണയും നൽകുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം ഈ കൗൺസിലിന് ഉണ്ടായിരിക്കും. ഇതിനുള്ള പണം മുഖ്യമായും കൗൺസിൽ തന്നെ കേരളത്തിന്റെ ഭാവിയിൽ താത്പര്യമുള്ള ഉദാരമനസ്കരിൽ നിന്ന് സമാഹരിക്കും. ഇവർ സമാഹരിക്കുന്ന സംഭാവനയുടെ 50 ശതമാനം വരുന്ന തുക സംസ്ഥാന സർക്കാർ ഗ്രാന്റായി നൽകും. ഇതിലേയ്ക്ക് ആദ്യ ഗഡുവായി 5 കോടി രൂപ വകയിരുത്തുന്നു.

## <u>ഭാഗം മൂന്ന്</u>

# വിഭവ സമാഹരണം

**140.** ഈ വർഷം പ്രതീക്ഷിക്കുന്ന 28950 കോടി രൂപയുടെ ചെലവിനുള്ള വരുമാനം എങ്ങനെ കണ്ടെത്താം എന്നാണ് ഇനി പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നത്. വർഷാവസാനത്തിൽ പ്രതീക്ഷിക്കുന്ന സംസ്ഥാന തനത് റവന്യു വരുമാനത്തിൽ ഏതാണ്ട് 20 ശതമാനം വർധന 2007-08-ൽ നേടുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കഴിഞ്ഞ ഒരു ദശാബ്ദത്തെ ശരാശരി വർദ്ധന ഏതാണ്ട്

12% മാത്രമാണ്. ഈ വർദ്ധനയിൽ ഏറ്റവും നിർണ്ണായക സംഭാവന വാറ്റ് നികുതിയിനത്തിലാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2946 കോടി രൂപയായിരുന്നു അക്കൗണ്ടന്റ് ജനറലിന്റെ കണക്കു പ്രകാരം വാറ്റ് നികുതി പിരിച്ചിരുന്നത്. 2 വർഷം കൊണ്ട് അത് 6000 കോടി രൂപ ആയി (ഏതാണ്ട് ഇരട്ടിയായി) ഉയർത്തുന്നതിനാണ് പരിശ്രമിക്കുന്നത്. ഇത് സംസ്ഥാനത്തിന്റെ നികുതി പിരിവിൽ ഒരു സർവകാല റെക്കോഡായിരിക്കും. നികുതിനിരക്കുകൾ ഉയർത്തിക്കൊണ്ടോ ബലപ്രയോഗംകൊണ്ടോ അല്ല ഈ വരുമാന വർദ്ധന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; കേരളത്തിലെ വ്യാപാരി വ്യവസായി സമൂഹവുമായി ഏറ്റവും സൗഹാർദ്ദപരവും ദൃഢവുമായ ബന്ധം വളർത്തിയെടുത്തുകൊണ്ടായിരിക്കും. ബജറ്റിനു മുമ്പ് മേഖലാ അടിസ്ഥാനത്തിൽ വിവിധ വ്യാപാരി സംഘടനകളുമായി പുതിയ സമീപനങ്ങളെക്കുറിച്ച് ചർച്ചചെയ്തു. സർ, അവർ ആവശ്യപ്പെട്ട ഏതാണ്ട് എല്ലാ പ്രധാനകാര്യങ്ങളും ഞാനീ ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## വ്യാപാരി സൗഹൃദ സമീപനം

**141.** കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ ഈ സർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുന്ന വ്യാപാരി സൗഹൃദ സമീപനത്തിന്റെ പ്രധാന നിലപാടുകൾ ഞാൻ എടുത്തുപറയുകയുണ്ടായി. അവയൊന്നും ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. 2007–08–ൽ നടപ്പാക്കാനുദ്ദേശിക്കുന്ന ചില കാര്യങ്ങൾ മാത്രം എടുത്തുപറയട്ടെ:

**ഒന്ന്.** സംസ്ഥാനത്തെ ഏറ്റവും നല്ല നികുതിദായകർക്ക് അവാർഡുകൾ ഏർപ്പെടുത്തും. എട്ട് വിഭാഗങ്ങളിലായിട്ടാണ് 3 പേർക്കുവീതം അവാർഡുകൾ നൽകുക. 2006–07 ൽ അടച്ച നികുതിക്ക് 50% മാർക്കും, 2005–06ൽ നൽകിയ നികുതിയിൽനിന്നുള്ള വളർച്ചയ്ക്ക് 25% മാർക്കും, നികുതി അച്ചടക്കത്തിന് 25% മാർക്കും വെയ്റ്റേജ് നൽകിയായിരിക്കും അവാർഡ് ജേതാക്കളെ നിർണയിക്കുക.

**രണ്ട്.** ഗ്രീൻകാർഡുകളുടെ പരിധി 50 ലക്ഷം രൂപയിൽനിന്ന് 20 ലക്ഷം രൂപയായി താഴ്ത്തും.

**മൂന്ന്.** കൂടുതൽ വ്യാപാരി പ്രതിനിധികളെ ഉൾപ്പെടുത്തി ജില്ലാതല ഗ്രീവൻസ് സെല്ലുകളെ പുനസംഘടിപ്പിക്കും. സംസ്ഥാന വാറ്റ് കൗൺസിൽ പുനസംഘടിപ്പിക്കും. കൗൺസിലിന്റെ

എക്സിക്യൂട്ടീവായിരിക്കും സംസ്ഥാനതല ഗ്രീവൻസ് സെല്ലായി പ്രവർത്തിക്കുക.

**നാല്.** എല്ലാ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലും ഹെൽപ്പ്ലൈൻ സ്ഥാപിക്കും.

**അഞ്ച്.** 5300 കോടിയെക്കാൾ കൂടുതൽ ലഭിക്കുന്ന വാറ്റ് നികുതി വരുമാനത്തിന്റെ ഒരു ശതമാനം ട്രേഡേഴ്സ് വെൽഫയർ ഫണ്ടിന് നൽകും.

## ലക്കിവാറ്റ്

**142.** 2006–07–ൽ നടപ്പാക്കിയ ലക്കിവാറ്റ് വിജയമായിരുന്നു. ഇതിനാകെ ഇതിനകം ചെലവായിട്ടുള്ളത് 5 കോടിയിൽ താഴെ രൂപയാണ്. ഇത് പൂർണമായും കേന്ദ്രസർക്കാർ ഗ്രാൻറായി നൽകി. പല സംസ്ഥാനങ്ങളും ഈ പദ്ധതി ഈ വർഷം മുതൽ നടപ്പാക്കുകയാണ്. ഇതുവരെയുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പോരായ്മകൾ പരിഹരിച്ചുകൊണ്ട് ലക്കിവാറ്റ് പൂർവ്വാധികം ശക്തമായി മുന്നോട്ടുകൊണ്ടുപോകാനാണ് തീരുമാനിച്ചിട്ടുള്ളത്. 10 കോടി രൂപ ഇതിനായി വകയിരുത്തുന്നു. സമ്മാന ഘടനയുടെ പരിഷ്കാരം, വ്യാപാര സ്ഥാപനങ്ങളുടെ സമ്മാനങ്ങൾകൂടി സ്കീമിൽ ഉൾപ്പെടുത്തൽ, ബില്ലെഴുതുന്നതിനുള്ള ജനകീയ പ്രചാരണം, ജില്ലാ അടിസ്ഥാനത്തിൽ മൂന്നുവീതം പ്രമോട്ടർമാർ എന്നിവയാണ് പുതുതായി സ്വീകരിക്കുന്ന നടപടികൾ.

## അസസ്മെന്റ് അദാലത്തുകൾ

**143.** കേരളത്തിൽ വാറ്റ് നടപ്പിലാക്കി രണ്ട് വർഷമായിട്ടും വൽപ്പനനികുതിയുമായി ബന്ധപ്പെട്ട 63000 അസസ്മെന്റുകൾ തീർപ്പു കൽപ്പിക്കാൻ ഇനിയും ബാക്കിയുണ്ട്. നടപ്പുവർഷത്തിൽ ഊർജ്ജിത പരിശ്രമം നടത്തിയിട്ടും 36000 കേസുകളാണ് തീർക്കാൻ കഴിഞ്ഞത്. പൊട്ടൻഷ്യലുള്ള കേസുകളെല്ലാം ഏതാണ്ട് തീർത്തുകഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള അസസ്മെന്റുകൾ അനന്തമായി നീട്ടികൊണ്ടുപോകുവാൻ കഴിയുകയില്ല. കുടിശ്ശികയുള്ള അസസ്മെന്റുകളിൽനിന്ന് നാമമാത്രമായ തുക മാത്രമേ പിരിഞ്ഞുകിട്ടാനുള്ളൂ എങ്കിലും ഇതൊഴിവാക്കുവാൻ സർക്കാരിന് കഴിയുകയില്ല. അതിനാൽ ബാക്കിയുള്ള അസസ്മെന്റുകൾ 6 മാസത്തിനകം തീർപ്പാക്കുവാനുള്ള ഊർജ്ജിത പരിപാടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

ഇതിനുവേണ്ടി ഓഫീസുകൾ തോറും അദാലത്തുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ഒന്ന്. ഇപ്രകാരം ദ്രുതഗതിയിൽ നികുതി നിർണയിക്കാനുള്ള അധികാരം വാണിജ്യ നികുതി കമ്മീഷണർ രൂപീകരിക്കുന്ന ഉദ്യോഗസ്ഥരുടെ ഒരു ടീമിന് നൽകുന്നതാണ്. ഇന്റലിജൻസ് വിഭാഗത്തിലുള്ള എല്ലാ ബന്ധപ്പെട്ട എൻക്വയറി/ക്രൈം ഫയലുകളും അസസ്മെന്റ് ഫയലുകളോടൊപ്പം ചേർത്ത് നികുതി നിർണയം നടത്തുന്നതാണ്. അപ്രകാരം തീർപ്പാക്കപ്പെട്ട നികുതി ഫയലുകൾ സാധാരണഗതിയിൽ പിന്നീട് പുനർനിർണയത്തിന് വിധേയമാക്കില്ല. എന്നിരുന്നാലും നികുതി പുനർനിർണയം ചെയ്യാൻ വേണ്ട അധികാരം കമ്മീഷണർക്ക് നൽകുന്നതാണ്.

രണ്ട്. ഇപ്രകാരം നികുതി നിർണയിക്കാൻ ചുമതലപ്പെടുത്തുന്ന ടീമിന് യുക്തിസഹമായ രീതിയിൽ നികുതിവെട്ടിപ്പ് കേസുകളിൽ വിറ്റുവരവ് നിർണയം ചെയ്യാനും പലിശ ഇളവുനൽകാനും പിഴ ഒഴിവാക്കുന്നതിനും അധികാരമുണ്ടായിരിക്കും. എന്നാൽ നിർണയിക്കപ്പെടുന്ന നികുതി നിർണയ ഉത്തരവിൽ നിർദ്ദേശിക്കുന്ന മുറയ്ക്ക് മുഴുവനായും ഒടുക്കിയെങ്കിൽ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുണ്ടാവുകയുള്ളു.

മൂന്ന്. ഇത്തരം അദാലത്തുകളിൽ അറിയിപ്പു ലഭിച്ചിട്ടും പങ്കെടുക്കാത്ത വ്യാപാരികളുടെ നികുതി നിർണയം അവരുടെ അഭാവത്തിൽ തീർപ്പാക്കുന്നതാണ്. ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുവാൻ ഉത്തരവിൽ പ്രതിപാദിക്കുന്ന മുഴുവൻ തുകയും അടക്കണമെന്ന നിബന്ധന കൊണ്ടുവരുന്നതാണ്.

നാല്. ഇത്തരത്തിൽ പുറപ്പെടുവിക്കുന്ന നികുതി നിർണയ ഉത്തരവുകൾ എല്ലാ ടീമംഗങ്ങളുടെയും ഐകകണ്ഠ്യേനയുള്ള തീരുമാന പ്രകാരം ആയിരിക്കണമെന്നും അതിൽ എല്ലാ അംഗങ്ങളും ഒപ്പുവെച്ചിരിക്കണമെന്നും നിഷ്ക്കർഷിക്കും. ടി ഉത്തരവ് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥർക്ക് വ്യക്തിപരമായ യാതൊരു ബാധ്യതകളും ഇതിനെതുടർന്നു ഉണ്ടാവുകയില്ല എന്നും നിഷ്ക്കർഷിക്കും.

## നടപടിക്രമങ്ങൾ ലഘൂകരിക്കൽ

**144.** നികുതി നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് ഒട്ടേറെ നിർദ്ദേശങ്ങൾ വ്യാപാരികൾ മുന്നോട്ടുവെച്ചിരുന്നു. അവയിൽ ഇപ്പോൾ അംഗീകരിച്ചിട്ടുള്ള കാര്യങ്ങൾ ഇവയാണ്:

**ഒന്ന്.** നിലവിലുള്ള നിയമം അനുമാന നികുതിദായകരെ ഒരു തരത്തിലുമുള്ള നികുതിയും പിരിക്കാൻ അനുവദിക്കുന്നില്ല. ഇതിന്റെ ഫലമായി പാക്കേജ്ഡ് ഉൽപ്പന്നങ്ങൾ എം.ആർ.പി. നിരക്കിൽ വിൽപ്പന നടത്തുമ്പോൾ ഇവർ ഉൽപ്പന്നങ്ങൾ വാങ്ങുമ്പോൾ നൽകിയ നികുതി പിരിച്ചെടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഈ നിയമം നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ വ്യാപാരികളിൽ വ്യാപകമായ പ്രതിക്ഷേധം ഉണ്ടായി. ഈ പശ്ചാത്തലത്തിൽ അനുമാന നികുതിദായകർക്കും നൽകിയ നികുതി പിരിക്കാനുള്ള അനുവാദം നൽകും.

**രണ്ട്.** വിറ്റുവരവും ഇൻപുട്ട് ടാക്സ് അവകാശവാദവും തമ്മിലുള്ള പൊരുത്തക്കേട് ആഡിറ്റ് ചെയ്ത കണക്കുകൾ ഹാജരാക്കുമ്പോഴാണ് ശ്രദ്ധയിൽപ്പെടാറുള്ളത്. വ്യാപാരികൾക്ക് ആഡിറ്റ് ചെയ്ത കണക്കുകൾ ഹാജരാക്കുമ്പോൾ പുതുക്കിയ റിട്ടേൺ നികുതിയും പലിശയും സെറ്റിൽമെന്റ് ഫീയും ചേർത്തടയ്ക്കുന്നതിന് മറ്റൊരവസരം കൂടി നൽകുന്നതാണ്.

**മൂന്ന്.** സർക്കാർ കരാർ പണികൾ മാത്രം ചെയ്യുന്ന കരാറുകാർ അത്തരം പണികൾക്ക് കോംപൗണ്ടിംഗ് നികുതി ആണ് അടക്കുന്നതെങ്കിൽ അവർ ഇനിമുതൽ വാർഷിക നികുതി റിട്ടേൺ മാത്രം നൽകിയാൽ മതിയാകുന്നതാണ്.

**നാല്.** എല്ലാ തരത്തിലുള്ള വ്യാപാരികൾക്കും ഒരേ രീതിയിലുള്ള ബില്ല് ഉപയോഗിക്കാനുള്ള അനുവാദം നൽകാൻ ഉദ്ദേശിക്കുന്നു. ആയതിനു വേണ്ട ബില്ലിന്റെ ഘടന പുനർനിർണ്ണയിച്ച് അത് ലളിതവത്കരിക്കുന്നതും അതിനു വേണ്ട നിയമഭേദഗതികൾ വരുത്തുന്നതുമാണ്.

**അഞ്ച്.** വ്യാപാരികൾ അല്ലാത്ത ഉപഭോക്താക്കൾ വിറ്റസാധനം തിരികെ കൊണ്ടുവരുന്ന പക്ഷം ഡെബിറ്റ് നോട്ടിന് പകരം

ഉപഭോക്താക്കളിൽ നിന്നും കൈപ്പറ്റ് രശീത് സ്വീകരിച്ച് തീർപ്പാക്കത്തക്കവിധം നിയമത്തിൽ ഭേദഗതി വരുത്തുന്നതാണ്.

**ആറ്.** കേരള മൂല്യവർദ്ധിത നികുതി നിയമം 24-ാം വകുപ്പു പ്രകാരം നിലവിലുള്ളതുപോലെ 22-ാം വകുപ്പു പ്രകാരമുള്ള ഉത്തരവിനെതിരെയും അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്മിറ്റഡ് നികുതി തുക മാത്രം അടച്ചാൽ മതിയെന്ന് വ്യവസ്ഥചെയ്ത് നിയമത്തിൽ ഭേദഗതി വരുത്തും.

**145.** 2006 ലെ ധനകാര്യ നിയമപ്രകാരം ഫിനോളിന്റെ നികുതി നിരക്ക് 4% ആയി കുറവുചെയ്യുകയുണ്ടായി. മുളയും മുളയുൽപ്പന്നങ്ങളും നികുതി വിമുക്തമാക്കി. എന്നാൽ നിയമത്തിന്റെ പട്ടികയിൽ മേൽച്ചരക്കുകളുടെ വിവരണങ്ങളിൽ വന്ന അവ്യക്തതകൾ ദുരീകരിക്കുന്നതാണ്.

**146.** കഴിഞ്ഞ വർഷത്തെ അധികരിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് ക്ളെയിം ചെയ്യുന്നതിന് 28.02.07 വരെ സമയം നൽകിയിട്ടുണ്ട്. ആഡിറ്റ് സർട്ടിഫിക്കറ്റ് ഫയൽചെയ്യുന്നതിന് 15.03.07 വരെ സമയം നീട്ടി നൽകുന്നതാണ്.

**147.** റീഫണ്ട് വലിയതോതിൽ കുടിശ്ശികയാണ്. ഫലപ്രദമായ റിട്ടേൺ സ്ക്രൂട്ടിണി സമ്പ്രദായവും വാറ്റ് ഓഡിറ്റും ഇനിയും പ്രാവർത്തികമാകാത്തതുകൊണ്ട് വ്യക്തിപരമായി തീരുമാനമെടുത്ത് റീഫണ്ട് നൽകുന്നതിൽനിന്ന് ഉദ്യോഗസ്ഥർ ഒഴിഞ്ഞുമാറുകയാണ്. വാറ്റ് സമ്പ്രദായം പൂർണതയിലേക്കെത്താൻ ഇനിയും കാലതാമസമുണ്ടാകും. എന്നാൽ റീഫണ്ട് വെച്ചുതാമസിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ റീഫണ്ടുകൾക്ക് അദാലത്തുകൾ നടത്തി അടിയന്തരമായി തീരുമാനമെടുക്കും.

**148.** ചില സാധനങ്ങളുടെ നികുതിയെയും നികുതി നിരക്കിനെയും സംബന്ധിച്ച് നിലനിന്നിരുന്ന അവ്യക്തതകൾ വ്യാപാരി സമൂഹത്തിന് പല പ്രയാസങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. ആദ്യവില്പന നടത്തിയ വ്യാപാരി അധിക നികുതി നൽകുകയും ഡീലർമാർക്ക് ഡബിറ്റ്നോട്ട് നൽകുകയും ചെയ്താലും ഇൻപുട്ട് ടാക്സ് ക്രഡിറ്റ് എടുക്കുവാൻ വ്യാപാരികളെ ഇന്ന് നിയമം അനുവദിക്കുന്നില്ല. ഇത് അനുവദിക്കുന്നതിന് നിയമ പ്രാബല്യം നൽകുകയും ആയതിന് 31.03.07 വരെ കാലാവധി നൽകുന്നതാണ്.

**149.** ഇപ്പോൾ നിലവിലുള്ള വാറ്റ് നിയമ പ്രകാരം ഡിസ്ക്കൗണ്ട് ബില്ലിൽ ഉൾപ്പെടുത്തി നൽകിയാൽ മാത്രമേ അനുവദിക്കുകയുള്ളൂ. എന്നാൽ ചില

സിമന്റ് കമ്പനികൾ വിൽപ്പന കഴിഞ്ഞ് കുറേ കാലാവധിക്ക് ശേഷം ക്രഡിറ്റ് നോട്ട് വഴി തുടർവിൽപ്പനയ്ക്ക് ഡിസ്ക്കൗണ്ട് നൽകുകയുണ്ടായി. ഇപ്രകാരം രണ്ടാം വിൽപ്പനക്കാർ വിറ്റുവരവ് കുറച്ചുകാട്ടിയത് അനുവദനീയമല്ലാത്തതിനാൽ ക്രഡിറ്റ് നോട്ട് തുക കൂടി കൂട്ടി നികുതി നിർണ്ണയം നടത്തേണ്ടി വന്നു. ഇത്തരം വ്യാപരികൾ വാങ്ങൽ വിലയേക്കാൾ കുറച്ചു വിൽക്കുന്നതിനാൽ അവർക്ക് പിരിച്ച നികുതിയേക്കാൾ കൂടുതൽ തുക അടയ്ക്കേണ്ട സ്ഥിതി വന്നു. ഇത് സിമന്റ് വ്യാപാര മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കി. ഈ സ്ഥിതിവിശേഷം തരണം ചെയ്യുന്നതിനായി ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായി സിമന്റ് കമ്പനികൾ ആദ്യ വിൽപ്പനയിൽ മുഴുവൻ നികുതി അടയ്ക്കുകയും അതിനുശേഷം നൽകിയ ഡിസ്ക്കൗണ്ടിൽ കമ്പനിയും തുടർ വിൽപ്പന നടത്തിയ വ്യാപാരികളും റീഫണ്ട് ചോദിക്കുകയും ഇല്ല എന്ന അടിസ്ഥാനത്തിൽ ഇത്തരം ഡിസ്ക്കൗണ്ട് 2005–06 കാലയളവിൽ അനുവദിക്കാൻ തീരുമാനിച്ചു.

**150.** രജിസ്ട്രേഷന് വലിയ കാലതാമസം ഉണ്ടാകുന്നു എന്നുള്ള ആക്ഷേപം നിലനിൽക്കുന്നു. ഇതൊഴിവാക്കുന്നതിനും രജിസ്ട്രേഷൻ അപേക്ഷ നൽകിയ തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ നൽകുന്നതിനും നിയമത്തിൽ വ്യക്തത കൊണ്ടുവരുന്നതാണ്.

**151.** പൂർണ്ണ അപേക്ഷ നൽകിയ എല്ലാ രജിസ്റ്റേർഡ് വ്യാപാരികൾക്കും മൂന്നു മാസത്തിനകം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഇതിനായി മേഖലാ അടിസ്ഥാനത്തിൽ പ്രത്യേക സംവിധാനം ഉണ്ടാക്കും.

**152.** 31.03.07 ൽ നിയമപരമായി നികുതിനിർണയം പൂർത്തീകരിക്കേണ്ട എല്ലാ നികുതിനിർണ്ണയങ്ങളും എല്ലാതരത്തിലുള്ള പുനർനിർണ്ണയങ്ങളും ചെയ്യാനുള്ള കാലാവധി 31.03.08 വരെ നീട്ടാൻ വ്യവസ്ഥ ചെയ്യുന്നതാണ്.

**153.** പൊതുവില്പന നികുതിയുടെ ഏഴാം വകുപ്പിൽ ബാർ അറ്റാച്ച്ഡ് ഹോട്ടലുകളുടെ ടേണോവർ ടാക്സ് കോമ്പൗണ്ടഡ് നിരക്കിൽ നിർണയിക്കുന്നതിൽ അവ്യക്തതകൾ ഉണ്ട്. ഇത് ദൂരീകരിക്കുന്നതിന് വാണിജ്യനികുതി വകുപ്പ് ഇറക്കിയ സർക്കുലറിന് നിയമസാധുത നൽകുന്നതിനുള്ള ഭേദഗതി ഉദ്ദേശിക്കുന്നു.

**154.** ഇപ്പോൾ ചില വ്യാപാരികൾ നികുതി നിർണ്ണയം നടത്തുന്ന ഓഫീസറുടെ അധികാര പരിധിക്കപ്പുറത്തുള്ള ബാങ്കുകളിലെ ചെക്കുകൾ നൽകുന്നതുമൂലം സർക്കാർ കണക്കുകളിൽ വരവ് വെച്ചുകിട്ടുന്നതിന്

കാലതാമസം ഉണ്ടാകുന്നുണ്ട്. അത് ഒഴിവാക്കാൻ ബന്ധപ്പെട്ട ഓഫീസറുടെ ഹെഡ്ക്വാട്ടേഴ്സിൽ ക്ലിയർ ചെയ്യാൻ കഴിയുന്ന ബാങ്ക് ചെക്കുകൾ മാത്രമേ ഇനിമുതൽ സ്വീകരിക്കുകയുള്ളൂ. കൂടാതെ നികുതി ദായകർക്ക് നികുതി തെരഞ്ഞെടുത്ത ദേശസാൽകൃത ബാങ്കുകൾ വഴി അടയ്ക്കുവാനുള്ള ഒരു സൗകര്യം ഒരുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എടുത്തുവരുന്നു.

**155.** സംസ്ഥാനത്തിനകത്ത് ആദ്യ വിൽപ്പന നടത്തുന്നതും വാർഷിക ഔട്ട്പുട്ട് ടാക്സ് ബാധ്യത 25 ലക്ഷമോ അതിലധികമോ വരുന്നതുമായ വ്യാപാരികൾ അവരുടെ നികുതി റിട്ടേണുകളും വാങ്ങൽ വിൽപ്പന പട്ടികകളും ഇലക്ട്രോണിക് ആയി ഫയൽ ചെയ്യുന്നത് നിർബന്ധമാക്കിക്കൊണ്ട് നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നതാണ്. മൂല്യ വർദ്ധനവിന്റെ വിവിധ ഘട്ടങ്ങളിലുള്ള നികുതിയടവ് പരിശോധനാവിധേയമാക്കാൻ ഉള്ള സ്ഥിതിവിവര കണക്കുകൾ ഇതിലൂടെ ആദ്യമേ തന്നെ ലഭ്യമാകുന്നതാണ്.

**156.** ധാരാളം വിൽപ്പന ഇടപാടുകൾ ബാങ്കുവഴി അല്ല. ഇതിനാൽ അവയിൽ നല്ല പങ്ക് നികുതിക്ക് വിധേയമാകാതെ പോകുന്നു. ഇത് ഒഴിവാക്കുന്നതിനായി ആദായ നികുതി നിയമത്തിൽ നിലവിലുള്ളതുപോലെ 20,000 രൂപയ്ക്ക് മുകളിലുള്ള ഇടപാടുകൾക്ക് ചെക്കോ, ഡിമാന്റ് ഡ്രാഫ്റ്റോ നിർബന്ധമാക്കി നിയമത്തിൽ വ്യക്തമായ ഭേദഗതി വരുത്തുന്നതാണ്.

**157.** നിലവിലുള്ള നിയമ പ്രകാരം ഏതെങ്കിലും വിറ്റുവരവ് വെളിപ്പെടുത്താതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അത് ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്താൻ വ്യവസ്ഥയുണ്ട്. പക്ഷേ ഇത് ഒരു ധനകാര്യ വർഷം കഴിഞ്ഞാണോ അതോ റിട്ടേൺ കാലാവധി കഴിഞ്ഞാണോ ചെയ്യേണ്ടതെന്ന കാര്യത്തിൽ അവ്യക്തതയുണ്ട്. ഇത് ദൂരീകരിക്കുന്നതിനായി നികുതി പുനർനിർണ്ണയം റിട്ടേൺ കാലാവധിയായ 1 മാസം കഴിഞ്ഞാൽ ഉടൻ നടത്താമെന്ന് വ്യവസ്ഥചെയ്ത് നിയമത്തിൽ വ്യക്തത വരുത്തുന്നതാണ്.

**158.** തോട്ടം ഉടമകൾ അവർ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ ബ്രോക്കർമാർ വഴി ലേലത്തിൽ വിൽക്കുമ്പോൾ ബ്രോക്കർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവരെ വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. ചെറുകിട തേയില കർഷകർ ബോട്ട് ലീഫ് ഫാക്ടറികൾ വഴിയാണ് തങ്ങളുടെ ഉല്പന്നങ്ങൾ ലേലകേന്ദ്രത്തിൽ എത്തിച്ച് വിൽപ്പന നടത്തുന്നത്. മേൽപറഞ്ഞ ആനുകൂല്യം ഇത്തരം ബോട്ട് ലീഫ് ഫാക്ടറികൾക്ക് കൂടി നൽകാൻ ഉദ്ദേശിക്കുന്നു.

## നികുതിയിളവുകൾ

**159.** കഴിഞ്ഞ തവണ 9 ഇനം ചരക്കുകൾക്ക് ഏർപ്പെടുത്തിയ 20% നികുതി ആ വിഭാഗങ്ങളിൽ ശക്തമായ പ്രതിഷേധമുളവാക്കി. കേരളത്തിലെ ഏതാണ്ട് എല്ലാ വ്യവസായ ഉപഭോക്തൃ ഉല്പന്നങ്ങൾക്കും 22-24% നികുതിയാണ് നൽകിയിരുന്നത്. അതാണ് വാറ്റ് നിയമത്തിൽ 12.5 ശതമാനമായി താഴ്ത്തിയത്. ഈ പശ്ചാത്തലത്തിൽ ചില ഇനങ്ങൾക്കെങ്കിലും 20% നികുതി ന്യായീകരിക്കാവുന്നതാണ് എന്നാണ് ഞാൻ വാദിച്ചത്. എന്നാൽ പ്രവേശന നികുതിയുടെ സംരക്ഷണം കേരളത്തിലെ കമ്പോളത്തിന് ഇല്ലാതായതോടുകൂടി ഉയർന്ന നികുതി കേരളത്തിന്റെ വ്യാപാരം മാഹിയിലേക്കും മറ്റ് അയൽ സംസ്ഥാനങ്ങളിലേയ്ക്കും മാറുന്നതിനിടയാക്കും എന്ന് മനസ്സിലാക്കുന്നു. കേരളത്തിലെ വാണിജ്യത്തെ ദുർബലപ്പെടുത്തിക്കൊണ്ട് ഇത്ര ഉയർന്ന നിരക്കിൽ നികുതി പിരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. മറ്റു സംസ്ഥാനങ്ങളുമായി നികുതിനിരക്കിൽ ചെറിയ വ്യത്യാസമേ സാധ്യമാവുകയുള്ളു. അതുകൊണ്ട് ഏറിയേറ്റഡ് ശീതളപാനീയങ്ങൾ, മാർബിൾ/ ഗ്രാനൈറ്റ് ഒഴികെ ബാക്കി എല്ലാ ഉല്പന്നങ്ങളുടെയും നികുതി **12.5** ശതമാനത്തിലേക്ക് താഴ്ത്തുന്നു. കുപ്പിപാനീയങ്ങൾ കുടിക്കുന്നതിന് അയൽ സംസ്ഥാനത്ത് ആരും പോകുമെന്ന് കരുതുന്നില്ല. മാർബിളിന്റെയും ഗ്രാനൈറ്റിൻെറയും കാര്യത്തിൽ പ്രത്യേക കോമ്പൗണ്ടിംഗ് ഫോർമുല പ്രഖ്യാപിക്കുന്നുണ്ട്. മറ്റ് ഉൽപ്പന്നങ്ങളുടെ ഡീലർ അസോസിയേഷനുകളുമായി നടത്തിയ ചർച്ചകളിൽ ഇപ്പോൾ ലഭിച്ചതിനേക്കാൾ 20 ശതമാനമെങ്കിലും നികുതിവരുമാനം കൂടുതൽ അടുത്ത വർഷം ലഭ്യമാക്കുന്നതിന് ചില സഹകരണ നടപടികൾ അവർ വാഗ്ദാനം ചെയ്തിട്ടുണ്ട്. ആ ധാരണ അവർ പാലിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

**160.** കൊച്ചിയുടെ ഭൂമിശാസ്ത്രപരമായ അനുകൂല സാഹചര്യം മുതലാക്കാനും കൊച്ചിയെ പ്രധാനപ്പെട്ട ഒരു ബങ്കറിംഗ് തുറമുഖമാക്കി മാറ്റാനുള്ള കാഴ്ചപ്പാടോടുകൂടി കഴിഞ്ഞ ബജറ്റിൽ മത്സ്യബന്ധനത്തിനല്ലാത്ത വിദേശ കപ്പലുകൾക്ക് ബങ്കറിംഗിന് മൂല്യവർദ്ധിതനികുതി 0.5% ആയി കുറയ്ക്കുന്നതിന് തീരുമാനിച്ചു. എന്നാൽ കേന്ദ്രസർക്കാരിൽനിന്ന് ചില സ്പഷ്ടീകരണങ്ങൾ ലഭിക്കാതിരുന്ന സാഹചര്യത്തിൽ ഫൈനാൻസ് ആക്ടിൽ ഇത് ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. എന്നാലും ഇനിയും കാലതാമസം വരുത്തുവാൻ സർക്കാർ ആഗ്രഹിക്കുന്നില്ല. ഈ ആനുകൂല്യം ഏപ്രിൽ 1 മുതൽ നടപ്പിലാക്കും.

**161.** കമ്പനികളല്ലാത്ത എല്ലാ കാർഷിക ആദായനികുതിദായകർക്കും കഴിഞ്ഞ വർഷം നൽകിയ നികുതി ഒഴിവുകൾ ഒരു വർഷം കൂടി തുടരുന്നതാണ്.

**162.** നാളീകേരത്തിന് കഴിഞ്ഞവർഷം നൽകിയ നികുതി ഒഴിവ് ഒരു വർഷംകൂടി തുടരുന്നതാണ്.

**163.** തീപ്പെട്ടിക്കമ്പനികളെ സഹായിക്കുന്നതിനുവേണ്ടിയായിരുന്നു പാഴ്മരങ്ങളുടെ നികുതി നിരക്ക് 4 ശതമാനമായി കുറച്ചിരുന്നത്. എന്നാൽ ഇത് നികുതി വെട്ടിപ്പ് നടത്തുന്നതിനുള്ള ഒരു മറയായി വൻകിട വ്യാപാരികൾ ഉപയോഗിക്കുകയും വലിയ തോതിൽ നികുതിവെട്ടിപ്പ് നടത്തുകയും ചെയ്തു. ഇത് ഒഴിവാക്കാനാണ് റബർ മരങ്ങൾ ഒഴികെയുള്ള പാഴ്മരങ്ങൾക്ക് നൽകിയിരുന്ന നികുതിയിളവ് പിൻവലിച്ചത്. ഇത് തീപ്പെട്ടി കമ്പനികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പാഴ്മരം ഉപയോഗിച്ചു കൊണ്ടുള്ള വ്യവസായത്തെ സംരക്ഷിക്കുന്നതിനുവേണ്ടി വട്ട, പാല, മട്ടി, ഇലവ്, കാറ്റാടി എന്നീ പാഴ്മരങ്ങളുടെ നികുതി 4 ശതമാനമായി കുറയ്ക്കുന്നതാണ്. ഇപ്പോൾ നിലവിലുള്ള നിയമ പ്രകാരം സംസ്ഥാനത്ത് ഉള്ള ഉൽപ്പാദകർ വാങ്ങൽ നികുതിക്ക് വിധേയമായ സാധനങ്ങൾ ആ മാസംതന്നെ ഉൽപ്പാദനത്തിന് ഉപയോഗിച്ചാലും വാങ്ങല നികുതി അടയ്ക്കേണ്ട സ്ഥിതി നിലവിലുണ്ട്. ഇത് കണക്കിലെടുത്ത് ഇത്തരം ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത നികുതിക്കോ, കേന്ദ്രവിൽപ്പന നികുതിക്കോ വിധേയമാകുകയാണെങ്കിൽ അത്തരം ഉൽപ്പാദകരെ വാങ്ങൽ നികുതി തൻമാസം അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കുകയാണ്.

**164.** വാറ്റ് നിയമപ്രകാരം വ്യവസായ പ്രോത്സാഹനത്തിന് നികുതിയിളവ് നൽകാനാവില്ല. എന്നാൽ വേണ്ടത്ര അവധാനതയില്ലാതെ വാറ്റിലേക്കുള്ള പരിവർത്തനം ചില പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പഴയ വില്പനനികുതി നിയമ പ്രകാരം ലഭിക്കേണ്ടിയിരുന്ന ചില ഇളവുകൾ വ്യവസായ യൂണിറ്റുകൾക്ക് ചില സാങ്കേതിക കാരണങ്ങളാൽ നിഷേധിക്കപ്പെടുകയുണ്ടായി. കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തിയപ്പോൾ പല വ്യവസായ സ്ഥാപനങ്ങളും അവരുടേതല്ലാത്ത കുറ്റംകൊണ്ട് ഭീമമായ നികുതിക്കുടിശ്ശിക അടക്കേണ്ടനിലയിലായി. അവ നിർബന്ധപൂർവ്വം പിരിക്കുകയാണെങ്കിൽ പല സ്ഥാപനങ്ങളും പൂട്ടേണ്ടതായിവരും. ഇത് സംഭവിക്കാൻ സർക്കാർ ആഗ്രഹിക്കുന്നില്ല. അതിനാൽ താഴെപറയുന്ന ഇളവുകൾ വ്യവസായ സംരക്ഷണ നയത്തിന്റെ ഭാഗമായി അനുവദിക്കുന്നു.

a. 01.04.05–ൽ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന വ്യവസായനയ പ്രകാരം വ്യവസായ യൂണിറ്റുകൾക്ക് നൽകപ്പെട്ട ആനുകൂല്യങ്ങൾ കാലാവധി തീരുന്നതുവരെ നൽകാൻ വാറ്റ് ഉന്നതാധികാര സമിതി അനുവദിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിൽ മൂല്യവർധിത നികുതിയിൽ ഡെഫർമെന്റ് അനുവദിച്ചെങ്കിലും ഇതുമായി ബന്ധപ്പെട്ട് കേന്ദ്രവില്പന നികുതിയിൽ ഇളവുനൽകിയിരുന്ന നോട്ടിഫിക്കേഷൻ ഉൾപ്പെടെയുള്ള എല്ലാ നോട്ടിഫിക്കേഷനുകളും പിൻവലിക്കപ്പെട്ടു. വ്യവസായ സ്ഥാപനങ്ങൾക്ക് ഉണ്ടായിരുന്ന രണ്ട് ശതമാനം നിരക്കിലുള്ള കേന്ദ്ര വിൽപ്പന നികുതി ഇളവ് പുന:സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഒടുക്കിയ നികുതി തിരിച്ചു നൽകുകയില്ലെന്ന നിബന്ധന യോടെ ഈ ഇളവിന് 01.04.05 മുതൽ മുൻകാല പ്രാബല്യം നൽകുന്നതാണ്. ഇതുവഴി 7 കോടി രൂപയുടെ നികുതി നഷ്ടം കണക്കാക്കുന്നു.

b. 01.04.94 മുതൽ 31.12.99 വരെ പ്ളൈവുഡ്, വെനീർ എന്നിവയ്ക്കുപയോഗിക്കുന്ന സോഫ്റ്റ് വുഡിനെ നികുതി വിമുക്തമാക്കിയിരുന്നു. എന്നാൽ ബ്ളോക്ക് ബോർഡ്, ബ്ളോക്ക് ബോർഡ് ഫ്രെയിംസ് എന്നീ വ്യവസായങ്ങൾ ഈ ആനുകൂല്യത്തിൽനിന്നും എന്തുകൊണ്ടോ ഒഴിവാക്കപ്പെടുകയുണ്ടായി. ഒടുക്കിയ നികുതി തിരിച്ചുനൽകില്ല എന്ന നിബന്ധനയോടെ ഈ യൂണിറ്റുകൾക്കും മേൽപറഞ്ഞ കാലാവധിയിലേക്ക് ഈ ആനുകൂല്യം നൽകാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇതുവഴി 2 കോടി രൂപയുടെ നികുതി നഷ്ടം കണക്കാക്കുന്നു.

c. ഖാദി–ഗ്രാമ വ്യവസായ മേഖലയിൽ നികുതിയിളവ് നിലവിലുണ്ടായിരുന്നു. എന്നാൽ ഇളവുകൾ 01.04.2000 മുതൽ 21 ഇനം വ്യവസായങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തി. 2004–05 കാലയളവിൽ 50 ലക്ഷം രൂപ വിറ്റുവരവ് പരിധി നിശ്ചയിച്ചുകൊണ്ട് നികുതിയിളവ് നൽകുകയുണ്ടായെങ്കിലും ഇതിന് മുൻകാല പ്രാബല്യം നൽകിയിരുന്നില്ല. 01.04.2000 മുതൽ 31.03.2004 വരെയുള്ള കാലയളവിൽ ഈ സ്ഥാപനങ്ങൾ നികുതി പിരിക്കുകയോ ഒടുക്കുകയോ ചെയ്തിരുന്നില്ല. ഈ കാലയളവിലെ നികുതി പിരിച്ചെടുക്കാൻ ശ്രമിച്ചാൽ ഒട്ടുമിക്ക സ്ഥാപനങ്ങളും പൂട്ടിയിടേണ്ടിവരും. ഈ മേഖലയെ സംരക്ഷിക്കുന്നതിന് 2004–05 ൽ

നൽകിയ നികുതിയിളവ് 01.04.2000 മുതൽ മുൻകാലപ്രാബല്യത്തോടെ നടപ്പിലാക്കുന്നതാണ്. 2 കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു.

**165.** 2006 ധനകാര്യ നിയമത്തിൽ അനുമാന നികുതിദായകർക്ക് 10 ലക്ഷം രൂപാവരെയുള്ള വിറ്റുവരവിന് അടിസ്ഥാന നികുതി ഒഴിവ് 01.07.2006 മുതൽ പ്രാഖാപിച്ചിരുന്നു. ഈ നികുതി ഒഴിവിന് 01.04.2005 മുതൽ മുൻകാലപ്രാബല്യം നൽകാൻ ഞാൻ ഉദ്ദേശിക്കുന്നു.

**166.** കുഷ്ഠ രോഗികൾ ഉപയോഗിക്കുന്ന ചെരിപ്പുകൾ നിർമ്മിക്കാനുപയോഗിക്കുന്ന മൈക്രോസെല്ലുലാർ റബ്ബർഷീറ്റുകളുടെ നികുതി 4% മായി കുറവു ചെയ്യുന്നു.

**167.** അയൽ സംസ്ഥാനങ്ങളിലെ ആഡംബര നികുതി നിരക്കുമായി തട്ടിച്ചുനോക്കുമ്പോൾ നമ്മുടെ ഹോട്ടലുകൾക്കും കല്യാണ മണ്ഡപങ്ങൾക്കും കൺവൻഷൻ ഹാളുകൾക്കും ഏർപ്പെടുത്തിയിരിക്കുന്ന ആഡംബര നികുതി നിരക്കുകളെ കുറിച്ചുള്ള വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിനോദസഞ്ചാര വികസന നയത്തിന്റെ ഭാഗമായി താഴെ പറയുന്ന നിരക്കിൽ ആഡംബര നികുതി നിരക്ക് യുക്തിസഹമാക്കാൻ തീരുമാനിക്കുന്നു.

| **മുറിക്കുള്ള പ്രതിദിന വാടക** | **നികുതി നിരക്ക്** | **കല്യാണ മണ്ഡപം/കൺവെൻഷൻ ഹാൾ** | **നികുതി നിരക്ക്** |
|---|---|---|---|
| ഒരു മുറി 200 രൂപ വരെ | ഇല്ല | പ്രതിദിന വാടക 3000/- രൂപ വരെ | ഇല്ല |
| 201 രൂപ മുതൽ 500 വരെ | 10% | 3001/- രൂപ മുതൽ 10,000/- രൂപ വരെ | 10% |
| 500 ന് മുകളിൽ | 15% | 10,001/- രൂപ മുതൽ 20,000/- രൂപ വരെ | 15% |
| | | 20,000/- രൂപയ്ക്ക് മുകളിൽ | 20% |

**168.** നിലവിലുള്ള ആഡംബര നികുതി നിയമപ്രകാരം ആഹാരത്തിന്റെയും മദ്യത്തിന്റെയും തുകയൊഴിച്ച് ഹോട്ടലുകളിൽ നൽകുന്ന മറ്റെല്ലാ സേവനങ്ങളും ആഡംബര നികുതിക്കു വിധേയമാണ്. എന്നാൽ ബാഹ്യ ഏജൻസികൾവഴി വാഹനവാടക, ഹൗസ് ബോട്ട് വാടക, ട്രെക്കിംഗ് ചാർജ്ജ് എന്നിവ നൽകിയാൽ

ആയതിന് ആഡംബര നികുതി ബാധ്യതയുണ്ട്. ഈ സാഹചര്യം ഹോട്ടലുകളെ പ്രതികൂലമായി ബാധിക്കുമെന്നുള്ളതുകൊണ്ട് മേൽപ്പറഞ്ഞ സേവനങ്ങളുമായി ബന്ധപ്പെട്ട തുകയെ ആഡംബര നികുതിയിൽ നിന്നും ഒഴിവാക്കുന്നതാണ്.

169. പീഡിത പൊതുമേഖലാ വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിന് നിശ്ചയദാർഢ്യത്തോടുകൂടിയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്ന് വിശദീകരിക്കുകയുണ്ടായി. ഇതിനായുള്ള പാക്കേജുകൾക്ക് യൂണിറ്റടിസ്ഥാനത്തിൽ രൂപം നൽകിക്കൊണ്ടിരിക്കുകയാണ്. തനത് വർഷത്തെ നികുതി കൃത്യമായി ഒടുക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള നികുതി കുടിശ്ശിക എന്തുചെയ്യണമെന്നുള്ളത് ഈ പാക്കേജുകളുടെ ഭാഗമായി തീരുമാനിക്കും. അതുവരെ ഇവരുടെ നികുതി കുടിശ്ശിക പിരിക്കുന്നത് നിറുത്തിവയ്ക്കും.

170. മേൽപ്പറഞ്ഞ ആനുകൂല്യം സഹകരണാടിസ്ഥാനത്തിലുള്ള എല്ലാ വ്യവസായ സൊസൈറ്റികൾക്കുകൂടി ബാധകമാക്കുന്നതാണ്.

171. കഴിഞ്ഞ ബജറ്റിൽ ഗുണഭോക്തൃ സമിതി മുഖേന ചെയ്യുന്ന 10 ലക്ഷം രൂപ വരെയുള്ള കരാറുകൾ ഉൾപ്പെട്ട പ്രവൃത്തികളെ രജിസ്ട്രേഷൻ ഇല്ലാതെതന്നെ 4 ശതമാനം നികുതി നിരക്കിനു വിധേയമാക്കിയിട്ടുണ്ട്. ഈ വ്യവസ്ഥയ്ക്ക് 01.04.2005 മുതൽ മുൻകാല പ്രാബല്യം നൽകുന്നതാണ്.

172. കോമ്പൗണ്ടഡ് നിരക്കിൽ നികുതി ഒടുക്കുന്ന ഔഷധ നിർമ്മാണ സ്ഥാപനങ്ങൾക്ക് ഇൻപുട്ട് ടാക്സ് ക്രഡിറ്റ് അനുവദിക്കുമെന്ന് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഈ ആനുകൂല്യം 01.04.2005 മുതൽ പൂർവ്വകാല പ്രാബല്യത്തോടെ നടപ്പാക്കുന്നതാണ്.

173. 2006 ലെ ധനകാര്യ നിയമപ്രകാരം പെട്രോളിയം ബിറ്റുമിന്റെ നികുതി നിരക്ക് 4% ആയി കുറവു ചെയ്യുകയുണ്ടായി. ആയതിന് 01.04.2005 മുതൽ മുൻകാല പ്രാബല്യം നൽകാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇതുനൽകിയില്ലെങ്കിൽ വിവിധ സർക്കാർ ഡിപ്പാർട്ട്മെന്റുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഓയിൽ കമ്പനികൾക്ക് ഉയർന്ന നികുതി നൽകേണ്ടിവരും.

174. കേരളത്തിലെ പ്രധാനപ്പെട്ട പരമ്പരാഗത മേഖലയായ കശുവണ്ടി മേഖല നികുതി സംബന്ധിച്ച ഒരു ഊരാക്കുടുക്കിലാണ്. കശുവണ്ടി വ്യവസായത്തിലെ ഏതാണ്ട് എല്ലാ വ്യവസായികളും വളരെക്കാലമായി നിയമവിരുദ്ധമായ രീതിയിലാണ് മറ്റു സംസ്ഥാനങ്ങളിലേക്ക് കശുവണ്ടി

വിറ്റുകൊണ്ടിരിക്കുന്നത്. കേന്ദ്രവില്പന നികുതിയിൽനിന്ന് ഒഴിവാകുന്ന തിനുവേണ്ടി തങ്ങളുടെ സ്വന്തം കടയിലേക്ക് അല്ലെങ്കിൽ ഏജന്റ് വഴി എന്ന വ്യാജേനയാണ് കശുവണ്ടി അയച്ചുകൊണ്ടിരുന്നത്. ക്രിമിനൽ കുറ്റമാണെങ്കിലും ആ നിലയ്ക്കുള്ള ഒരു നടപടിയും സർക്കാർ സ്വീകരിക്കുകയുണ്ടായില്ല. എന്നാൽ നിയമപ്രകാരം സി–ഫോം/എഫ് ഫോം മുഖേന അയക്കാത്തതിന്റെ പേരിൽ 10 മുതൽ 12.5 ശതമാനം നികുതിയും പലിശയും പിഴയും ഇവരിൽ നിന്ന് ഈടാക്കേണ്ടതാണ്. ഭീമമായ ഈ തുക പല വ്യവസായസ്ഥാപനങ്ങളെയും തകർക്കുമെന്ന് വ്യവസായികൾ മാത്രമല്ല, കൊല്ലത്തുനിന്നുള്ള സർവ്വകക്ഷി നിവേദക സംഘങ്ങളും ട്രേഡ് യൂണിയൻ പ്രതിനിധികളും പറയുകയുണ്ടായി. തൊഴിലാളികളുടെ താല്പര്യം കരുതി ഉദാരമായ സമീപനം കൈക്കൊള്ളുകയാണ്. ഇത്തരം ഇളവുകൾ സുതാര്യമായി നൽകണമെന്നുള്ളതുകൊണ്ടാണ് നിയമസഭയിൽ ഞാനിത് പറയുന്നത്. ഇവർ 4 ശതമാനം നികുതിയും അതിന്റെ പലിശയും 30.06.2007–നകം അടച്ചാൽ 4 ശതമാനത്തിന് മുകളിൽ നിർണ്ണയിക്കപ്പെട്ട നികുതിയും പിഴയും അതിൻമേലുള്ള പലിശയും 31.3.2006 വരെയുള്ള കാലയളവിലേക്ക് ഒഴിവാക്കുകയാണ്. ഇതിന് കച്ചവടക്കാർക്ക് സമ്മതമാണെങ്കിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി ഉത്തരവ് ഇറക്കുന്നതാണ്. 25 കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു.

175. കേരളത്തിലെ റൈസ്മില്ലുകളും പർച്ചേയ്സ് ടാക്സ് സംബന്ധിച്ച് ഗൗരവമായ പ്രശ്നത്തെ അഭിമുഖീകരിക്കുകയാണ്. ഇവർ അടയ്ക്കേണ്ട വാങ്ങൽ നികുതി പലിശയില്ലാതെ 60 പ്രതിമാസ തുല്യ ഗഡുക്കളായി അടയ്ക്കാൻ അനുവദിക്കും. ഈ അവസരം ഉപയോഗപ്പെടുത്തിയാൽ ഇതിന്റെ പേരിലുള്ള പിഴയും പലിശയും ഒഴിവാക്കുന്നതാണ്.

176. വ്യവസായ സ്ഥാപനങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന നികുതിയിള വുകൾ 01.01.2000 മുതൽ നിർത്തലാക്കാൻ തീരുമാനിക്കുകയുണ്ടായി. എന്നാൽ 'പൈപ്പ്ലൈനിൽ' ഉണ്ടായിരുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് ചില നിബന്ധന കൾക്കു വിധേയമായി നികുതിയിളവ് നൽകാൻ തീരുമാനിച്ചിരുന്നു. ചില സാങ്കേതിക കാരണങ്ങളാൽ പല വ്യവസായ സ്ഥാപനങ്ങൾക്കും ഈ ആനുകൂല്യം ലഭിക്കുകയുണ്ടായില്ല. നികുതി ആനുകൂല്യം പ്രതീക്ഷിച്ചിരുന്ന ഈ സ്ഥാപനങ്ങൾ ടി കാലയളവിൽ നികുതി പിരിക്കുകയുണ്ടായില്ല. അത്തരം സ്ഥാപനങ്ങളിൽ നിന്ന് നികുതിയും പലിശയും ഈടാക്കാൻ ശ്രമിച്ചാൽ സ്ഥാപനങ്ങൾ പൂട്ടിപ്പോവുക മാത്രമേ നിവൃത്തിയുള്ളൂ. ഇത്തരം സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു ഒറ്റത്തവണ തീർപ്പാക്കൽ

പദ്ധതി ഉദ്ദേശിക്കുന്നു. 01.01.2000 മുതൽ 31.03.2005 വരെയുള്ള കാലയളവിലേക്ക് നികുതി ഒഴിവ് നിരസിക്കപ്പെട്ട സ്ഥാപനങ്ങൾ നൽകേണ്ട നികുതി 36 തുല്യ പ്രതിമാസ ഗഡുക്കളായി അടച്ചുതീർക്കാൻ അനുവദിക്കുന്നു. ഇങ്ങനെ ചെയ്യുകയാണെങ്കിൽ പലിശയും പിഴയും ഒഴിവാക്കാവുന്നതാണ്.

**177.** എഡിബിൾ ഓയിൽ ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് പൊതുവില്പന നികുതി നിയമത്തിലെ പത്താം വകുപ്പു പ്രകാരം നികുതി ഒഴിവാക്കിക്കൊടുത്തിരുന്നു. ഈ സ്ഥാപനങ്ങളിൽനിന്നും ഭക്ഷ്യഎണ്ണകൾ വാങ്ങി ചില്ലറ വില്പന നടത്തിയ വ്യാപാരികൾ, അവർ അവരവരുടെ ബ്രാന്റ്/ട്രേഡ് നാമത്തിലാണ് വിറ്റതെന്ന കാരണത്താൽ നികുതി വിധേയമാക്കിയിരുന്നു. ഇത് ഫലത്തിൽ വ്യവസായ സ്ഥാപനങ്ങൾക്കു നൽകിയിരുന്ന നികുതി ഒഴിവിന്റെ നിരാകരണത്തിലാണ് കലാശിച്ചത്. ചില്ലറ വ്യാപാരികൾ രണ്ടാംഘട്ട വില്പനക്കാരായിരുന്നതിനാൽ നികുതി പിരിക്കുകയോ ഒടുക്കുകയോ ചെയ്തിരുന്നില്ല. ഈ വ്യാപാരികളിൽനിന്ന് നികുതി പിരിച്ചെടുക്കാൻ നിർവ്വാഹവുമില്ല. അതിനാൽ കേരളത്തിലെ ഉല്പാദകരിൽനിന്ന് നികുതി ഒഴിവുള്ള ഭക്ഷ്യഎണ്ണ വാങ്ങി ചില്ലറയായി വിറ്റ വ്യാപാരികളെ കെ.ജി.എസ്.ടി ബാധ്യതയിൽനിന്ന് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നു. എന്നാൽ ഒടുക്കിയ നികുതി തിരിച്ചുനൽകുന്നതല്ല.

**178.** കൂടാതെ ഇറക്കുമതി ചെയ്ത എഡിബിൾ ഓയിൽ വാങ്ങി ബ്രാന്റ്/ട്രേഡ് നാമത്തിൽ വിൽപ്പന നടത്തിയ ചെറുകിട വ്യാപാരികളും ഇതുപോലെ ഒരു പ്രതിസന്ധി നേരിടുകയാണ്. ഈ വ്യാപാരികൾ ഒന്നാം ഘട്ടം നികുതി അടച്ചിരിക്കണമെന്നും അടച്ച നികുതികൾ തിരികെ നൽകില്ല എന്ന വ്യവസ്ഥയിൻമേൽ തുടർ വിൽപ്പനയിൻമേലുള്ള നികുതി ബാധ്യതയിൽ നിന്ന് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നു.

**179.** ചെരിപ്പുകളുടെ അനവധി തരംതിരിവും വിവിധ നിരക്കുകളും ചെരിപ്പു വ്യാപാരികളെ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ട്. ഇതിന് ഒരു പരിഹാരം എന്ന നിലയിൽ 200 രൂപയിൽ കുറവുള്ള പാദരക്ഷകൾ 2006 ലെ ധനകാര്യ നിയമപ്രകാരം 4% നിരക്കുള്ള വിഭാഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന് 01.04.2005 മുതൽ പ്രാബല്യം നൽകാൻ ഉദ്ദേശിക്കുന്നു. എന്നിരുന്നാലും ഡീംഡ് പ്ളാസ്റ്റിക് ഒഴിച്ചുള്ള മോൾഡഡ് പ്ളാസ്റ്റിക്കിന്റെയും റബ്ബറിന്റേയും ചെരിപ്പുകളുടെ വില്പനയിൽ അതിന്റെ മൂല്യം എത്രതന്നെയായിരുന്നാലും 30.06.2006 വരെ 4% നികുതി മാത്രമേ ഈടാക്കുകയുള്ളൂ. അധികമായി ഈടാക്കിയ നികുതി തിരികെ നൽകുകയില്ല. എല്ലാത്തരം ചെരുപ്പുകളിന്മേലും

വിലമുദ്രണം ചെയ്യാൻ കഴിയുകയില്ല എന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിലമുദ്രണം ചെയ്തിരിക്കണമെന്ന നിബന്ധന പ്ളാസ്റ്റിക് ചെരിപ്പുകൾക്ക് മാത്രമായി പരിമിതപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. മറ്റിനം ചെരിപ്പുകൾക്ക് മായ്ച്ചുകളയാൻ കഴിയാത്ത രീതിയിൽ വില രേഖപ്പെടുത്തിയിരിക്കണം. പ്ളാസ്റ്റിക് ചെരിപ്പുകളുടെ 'അപ്പറു'കളുടെ നികുതിനിരക്ക് 4%-മാക്കി യുക്തിസഹമാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനു പുറമെ റബ്ബർ ഹവായ് ഷീറ്റും സ്ട്രാപ്പും 01.04.2005 മുതൽ 4% നികുതി നിരക്കിൽ തുടരുമെന്നും വ്യക്തമാക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. ഒരുകോടി രൂപയുടെ നികുതിനഷ്ടം കണക്കാക്കുന്നു.

**180.** വാറ്റ് നിയമത്തിലെ ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ഖാദി ഗ്രാമ വ്യവസായ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന തീപ്പെട്ടിക്കമ്പുകൾ അന്തർസംസ്ഥാന വില്പന നടത്തുമ്പോൾ നികുതിയിളവ് ലഭ്യമല്ല. നിയമത്തിലെ അവ്യക്തതമൂലം ഈ സ്ഥാപനങ്ങൾ നികുതി പിരിച്ചിരുന്നില്ല. ഭീമമായ കുടിശ്ശിക ഒടുക്കാനുള്ള സാമ്പത്തികശേഷി ഈ സ്ഥാപനങ്ങൾക്കില്ല. ആയതിനാൽ ഇവയെ സംരക്ഷിക്കുന്നതിനുവേണ്ടി അവരുണ്ടാക്കി വിറ്റ തീപ്പെട്ടികമ്പുകളിന്മേൽ 01.04.2005 മുതൽ 31.03.2007 വരെയുള്ള കാലയളവിലുള്ള കേന്ദ്രവില്പന നികുതി ഒഴിവാക്കുന്നതാണ്. എന്നാൽ 01.04.2007 മുതൽ അവർ കേന്ദ്രവിൽപ്പന നികുതി ഒടുക്കേണ്ടതാണ്.

**181.** പരിസ്ഥിതി അനുകൂല റീസൈക്കിൾ ചെയ്ത ലൂബ്രിക്കേറ്റിംഗ് ഓയിലും ഊർജ്ജ ഉപഭോഗം കുറയ്ക്കുന്ന ചൂടാറാപ്പെട്ടി, കോംപാക്ട് ഫ്ളൂറസെന്റ് ലാമ്പുകൾ (സി.എഫ്.എൽ) എന്നിവയുടെ നികുതിനിരക്ക് 12.5%-ൽ നിന്ന് 4%-മാക്കി കുറവു ചെയ്യുന്നു.

**182.** എല്ലാതരം പൈപ്പുകളുടെയും നികുതി നിരക്ക് 4 ശതമാനമാണെങ്കിലും കോൺക്രീറ്റ് സിമന്റ് പൈപ്പുകളുടെ നികുതിനിരക്ക് നിലവിൽ 12.5 ശതമാന മാണ്. ഈ നിരക്ക് കുറയ്ക്കണമെന്ന കേരളത്തിലെ വ്യവസായികളുടെ അഭ്യർത്ഥന ഞാൻ അംഗീകരിക്കുന്നു. കോൺക്രീറ്റ് സിമന്റ് പൈപ്പുകളുടെ നികുതി 4 ശതമാനമാക്കി കുറവു ചെയ്യുന്നു.

**183.** പരമ്പരാഗതമായി നികുതി ഒഴിവുണ്ടായിരുന്ന ഹാന്റ്ലൂം തുണിത്തരങ്ങളും ഹാന്റ്ലൂം ഉൽപ്പന്നങ്ങളായ ബെഡ്ഷീറ്റ്, പില്ലോ കവർ എന്നിവയ്ക്ക് വാറ്റ് നടപ്പിലാക്കിയതിനെ തുടർന്ന് നികുതി ചുമത്തുകയുണ്ടായി. ഇത് നമ്മുടെ കൈത്തറി വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് പരാതി ഉയർന്നിട്ടുണ്ട്. ഈ പരാതി ന്യായമാണ്. അതുകൊണ്ട് ഹാന്റ്ലൂം

തുണിത്തരങ്ങളെയും ഉൽപ്പന്നങ്ങളായ ബെഡ്ഷീറ്റ്, പില്ലോകവർ എന്നിവയെയും 01.04.2005 മുതൽ നികുതിമുക്തമാക്കാൻ ഉദ്ദേശിക്കുന്നു. എന്നാൽ അടച്ച നികുതികൾ തിരികെ നൽകുന്നതല്ല.

**184.** സർ, ഞാൻ പലപ്പോഴും പറയാറുള്ളൊരു കാര്യം വീണ്ടും ആവർത്തിക്കുകയാണ്. കൗടില്യൻ പറഞ്ഞതുപോലെ നികുതിപിരിവുകാരൻ തേനീച്ചകളെപ്പോലെയാകണം. തേൻ നുകരണം. പക്ഷെ പൂവ് നശിക്കരുത്. അതുകൊണ്ടാണ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും മുകളിൽ പറഞ്ഞിരിക്കുന്ന വ്യാപാരത്തെയും വ്യവസായത്തെയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 71.56 കോടിയിലധികം രൂപയുടെ ഇളവുകൾ പ്രഖ്യാപിച്ചിരിക്കുന്നത്.

## <u>നികുതി നിരക്കുകളും മറ്റും യുക്തിസഹമാക്കൽ</u>

**185.** മാർബിളിനും ഗ്രാനൈറ്റിനും 20% നികുതിനിരക്ക് അയൽ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ ഉയർന്നതാണ് എന്ന വാദം ശരിയാണ്. എന്നാൽ അതുപോലെതന്നെ ഒരു ശരിയാണ് മാർബിളിന്റെ/ ഗ്രാനൈറ്റിന്റെയും തൂക്കത്തിലും വിലയിലും വളരെ താഴ്ത്തിയാണ് നികുതി ഇന്ന് ഒടുക്കിക്കൊണ്ടിരിക്കുന്നത് എന്നതും. അതുകൊണ്ട് വിവിധയിനം മാർബിളുകൾക്ക് തറവിലയും വിവിധ വലിപ്പത്തിലുള്ള വണ്ടികൾക്ക് സ്റ്റാൻഡേർഡ് തൂക്കവും നിശ്ചയിക്കുന്നതാണ്. ഇത് സത്യസന്ധരായ മാർബിൾ വ്യാപാരികൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുമെന്ന് എനിക്കറിയാം. അതുകൊണ്ട് അവർക്കായി ഒരു കോമ്പൗണ്ടിംഗ് ഫോർമുല പ്രഖ്യാപിക്കുകയാണ്. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ ഒടുക്കിയതോ ഒടുക്കേണ്ടതോ ആയ ഏറ്റവും ഉയർന്ന നികുതിയുടെ 130% നിരക്കിൽ കോമ്പൗണ്ടഡ് നികുതി അടക്കുവാനുള്ള സൗകര്യം അവർക്ക് നൽകുന്നതാണ്. അങ്ങനെ അടക്കുന്നവരെ മുൻകൂർ നികുതിയിൽനിന്നും ഒഴിവാക്കുന്നതാണ്. 20 ശതമാനത്തിൽ കവിയാത്ത ഏത് നിരക്കിലും നികുതിപിരിക്കുന്നതിന് അവകാശം നൽകുന്നതാണ്.

**186.** സ്വർണ്ണ വ്യാപാരത്തിന്റെ കാര്യത്തിൽ കഴിഞ്ഞവർഷം കിട്ടിയ 21 കോടി രൂപയുടെ സ്ഥാനത്ത് ഇതിനകം 70 കോടി പിരിഞ്ഞു കിട്ടിയിട്ടുണ്ട്. ആ മേഖലയിൽ കൊണ്ടുവന്ന കോമ്പൗണ്ടിംഗ് സമ്പ്രദായം വിജയകരമായിരുന്നുവെന്നാണ് ഇത് വ്യക്തമാക്കുന്നത്. ഇനിയും ചില വൻകിട വ്യാപാരികൾ കോമ്പൗണ്ട് ചെയ്യുവാൻ മടിച്ചുനിൽക്കുന്നുണ്ട്. ഇവർ കൂടി കോമ്പൗണ്ട്

ചെയ്യുകയും കോമ്പൗണ്ട് ചെയ്തവർ കുടിശ്ശിക പൂർണ്ണമായും അടക്കുകയും ചെയ്താൽ നിശ്ചയമായും സ്വർണ്ണാഭരണങ്ങളിൽനിന്നുള്ള നികുതി 100 കോടി രൂപയിൽ കവിയുമെന്നുറപ്പാണ്. ഇതിനകം കോമ്പൗണ്ട് ചെയ്തിട്ടില്ലാത്ത വ്യാപാരികൾക്ക് മാർച്ച് 15 വരെ ഒരവസരംകൂടി നൽകുവാൻ ഉദ്ദേശിക്കുന്നു. ഈ സൗകര്യം അവർ ഉപയോഗിക്കും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എന്നിട്ടും കോമ്പൗണ്ട് ചെയ്യാൻ തയ്യാറാവാത്ത വൻകിട വ്യാപാരികളുടെ പേരിൽ ഈ വർഷത്തെ യഥാർത്ഥ വില്പനയിൽ നിന്ന് 4% നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**187.** 30.09.2006-ന് നിലവിലുണ്ടായിരുന്ന മുഴുവൻ സ്വർണ്ണാഭരണ വ്യാപാരികൾക്കും കോമ്പൗണ്ടഡ് നിരക്കിൽ നികുതി അടക്കാനുള്ള സൗകര്യം നൽകാനാണ് സർക്കാർ ഉദ്ദേശിച്ചിരുന്നത്. എന്നാൽ കഴിഞ്ഞവർഷം പുതുതായി വ്യാപാരം തുടങ്ങിയ ചില സ്ഥാപനങ്ങൾ രജിസ്റ്റേർഡ് വ്യാപാരികളിൽനിന്ന് നികുതി നൽകി ആഭരണങ്ങൾ വാങ്ങിയതിനാൽ വില്പനയ്ക്ക് നൽകേണ്ട നികുതിയേക്കാൾ കൂടിയ അളവിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉണ്ടായി. അതിനാൽ ഇവർ കോമ്പൗണ്ടഡ് നികുതി അടയ്ക്കാൻ അർഹരല്ലാതായി. അവരെയുംകൂടി കോമ്പൗണ്ടിങ്ങിന്റെ പരിധിയിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. 01.04.2006 മുതൽ 30.09.2006 വരെയുള്ള കാലയളവിൽ വ്യാപാരം തുടങ്ങിയ വ്യാപാരികൾക്ക് നൽകിയ കോമ്പൗണ്ടഡ് ആനുകൂല്യം മുകളിൽ പറഞ്ഞ വ്യാപാരികൾക്കുകൂടി മുൻകാല പ്രാബല്യത്തോടെ വ്യാപിപ്പിക്കുന്നു. നികുതി കോമ്പൗണ്ടഡ് നിരക്കിൽ അടയ്ക്കുന്ന സ്വർണ്ണവ്യാപാരികൾ അടുത്തവർഷം അടക്കേണ്ട കോമ്പൗണ്ടഡ് നികുതി എന്റെ കഴിഞ്ഞ ബജറ്റിൽതന്നെ പ്രഖ്യാപിച്ചിരുന്നു. ഈ വർഷത്തെ കോമ്പൗണ്ടഡ് നികുതിയുടെ 115 ശതമാനമായാണ് അത് നിജപ്പെടുത്തിയിരുന്നത്. എന്നാൽ ഇത് സംബന്ധിച്ച് സ്വർണ്ണവ്യാപാരികൾ ചില ആശങ്കകൾ പ്രകടിപ്പിക്കുകയുണ്ടായി. അത്തരം ആശങ്കകൾ ദൂരീകരിക്കാൻ ഉദ്ദേശിക്കുന്നു. റിട്ടേൺ പ്രകാരമോ അക്കൗണ്ട്സ് പ്രകാരമോ ഉള്ള നികുതി പരിഗണിക്കാതെതന്നെ ഈ വർഷത്തെ കോമ്പൗണ്ടഡ് നികുതിയുടെ 115 ശതമാനമായി അടുത്ത വർഷത്തെ കോമ്പൗണ്ടിംഗ് നികുതി നിജപ്പെടുത്തുമെന്ന് വ്യക്തമാക്കുന്നു. എന്നിരുന്നാലും 01.10.2006-നും 15.03.2007-നും ഇടയിൽ പുതുതായി കോമ്പൗണ്ട് ചെയ്തിട്ടുള്ള വ്യാപാരികളുടെ അടുത്ത വർഷത്തെ കോമ്പൗണ്ടിംഗ് നികുതി കണക്കാക്കുമ്പോൾ ഈ വർഷത്തെ കോമ്പൗണ്ടഡ് നികുതിയുടെ 115 ശതമാനമോ പിരിച്ചെടുത്ത നികുതിയുടെ 115 ശതമാനമോ ഏതാണോ കൂടുതൽ അത് അടയ്ക്കേണ്ടതാണ്. സർ, കഴിയുന്നത്ര വ്യാപാരികളെ കോമ്പൗണ്ടിംഗ്

പരിധിയിൽ കൊണ്ടു വരുന്നതിനാണ് ഞാൻ ശ്രമിച്ചിട്ടുള്ളത്. ആയതിനാൽ 01.10.2006 മുതൽ 28.02.2007 വരെയുള്ള കാലയളവിൽ വ്യാപാരം തുടങ്ങിയവർക്കും അവർ നൽകിയ ശരാശരി നികുതിയുടെ 150 ശതമാനം അടച്ച് കോമ്പൗണ്ട് ചെയ്യാൻ അനുവദിക്കുന്നതാണ്. ഇവരുടെ കോമ്പൗണ്ടിംഗ് നികുതി കണക്കാക്കുന്നത് നിലവിൽ ഉള്ളതുപോലെ വകുപ്പ് 6(2) പ്രകാരമുള്ള വാങ്ങൽ നികുതിയും അടച്ച നികുതിയും ചേർത്തുള്ള തുകയുടെ അടിസ്ഥാനത്തിൽ ആയിരിക്കും.

**188.** മൊത്ത വിതരണക്കാരിൽനിന്നും സാധനങ്ങൾ വാങ്ങുന്ന രണ്ടും മൂന്നും ഘട്ടങ്ങളിലെ കച്ചവടക്കാർ ബില്ലിൽ ടിൻ രേഖപ്പെടുത്താതെയും ശരിയായ പേരുകൾ വെളിപ്പെടുത്താതെയും പല രീതിയിലുള്ള കൃത്രിമങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് കൂടുതൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഇത് തടയുന്നതിനുവേണ്ടി ചരക്കുകൾ വാങ്ങുന്ന വ്യാപാരികളുടെ ടിൻനും പൂർണ്ണ മേൽവിലാസവും മൊത്തവിതരണക്കാരുടെ ബില്ലുകളിൽ രേഖപ്പെടുത്തണമെന്ന് നിർബ്ബന്ധമാക്കുകയും അതിൽ വീഴ്ചവരുത്തുന്ന മൊത്തവിതരണക്കാരിൽ നിന്നും പരമാവധി വൽപ്പന വിലയുടെ അടിസ്ഥാനത്തിൽ നികുതി വസൂലാക്കുന്നതിനും പിഴ ചുമത്തുന്നതിനുമുള്ള വ്യവസ്ഥകൾ കൊണ്ടുവരുന്നതുമാണ്. മൊത്തവിതരണക്കാരുടെ സംഘടനകൾ ഈ നിർദ്ദേശത്തെ അതിശക്തിയായി എതിർക്കുകയുണ്ടായി. ഈ പശ്ചാത്തലത്തിൽ ഇത്തരം ഉല്പന്നങ്ങൾക്ക് കോമ്പൗണ്ടഡ് നിരക്കിൽ നികുതി അടയ്ക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതാണ്. പാക്കേജ്ഡ് ഉൽപ്പന്നങ്ങൾക്ക് പരമാവധി വില്പന വിലയിൽ ഒന്നാം ഘട്ടത്തിൽ നികുതി അടച്ചാൽ പിന്നീടുള്ള ഘട്ടങ്ങളിലെ വില്പനക്ക് നികുതി ഒഴിവാക്കുന്നതാണ്. ഈ നടപടിയുടെ ഫലമായി 20 കോടി രൂപ അധികവരുമാനം പ്രതീക്ഷിക്കുന്നു.

**189.** ഒരു വ്യക്തിക്ക് ഒരേസമയം ഒന്നിലധികം രജിസ്ട്രേഷൻ മൂല്യവർധിതനികുതി നിയമപ്രകാരം എടുക്കുവാൻ സാധ്യമല്ലെന്ന് സ്പഷ്ടീകരിക്കുന്നതാണ്. വ്യാപാരികൾ വിറ്റുവരവ് വെവ്വേറെ കാണിച്ച് ഒന്നിലധികം രജിസ്ട്രേഷൻ എടുത്ത് നികുതി വെട്ടിപ്പ് നടത്തുന്നത് തടയുന്നതിന് വേണ്ടിയാണിത്.

**190.** ഖാദി ഗ്രാമ വ്യവസായ സ്ഥാപനങ്ങൾ കൈകൊണ്ട് ഉൽപ്പാദിപ്പിക്കുന്ന സോപ്പിന് നികുതി ഒഴിവ് ഇപ്പോൾ നിലവിലുണ്ട്. എന്നാൽ കൈകൊണ്ട് ഉണ്ടാക്കുന്ന സോപ്പുകൾക്ക് നൽകിയിരുന്ന 4% നികുതി നിരക്ക് ചില വൻകിട

സ്ഥാപനങ്ങൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത്തരം നികുതി ചോർച്ച തടയുന്നതിന്വേണ്ടി കൈകൊണ്ടുണ്ടാക്കുന്ന സോപ്പുകൾക്ക് നൽകിയിരിക്കുന്ന നികുതിയിളവ് 25 ലക്ഷം രൂപവരെ വിറ്റുവരവുള്ള ഡീലർമാർക്കായി പരിമിതപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. ഈ നടപടിമൂലം 5 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**191.** യഥാർത്ഥത്തിൽ 12.5% നികുതി വിധേയമാകേണ്ട സൗന്ദര്യ വർധക ഉൽപ്പന്നങ്ങൾ ഔഷധ ലൈസൻസുള്ള നിർമ്മാതാക്കൾ ഉൽപ്പാദിപ്പിക്കുന്നതിനാൽ ഇപ്പോൾ ഔഷധങ്ങൾക്കുള്ള 4% നികുതി മാത്രമേ ഈടാക്കുവാൻ കഴിയുന്നുള്ളു. ഇത്തരം ഉല്പന്നങ്ങളിൽനിന്ന് യഥാർത്ഥത്തിൽ ലഭിക്കേണ്ട നികുതി വസൂലാക്കുന്നതാണ്.

**192.** കേരള സംസ്ഥാനത്തു മാത്രമാണ് ജീവൻരക്ഷാ മരുന്നുകൾക്ക് നികുതി ഒഴിവ് അനുവദിച്ചിട്ടുളളത്. എന്നാൽ 2006 ഒക്ടോബർ മാസത്തിൽ കേന്ദ്ര സർക്കാർ വരുത്തിയ നിയമഭേദഗതിമൂലം ഔഷധങ്ങളുടെ പരമാവധി എം.ആർ.പി വില്പന നികുതികൂടി ചേർത്താണ് നിശ്ചയിക്കുന്നത്. മറ്റു സംസ്ഥാനങ്ങൾ നികുതി ഈടാക്കുന്നതിനാൽ ജീവൻരക്ഷാ മരുന്നുകളുടെ പരമാവധി വില്പന വില നികുതി ഉൾപ്പെടെയാണ് ഉല്പാദകർ നിശ്ചയിച്ചിരിക്കുന്നത്. ഇതിനാൽ സംസ്ഥാനത്തിന് നികുതി നഷ്ടം ഉണ്ടാകുന്നു. ഉപഭോക്താവിനാവട്ടെ ഇതിന്റെ പ്രയോജനം ലഭിക്കുന്നുമില്ല. ആയതിനാൽ മറ്റു മരുന്നുകളെപ്പോലെ അവർക്ക് 4% നികുതി ഏർപ്പെടുത്തുന്നതാണ്. ഈ നടപടികൾ മൂലം 8 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു. ഈ തുക പൂർണ്ണമായും സർക്കാർ ആശുപത്രികളിലേയ്ക്കുള്ള മരുന്നുവാങ്ങുന്നതിനുവേണ്ടി ഉപയോഗിക്കും.

**193.** 2006 ലെ ധനകാര്യ നിയമപ്രകാരം കരാർ ദാതാക്കൾ നൽകുന്ന കോൺട്രാക്റ്റ് പ്രവൃത്തിയുടെ തുക 1 കോടി രൂപ കവിയുകയാണെങ്കിൽ രജിസ്ട്രേഷനില്ലാത്ത വ്യാപാരികളിൽനിന്ന് വാങ്ങുന്ന ചരക്കുകൾക്ക് നികുതി നൽകണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ആയതിനുള്ള കോൺട്രാക്ട് തുക നിർണയിക്കുവാൻ കരാർദാതാവ് നൽകിയ ചരക്കുകളുടെ വിലകൂടി ഉൾപ്പെടുത്തുന്നതാണ്.

**194.** സംസ്ഥാനത്തിന് പുറത്തുനിന്നും കരാർ പണിക്കായി കൊണ്ടുവരുന്ന സാധനങ്ങളുടെ അളവ് കർശനമായി പരിശോധിക്കും. കോമ്പൗണ്ടഡ് നിരക്കിൽ നികുതി നൽകുന്ന വ്യാപാരികൾ സംസ്ഥാനത്തിന് പുറത്തുനിന്നു

കൊണ്ടുവരുന്ന ചരക്കുകൾ മറിച്ചുവിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലമുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതാണ്.

**195.** കരാറുകാർക്ക് വിൽപ്പന നികുതി നിയമ പ്രകാരം 2.3% കോമ്പൗണ്ടഡ് നിരക്കിൽ നികുതി അടയ്ക്കാമായിരുന്നു. ഈ സൗകര്യം 01.04..2005–ന് മുമ്പ് കോമ്പൗണ്ടിംഗ് അപേക്ഷ നൽകിയ പ്രവൃത്തികൾക്കും ബാധകമാക്കിയിരുന്നു. എന്നാൽ ചില കരാറുകാർ 01.04..2005 ന് ശേഷം ഏറ്റെടുത്ത ചില കരാർ പണികൾ പണിയുടെ 1–ാംഘട്ടം 2–ാം ഘട്ടം എന്നിങ്ങനെ നാമകരണം ചെയ്ത് ദുരുപയോഗപ്പെടുത്തി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ മേൽ ആനുകൂല്യം 31.03.2005–ന് മുമ്പ് കോമ്പൗണ്ടിംഗ് ഓപ്റ്റ് ചെയ്ത്, തുടങ്ങിയ പണികളുടെ 31.03.2007–വരെ കിട്ടുന്ന കരാർ തുകയ്ക്കു മാത്രമായി നിജപ്പെടുത്തുന്നതുമാണ്.

**196.** ഉത്സവകാലങ്ങളിലും മറ്റും അന്യ സംസ്ഥാനങ്ങളിലെ വൻകിട വ്യാപാരികൾ താൽക്കാലിക വ്യാപാരികൾ എന്ന വ്യാജേന നടത്തുന്ന കച്ചവടം നമ്മുടെ സംസ്ഥാനത്തിലെ വ്യാപാരത്തിന് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് താൽക്കാലിക കച്ചവട ക്കാരുടെ രജിസ്ട്രേഷന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതാണ്. അവരുടെ രജിസ്ടേഷൻ ഫീസ് പ്രതിമാസം 2500/– രൂപയായി വർദ്ധിപ്പിക്കു ന്നതും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൻെറ കാലപരിധി 3 മാസമായി നിജപ്പെടുത്തുന്നതുമാണ്.

## പുതിയ നികുതികളും നിരക്ക് വർദ്ധനയും

**197.** സർ, അടുത്തതായി ഞാൻ പുതിയ നികുതികളിലേക്കും നികുതി വർദ്ധനയിലേക്കും കടക്കുകയാണ്. കേന്ദ്ര വിൽപ്പന നികുതി ഒരു ശതമാനം ഇളവ് ചെയ്തതിൻെറ നഷ്ടപരിഹാരമായി പുകയിലയും പുകയില ഉൽപ്പന്നങ്ങളും ഡിക്ളയേർഡ് ഗുഡ്സിൽ നിന്നും മാറ്റുന്നതിനും സംസ്ഥാന സർക്കാരിന് നികുതി ചുമത്തുവാനുള്ള അധികാരം നൽകാമെന്നും ധാരണയായിട്ടുണ്ട്. ബീഡിയും ബീഡിപ്പുകയിലയും ചുരുട്ടും ഒഴികെയുള്ള പുകയിലയ്ക്കും സിഗററ്റിനും പുകയില ഉൽപ്പന്നങ്ങൾക്കും സബ്സ്റ്റിറ്റ്യൂട്ടു കൾക്കും പാൻ മസാലകൾക്കും 12.5 ശതമാനം വാറ്റ് നികുതി ചുമത്തുവാൻ നിർദ്ദേശിക്കുന്നു. കേന്ദ്രം ഡിക്ളയേർഡ് ഗുഡ്സിൻെറ പട്ടികയിൽ നിന്ന് പുകയിലയെ ഒഴിവാക്കുന്ന മുറയ്ക്ക് ഈ നികുതി നിരക്ക് പ്രാബല്യത്തിൽ

വരും. അതുവരെ 4% നികുതി ഈടാക്കുന്നതാണ്. 50 കോടിയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

**198.** അഡീഷണൽ എക്സൈസ് ഡ്യൂട്ടി ചുമത്തിയിരുന്ന പുകയില, പഞ്ചസാര, തുണിത്തരങ്ങൾ സംസ്ഥാനങ്ങൾക്ക് വിട്ടുകിട്ടണമെന്നുള്ളത് മാറിമാറി വന്ന സർക്കാരുകൾ ഫൈനാൻസ് കമ്മീഷനുകൾക്കു മുമ്പിൽ നൽകിയിട്ടുള്ള മെമ്മോറാണ്ടങ്ങളിലെല്ലാം നിരന്തരമായി ആവശ്യപ്പെട്ടിട്ടുള്ള കാര്യമാണ്. കേന്ദ്ര വിൽപ്പന നികുതി കുറവ് വരുത്തുന്നതിൻെറ നഷ്ടപരിഹാരത്തിന് കേന്ദ്രം ഇന്ന് തയ്യാറാവുകയാണ്. ഇതിൻെറ ഭാഗമാണ് മുമ്പ് സൂചിപ്പിച്ചതുപോലെ പുകയിലയും പുകയില ഉൽപ്പന്നങ്ങളും ഡിക്ളയേർഡ് ഗുഡ്സ് അല്ലാതാക്കുന്നത്. കേരളത്തിൽ നടപ്പിലാക്കാൻ പോകുന്ന സമ്പൂർണ്ണ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് വേണ്ടിവരുന്ന അധിക ചെലവിൻെറ പശ്ചാത്തലത്തിൽ ആരോഗ്യ മേഖലയ്ക്കു വേണ്ടി തുണിത്തരങ്ങൾക്ക് ഒരു ശതമാനം വാറ്റ് നികുതി ചുമത്തുന്നതാണ്. ഇതിൽ നിന്ന് 20 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഖാദി, ഹാന്റ്ലൂം തുണിത്തരങ്ങളെ ഈ നികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

**199.** കേരളാ പേപ്പർ ലോട്ടറീസ് നിയമപ്രകാരം സാധാരണ നറുക്കെടുപ്പിനുള്ള നികുതി 5 ലക്ഷമായും ബമ്പർ നറുക്കെടുപ്പിനുള്ള നികുതി 15 ലക്ഷമായും വർദ്ധിപ്പിക്കും. ഇപ്രകാരം 40 കോടി രൂപയുടെ അധിക നികുതി വരുമാനം പ്രതീക്ഷിക്കുന്നു.

**200.** 2001–ന് ശേഷം കരിങ്കൽ ക്വാറികളുടെ കോമ്പൗണ്ടഡ് നികുതി നിരക്കിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. യഥാർത്ഥ വിറ്റുവരവിൻെറ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളുടെ നികുതി നിർണ്ണയിച്ചാൽ നിലവിലുള്ള കോമ്പൗണ്ടഡ് നികുതി വളരെ കുറവാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണ മേഖലയിലുണ്ടായ കുതിച്ച് ചാട്ടം എനിക്ക് കാണാതിരിക്കാൻ കഴിയില്ല. ഇതെല്ലാം പരിഗണിച്ച് നിലവിലുള്ള കോമ്പൗണ്ടഡ് നികുതി നിരക്ക് ഇരട്ടിയായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കോമ്പൗണ്ടഡ് നിരക്കിൽ നികുതി നൽകുന്ന മെറ്റൽ ക്രഷറുകളുടെ എം–സാന്റ് വിൽപ്പനയിൻമേൽ പ്രത്യേകമായി നികുതി ചുമത്തുന്നതല്ല. കോമ്പൗണ്ടഡ് നികുതി അടയ്ക്കാത്ത ക്രഷറുകൾ ഉൽപ്പാദിപ്പിക്കുന്ന മെറ്റലുകളുടെയും എം–സാന്റിന്റെയും നികുതി നിരക്ക് 12.5 ശതമാനമായി ഉയർത്തുന്നതാണ്. ഇതുവഴി 3 കോടി രൂപയുടെ അധിക നികുതി വരുമാനം പ്രതീക്ഷിക്കുന്നു.

## വാണിജ്യ നികുതി വകുപ്പിന്റെ നവീകരണം

**201.** വാണിജ്യ നികുതി പിരിക്കുന്നതിനുള്ള ചെലവ് അനുക്രമമായി കുറഞ്ഞു വരികയാണ്. 1990ൽ ഇത് നികുതി പിരിവിന്റെ 1.35 ശതമാനമായിരുന്നുവെങ്കിൽ 2006ൽ കേവലം 0.79 ശതമാനം മാത്രമാണ്. നികുതി പിരിവ്-ചെലവിൻെറ തോത് ഒരു ശതമാനമായി ഉയർത്തി നിലനിർത്തുന്നതിന് ഉദ്ദേശിക്കുന്നു. പുതുതായി തസ്തികകൾ സൃഷ്ടിക്കാതെ വകുപ്പ് കാര്യക്ഷമമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ടാർജറ്റ് മറികടക്കുന്ന ഓഫീസുകൾക്ക് നവീകരണത്തിന് മുൻഗണന നൽകുമെന്ന് പറഞ്ഞിരുന്നു. അതുപോലെ തന്നെ സ്തുത്യർഹമായി പ്രവർത്തിക്കുന്ന വാണിജ്യ നികുതി വകുപ്പ് ഓഫീസർമാർക്ക് റിവാർഡുകൾ നൽകുമെന്ന് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. വളരെ സ്തുത്യർഹമായ പ്രവർത്തനമാണ് കഴിഞ്ഞവർഷം വാണിജ്യ നികുതി വകുപ്പ് കാഴ്ച വെച്ചത്. പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഓഫീസുകളുടെ നവീകരണത്തിനായിരിക്കും ഡിപ്പാർട്ട്മെന്റ് ഹെഡിൽ അധികമായി വകയിരുത്തുന്ന 10 കോടി രൂപ ഉപയോഗിക്കുക. അതുപോലെത്തന്നെ വ്യക്തിഗത ടാർജറ്റുകൾ പൂർത്തീകരിച്ചവർക്ക് ക്യാഷ് അവാർഡുകൾ നൽകുമെന്നും പ്രഖ്യാപിച്ചിരുന്നു. ഇത് ഈ വർഷം നടപ്പാക്കുന്നതാണ്.

**202.** ചെക്ക്പോസ്റ്റുകളെ കുറിച്ച് നിയമസഭാ സമിതി വിശദമായ പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. നിയമസഭാ സമിതി ഇതിനകം തന്നെ വാളയാർ, അമരവിള തുടങ്ങിയ ചെക്ക്പോസ്റ്റുകൾ പരിശോധിക്കുകയുണ്ടായി. സമിതിയുടെ തീരുമാനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കുകയാണ്. സമിതിയുടെ നിർദ്ദേശം അംഗീകരിച്ചുകൊണ്ട് 9 ചെക്ക്പോസ്റ്റുകളിൽ വേബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വളരെ വേഗത്തിൽ മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. വാളയാറിൽ സംയോജിത ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനായുള്ള സ്ഥലം പൊന്നുംവിലക്ക് എടുക്കലും അതിന് വേണ്ടിയുള്ള പണികളുടെ ടെണ്ടർ നടപടിക്രമങ്ങളും 2007–08ൽ തന്നെ പൂർത്തിയാക്കുന്നതാണ്.

**203.** കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായി നടപ്പിലാക്കാതെ വാറ്റ് നിയമം പൂർണ്ണവും കാര്യക്ഷമവുമായി നടപ്പിലാക്കാനാവുകയില്ല. 2007–08ൽ നികുതി വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിരിക്കും. ഇതിനാവശ്യമായ ഊർജ്ജിത പരിശീലനം തുടങ്ങിക്കഴിഞ്ഞു. മൊത്തം പ്രവർത്തനങ്ങളെ

അവലോകനം ചെയ്ത് മേൽനോട്ടം വഹിക്കുന്നതിന് കമ്മീഷണറുടെ കീഴിൽ സാങ്കേതിക വിദഗ്ധരുടെ ഒരു സ്പെഷ്യൽ സമിതിയെ നിയോഗിക്കുന്നതാണ്.

**204.** വാണിജ്യ നികുതി വകുപ്പിൽ ശേഖരിക്കപ്പെടുന്ന കണക്കുകൾ വളരെക്കുറച്ചു മാത്രമേ ചിട്ടപ്പെടുത്തി വിശകലനം ചെയ്യാൻ കഴിയുന്നുള്ളൂ. കമ്പ്യൂട്ടറൈസേഷൻ ഈ പ്രവർത്തനത്തിന് ഏറ്റവും സഹായകരമാകും. ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് അടിയന്തിരമായി ഒരു ഡാറ്റാബേയ്സ് സൃഷ്ടിക്കും. ഇതിലൊരു പ്രധാന നടപടിയായ ചെക്ക്പോസ്റ്റുകളിലെ മുൻകാല രജിസ്റ്ററുകളിലെ വിവരങ്ങൾ ക്രോഡീകരിക്കുന്നതാണ്. ഇതിനായി 25 ലക്ഷം രൂപ പ്രത്യേകമായി നീക്കിവെക്കുന്നു.

## സ്റ്റാമ്പ് ഡ്യൂട്ടി

**205.** റദ്ദാക്കാൻ സാധിക്കാത്ത മുക്ത്യാറുകളുടെ അടിസ്ഥാനത്തിലാണ് ഇന്ന് നല്ലൊരു ഭാഗം ഭൂമി കൈമാറ്റങ്ങൾ നടക്കുന്നത്. തൻമൂലം സർക്കാരിന് ലഭിക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടി ഗണ്യമായ തോതിൽ നഷ്ടമാകുന്നുണ്ട്. ആയതിനാൽ വസ്തുകൈമാറ്റങ്ങൾ നടത്താൻ അധികാരപ്പെടുത്തുന്ന മുക്ത്യാറുകളിന്മേൽ കൈമാറ്റത്തുകയുടെ തോതനുസരിച്ച് സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തുന്നതാണ്. വസ്തുകൈമാറ്റങ്ങൾ നടത്താൻ അധികാരപ്പെടുത്തുന്ന മുക്ത്യാറുകളിന്മേൽ കൈമാറ്റപ്പെടുന്ന വസ്തുവിന്റെ വിലയനുസരിച്ച് പഞ്ചായത്ത് പ്രദേശങ്ങളിൽ ഓരോ നൂറ് രൂപയ്ക്കോ, അതിന്റെ ഭാഗത്തിനോ ആറ് രൂപ എന്ന നിരക്കിലും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ ഓരോ നൂറ് രൂപയ്ക്കോ, അതിന്റെ ഭാഗത്തിനോ 8 രൂപ 50 പൈസ നിരക്കിലും സ്റ്റാമ്പ് ഡ്യൂട്ടി പുതുക്കി നിശ്ചയിക്കുന്നതാണ്. ആയതിനാൽ 1959-ലെ കേരളാ സ്റ്റാമ്പ് ആക്ടിലെ പട്ടികയിലെ അർട്ടിക്കിൾ 44-ൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നു. ഇപ്രകാരമുള്ള മാറ്റത്തിന്റെ ഫലമായി 50 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. വസ്തു കൈമാറ്റങ്ങൾ സംബന്ധിച്ചല്ലാത്ത ഒരു മുക്ത്യാറിന് നിലവിൽ 150 രൂപയാണ് സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക്. ഈ നിരക്കിന് യാതൊരു വ്യത്യാസവും വരുന്നതല്ലാത്തതും വസ്തുകൈമാറ്റങ്ങൾ നടത്താൻ അധികാരപ്പെടുത്തുന്ന മുക്ത്യാറുകളെയല്ലാതെ മറ്റ് മുക്ത്യാറുകളെ മാറ്റം ബാധിക്കുന്നതല്ലാത്തതുമാകുന്നു.

**206.** സ്റ്റോക്ക് / ഷെയർ വ്യാപാരം ഇപ്പോൾ കേരളത്തിൽ സജീവമാണ്. എന്നാൽ ഏജന്റുമാരും ബ്രോക്കർമാരും നടത്തുന്ന ഷെയർ കൈമാറ്റങ്ങളിൽനിന്നും സർക്കാരിന് വരുമാനമൊന്നും ലഭിക്കുന്നില്ല.

ഡീ-മെറ്റീരിയലൈസ്ഡ് (ഡീ-മാറ്റ്) രൂപത്തിലുള്ള കൈമാറ്റങ്ങളാണ് നിലവിൽ നടന്നു വരുന്നത്. ഇപ്പോൾ ബ്രോക്കർമാരാരും തന്നെ ഈയിനത്തിൽ സർക്കാരിലേക്ക് തുകയൊന്നും അടയ്ക്കുന്നില്ല, ആയതിനാൽ 1959-ലെ കേരളാ സ്റ്റാമ്പ് ആക്ടിൽ 10-എ എന്ന ഒരു പുതിയ സെക്ഷൻ കൊണ്ടുവരുവാനും സ്റ്റാമ്പ് ആക്ടിന്റെ ഷെഡ്യൂളിൽ 40-ാമത് ഇനത്തിൽ മാറ്റം വരുത്താനും ഡീ-മാറ്റ് കൈമാറ്റങ്ങളിൻമേൽ സ്റ്റാമ്പ് ഡ്യൂട്ടി ചുമത്താനും ഉദ്ദേശിക്കുന്നു. സ്റ്റോക്ക് എക്സ്ചേഞ്ച് മെമ്പർമാർക്കും മറ്റ് കൈമാറ്റം നടത്തുന്നവർക്കും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നു ലൈസൻസ് വാങ്ങുന്നത് നിർബന്ധമാക്കി ഇടപാടുകൾ സംബന്ധിച്ച ബ്രോക്കർ നോട്ടുകളിന്മേൽ കൊടുക്കേണ്ടുന്ന മുദ്രവില നേരിട്ട് കുറവ് ചെയ്ത് സർക്കാരിലേയ്ക്കടയ്ക്കുന്നതിന് ഏർപ്പാടുണ്ടാക്കുന്നതിന് ഉദ്ദേശിക്കുന്നു. തദനുസൃതമായി ചട്ടങ്ങളിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നതാണ്.

**207.** ബ്രോക്കർനോട്ട് സർക്കാർ സെക്യൂരിറ്റികൾ സംബന്ധിച്ചാണെങ്കിൽ പരമാവധി 500 രൂപായെന്ന പരിധിക്ക് വിധേയമായി ഓരോ കോടി രൂപയ്ക്കോ, അതിന്റെ ഭാഗത്തിനോ അൻപത് രൂപാ (0.0005 ശതമാനം) ആണ് നിരക്ക്. സർക്കാർ സെക്യൂരിറ്റിയല്ലാത്ത സ്റ്റോക്ക്/ചരക്ക് കൈമാറ്റങ്ങൾ സംബന്ധിച്ചാണെങ്കിൽ.

(1) ഡെലിവറി നടക്കുന്ന കേസുകളിൽ പരമാവധി 250 രൂപായെന്ന പരിധിക്ക് വിധേയമായി ഓരോ പതിനായിരം രൂപയ്ക്കോ, അതിന്റെ ഭാഗത്തിനോ ഒരു രൂപാ (0.01 ശതമാനം) നിരക്കിലും,

(2) ഡെലിവറി നടക്കാത്ത കേസുകളിൽ പരമാവധി 250 രൂപായെന്ന പരിധിക്ക് വിധേയമായി ഓരോ അൻപതിനായിരം രൂപയ്ക്കോ, അതിന്റെ ഭാഗത്തിനോ ഒരു രൂപാ (0.002 ശതമാനം) നിരക്കിലും,

(3) ഫ്യൂച്ചേഴ്സും ഓപ്ഷൻസും സംബന്ധിച്ചാണെങ്കിൽ പരമാവധി 250 രൂപായെന്ന പരിധിക്ക് വിധേയമായി ഓരോ അൻപതിനായിരം രൂപയ്ക്കോ, അതിന്റെ ഭാഗത്തിനോ ഒരു രൂപാ (0.002 ശതമാനം) നിരക്കിലും,

(4) ചരക്കുകളുടെ ഫോർവേഡ് കരാറുകൾ സംബന്ധിച്ചാണെങ്കിൽ പരമാവധി 250 രൂപായെന്ന പരിധിക്ക് വിധേയമായി ഓരോ ലക്ഷം രൂപയ്ക്കോ, അതിന്റെ ഭാഗത്തിനോ ഒരു രൂപാ (0.001 ശതമാനം) നിരക്കിലും ഡ്യൂട്ടി ചുമത്തുവാനാണ് ഉദ്ദേശിക്കുന്നത്.

ഇപ്രകാരമുള്ള മാറ്റങ്ങൾ വഴി 10 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**208.** 1899–ലെ ഇന്ത്യൻ സ്റ്റാമ്പ് ആക്ട് "സ്റ്റാമ്പ്" എന്നതിന് ഒരു നിർവ്വചനം കൂടി ഉൾപ്പെടുത്തി മാറ്റം വരുത്തിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങൾ 1899–ലെ ഇന്ത്യൻ സ്റ്റാമ്പ് ആക്ട് സ്വീകരിച്ചിട്ടുള്ളതിനാൽ അവർക്ക് സ്റ്റാമ്പ് ഡ്യൂട്ടി പിരിക്കുവാൻ കഴിയുന്നു. ഇപ്രകാരം ഒരു നിർവ്വചനം ഇല്ലാത്തതിനാൽ കേരളത്തിൽ ചില കരണങ്ങളിന്മേൽ സ്റ്റാമ്പ് ഡ്യൂട്ടി പിരിക്കുവാൻ കഴിയുന്നില്ല. ആയതിനാൽ 1959–ലെ കേരള സ്റ്റാമ്പ് ആക്ടിൽ "സ്റ്റാമ്പ്" എന്നതിന് നിർവ്വചനം നൽകി വേണ്ട ഭേദഗതി നിയമത്തിൽ വരുത്തുന്നതാണ്.

**209.** ഇപ്പോൾ ഫ്ളാറ്റുകൾ/അപ്പാർട്ട്മെന്റുകൾ തുടങ്ങിയവ പണികഴിപ്പിച്ച് കൈമാറ്റം നടത്തുമ്പോൾ അപ്പാർട്ട്മെന്റുകളുടെ വില കൈമാറ്റാധാരങ്ങളിൽ കാണിക്കാറില്ല. ഫ്ളാറ്റ് നിർമ്മാതാക്കൾ പണി പൂർത്തിയാക്കിയ വാസഗൃഹങ്ങളാണ് കൈമാറ്റം ചെയ്യുന്നതെങ്കിലും കൈമാറ്റ ആധാരത്തിൽ പ്രസ്തുത ഗൃഹം നിലകൊള്ളുന്ന ഭൂമിയുടെ കൂട്ടവകാശത്തിന്റെ വില മാത്രമേ കാണിക്കാറുള്ളൂ. വാസഗൃഹം, ഫ്ളാറ്റ് ഇവ പണി പൂർത്തിയാക്കുന്നതിന് കൈമാറ്റം ചെയ്തു കൊടുക്കുന്നയാളിന് കരാർ വ്യവസ്ഥയിൽ തുക നൽകിയതായാണ് ആധാരങ്ങളിൽ കാണിക്കുന്നത്. ഇപ്രകാരമുള്ള കൈമാറ്റങ്ങൾ നിയന്ത്രിക്കുന്നതിനായി 1959–ലെ കേരള സ്റ്റാമ്പ് ആക്ടിൽ വേണ്ട ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നു. ഇപ്രകാരമുള്ള നടപടികൾ വഴി 25 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**210.** വിൽക്കുവാൻ അനുവാദം നൽകിയിട്ടുള്ള ഏറ്റവും വിലകൂടിയ മുദ്രപത്രത്തിന്റെ പരിധി വർദ്ധിപ്പിക്കണമെന്നുള്ള സ്റ്റാമ്പ് വെണ്ടർമാരുടെ ആവശ്യം ദീർഘകാലമായി നിലനിൽക്കുന്നു. അവരുടെ ആവശ്യം അംഗീകരിച്ചതായി അറിയിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. അവർ വിൽക്കുന്ന മുദ്രപത്രങ്ങളുടെ ഏറ്റവും കൂടിയ വില പതിനായിരം രൂപയെന്നുള്ളത് ഇരുപതിനായിരം രൂപയാക്കി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

**211.** ചിട്ടി തലയാളൻ (മുന്നാളൻ)മാരിൽ നിന്നും അവർ നടത്തുന്ന ചിട്ടികളിൽ നിന്നുള്ള കമ്മീഷൻ മറ്റ് വരുമാനങ്ങൾ എന്നിവയിൽ കാലാകാലങ്ങളിൽ മാറ്റം വരുത്തി സർവ്വീസ് ചാർജ്ജ് ഈടാക്കണമെന്നുള്ള കാര്യം വളരെക്കാലമായി സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാനത്ത് ചിട്ടികൾ മുഖ്യമായും നടത്തുന്നത് കേരള സംസ്ഥാന ഫിനാൻഷ്യൽ എന്റർപ്രൈസസ് ആയതിനാൽ

അവർ നടത്തുന്ന ചിട്ടികളിൽ നിന്ന് ലഭിക്കുന്ന കമ്മീഷൻ, മറ്റ് വരുമാനങ്ങൾ എന്നിവയിന്മേൽ സർവ്വീസ് ചാർജ്ജ് ഈടാക്കുവാൻ ഉദ്ദേശിക്കുന്നു. ഇക്കാര്യത്തിനായി 1975–ലെ കേരള ചിട്ടി ആക്ട് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

**212.** ഉപയോഗിച്ച വാഹനങ്ങളുടെ കച്ചവടത്തിൽ ഇപ്പോൾ അഭൂതപൂർവ്വമായ വളർച്ചയാണ് ഉണ്ടായിട്ടുള്ളത്. അത്തരം വാഹനങ്ങളുടെ കൈമാറ്റത്തിനുള്ള കരണങ്ങൾ സ്റ്റാമ്പ് ഡ്യൂട്ടിക്ക് വിധേയമാക്കിയാൽ സംസ്ഥാന ഖജനാവിലേക്ക് കൂടുതൽ തുക എത്തിച്ചേരുന്നതാണ്. രജിസ്റ്റർ ചെയ്തിട്ടുള്ള മോട്ടോർ വാഹനങ്ങളുടെ കൈമാറ്റത്തിന് സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. 1959–ലെ കേരള സ്റ്റാമ്പ് ആക്ടിലെ ഷെഡ്യൂളിൽ 56–എ എന്നൊരു പുതിയ ആർട്ടിക്കിൾ ഇതിനായി കൊണ്ടുവരുന്നതാണ്. ഇരുചക്ര വാഹനങ്ങളുടെ കൈമാറ്റത്തിന് 100/– രൂപയും ലഘു മോട്ടോർ വാഹനങ്ങളുടെ കൈമാറ്റത്തിന് 250/– രൂപയും വലിയ വാഹനങ്ങളുടെ കൈമാറ്റത്തിന് 500/– രൂപയും സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. മേൽപ്പറഞ്ഞ മാറ്റങ്ങൾ വഴി സംസ്ഥാന ഖജനാവിലേക്ക് രണ്ടര കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## മോട്ടോർ വാഹന നികുതി

**213.** കേരളത്തിൽ വാഹനങ്ങളുടെയും ആഡംബര വാഹനങ്ങളുടെയും എണ്ണം ഗണ്യമായി വർദ്ധിക്കുകയാണ്. മോട്ടോർ വാഹന നികുതി ഇരുചക്രവാഹനങ്ങൾക്ക് എൻജിൻ കപ്പാസിറ്റിയുടെ അനുപാതത്തിലും മറ്റു വാഹനങ്ങൾക്ക് അതിന്റെ തൂക്കത്തിന്റെ (യു.എൽ.ഡബ്ള്യൂ) അടിസ്ഥാനത്തിലുമാണ് നിശ്ചയിക്കുന്നത്. ഇതു കാരണം സാധാരണ കാറുകളുടെയും ആഡംബര കാറുകളുടെയും മോട്ടോർ വാഹന നികുതിയിൽ ഒരു വ്യത്യാസവുമില്ല. ഇതുമാറ്റേണ്ട കാലമായി നികുതി, മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തുന്നതാണ്. അത് കുറെ കൂടി ശാസ്ത്രീയമായിരിക്കും. മോട്ടോർ വാഹനങ്ങളുടെ നികുതി ഇതിന് മുൻപ് പുതുക്കിയത് 1998 ലാണ്. ഇത് ഏകദേശം 10 വർഷത്തോളമായി തുടരുകയാണ്. അയൽ സംസ്ഥാനങ്ങളിൽ നിലവിലുള്ളതുപോലെ വാങ്ങിയ വിലയുടെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി യുക്തിസഹമാക്കുന്നതാണ്. ഇതുപ്രകാരം പുതിയ ഇരുചക്ര വാഹനം, മോട്ടോർകാർ, സ്വകാര്യ ഉപയോഗത്തിനുള്ള ഓമ്നി ബസ്സുകൾ എന്നിവയ്ക്ക് രജിസ്ട്രേഷൻ സമയത്ത് മൂല്യത്തിന്റെ അടിസ്ഥാനത്തിൽ 6 ശതമാനം നിരക്കിൽ നികുതി

ഈടാക്കുന്നതാണ്. ഇതിന് 01.04.2007 മുതൽ പ്രാബല്യം നൽകുന്നതാണ്. ഇതിൽപെടാത്ത എല്ലാ ഇരുചക്രവാഹനങ്ങളുടേയും മോട്ടോർ വാഹനങ്ങളുടേയും, സ്വകാര്യ ഉപയോഗത്തിനുള്ള ഓമ്നി ബസ്സുകളുടേയും നികുതി നിരക്ക് നിലവിലുള്ള നിരക്കിൽ നിന്ന് 10 ശതമാനം വർദ്ധിപ്പിക്കുന്നതാണ്. ഇതുവഴി 80 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

**214.** ട്രയിലർ, ആർട്ടിക്കുലേറ്റഡ് വാഹനങ്ങൾ മുതലായ ചരക്കുവാഹനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ബസുകൾ, ടൂറിസ്റ്റ് ബസുകൾ, സ്വകാര്യ സർവ്വീസ് വാഹനങ്ങൾ, എന്നിവയുടെ നികുതിയും കഴിഞ്ഞ 10 വർഷമായി പുതുക്കിയിട്ടില്ല. ഇതുപരിഗണിച്ച് ട്രയിലർ, ആർട്ടിക്കുലേറ്റഡ് വാഹനങ്ങൾ മുതലായ ചരക്കുവാഹനങ്ങൾ, ടൂറിസ്റ്റ് ബസുകൾ സ്വകാര്യസർവ്വീസ് വാഹനങ്ങൾ എന്നിവയുടെ നികുതിയും നിലവിലുള്ള നിരക്കിൽനിന്ന് 10 ശതമാനം വർദ്ധിപ്പിക്കുന്നതാണ്. 2001 ൽ നികുതി പുതുക്കിയതാണെങ്കിലും യാത്രാനിരക്കുകൾ വർദ്ധിക്കുമെന്നതിനാൽ സ്റ്റേജ് കാരിയറുകളുടെ നികുതി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇപ്പോൾ ഉള്ള നിരക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ബസുകൾ, സ്റ്റേജ്കാരിയറുകൾ എന്നിവയ്ക്ക് തുടരുന്നതാണ്. ഇതുവഴി 20 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**215.** ആട്ടോറിക്ഷകളും ടൂറിസ്റ്റുകാബുകളുമാണ് സാധാരണക്കാർ യാത്രയ്ക്ക് ഉപയോഗിക്കുന്നത്. അതിന്റെ നികുതി വർദ്ധനയില്ലാതെ ഇന്നത്തെ നിരക്കിൽ തുടരുന്നതാണ്. കൃഷി ആവശ്യത്തിനുപയോഗിക്കുന്ന ട്രാക്ടറും ആശുപത്രികളുടെ ഉടമസ്ഥതയിലുള്ള ആംബുലൻസും തുടർന്നും നികുതി വിമുക്തമായിരിക്കും.

**216.** നിർമ്മാണ പ്രവർത്തനത്തിന് ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളായ ജെ.സി.ബി., റോഡ് റോളർ, എസ്കവേറ്റർ, ക്രയിൻ, ബുൾഡോസർ എന്നിവയുടെ നികുതി നിരക്ക് നിലവിലുള്ള നിരക്കിൽനിന്ന് 10% ഉയർത്തുന്നതാണ്.

**217.** മേൽപ്പറഞ്ഞ നികുതി നിരക്കുകൾ പുതുക്കുന്നതിനുവേണ്ടി മോട്ടോർ വാഹന നികുതി നിയമത്തിൽ വേണ്ട ഭേദഗതി വരുത്തുന്നതാണ്.

## നികുതിയേതര വരുമാനം

**218.** ഇന്ത്യാ രാജ്യത്ത് നികുതിയേതര വരുമാനം ആപേക്ഷികമായി കുറഞ്ഞുകൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. നികുതിയേതര വരുമാന മാർഗ്ഗങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനെക്കുറിച്ച് വിശദമായ നിർദ്ദേശങ്ങൾ വർഷങ്ങളായി നിലവിലുണ്ട്. സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ക്യാബിനറ്റും ഈ കാര്യം വിശദമായി ചർച്ച ചെയ്തിരുന്നു. ബജറ്റ് നിർദ്ദേശങ്ങളിലൂടെ അത് നടപ്പാക്കുന്നതിന് ഞാൻ മുൻകൈയെടുക്കുന്നില്ല. അതാത് ഡിപ്പാർട്ട്മെന്റുകൾ തന്നെ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് നടപ്പിലാക്കണം. ഇതിന് പ്രോത്സാഹനം നൽകുന്നതിനു വേണ്ടിയുള്ള നിർദ്ദേശം മുന്നോട്ട് വെക്കുകയാണ്. വികസന ഡിപ്പാർട്ട്മെന്റ് അവരുടെ ഫീസ്, ഫൈൻ, മറ്റ് ചാർജ്ജുകൾ വർദ്ധിപ്പിക്കുന്നതുവഴി അധികമായി നേടുന്ന നികുതിയേതര വരുമാനം അതാത് ഡിപ്പാർട്ട്മെന്റുകളുടെ വികസന പ്രവർത്തനങ്ങൾക്കു വേണ്ടി അധികമായി നൽകുന്നതാണ്.

## ഭാഗം നാല്

**219.** മുൻ ഖണ്ഡികകളിൽ പ്രതിപാദിച്ചതുപോലെ സാമൂഹ്യ മേഖലയ്ക്ക് വേണ്ടിയുള്ള ചെലവുകളുടേയും മറ്റ് ഉൽപ്പാദനോന്മുഖമായ ചെലവുക ളുടേയും കാര്യത്തിൽ സന്തുലിതമായ സമീപനം സ്വീകരിക്കണമെന്ന കാഴ്ചപ്പാടാണ് ഈ സർക്കാരിനുള്ളത് അതേസമയം നേരത്തെ നിർണ്ണയിക്കപ്പെട്ട സാമ്പത്തിക സമീപന ചട്ടക്കൂടിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമായി പ്രവർത്തിക്കാനുള്ള ശ്രമവും നടത്തിവരുന്നുണ്ട്. സർക്കാരിന്റെ 2006–07, 2007–08 സാമ്പത്തിക വർഷങ്ങളിലെ സാമ്പത്തിക പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റുകളുടെ സംക്ഷിപ്ത രൂപം ഇനി പറയുന്ന പ്രകാരമാണ്.

## പുതുക്കിയ എസ്റ്റിമേറ്റ് 2006–07

| | | | രൂപ കോടിയിൽ |
|---|---|---|---|
| റവന്യു വരവ് | – | | 18967.05 |
| റവന്യു ചെലവ് | – | | 24883.53 |
| റവന്യു കമ്മി | – | (–) | 5916.48 |
| മൂലധന ചെലവ് | – | | 1612.50 |
| വായ്പകളും മുൻകൂറുകളും (തനി) | – | (–) | 802.38 |
| പൊതുകടം | – | | 5752.79 |
| പൊതുകണക്ക് | – | | 2011.60 |
| ആകെ കമ്മി | – | (–) | 566.97 |
| വർഷാരംഭ രൊക്ക ബാക്കി | – | | 146.72 |
| വർഷാന്ത്യ രൊക്ക ബാക്കി | – | (–) | 420.25 |

## ബജറ്റ് എസ്റ്റിമേറ്റ് 2007–08

| | | | രൂപ കോടിയിൽ |
|---|---|---|---|
| റവന്യു വരവ് | – | | 21445.76 |
| റവന്യു ചെലവ് | – | | 26696.92 |
| റവന്യു കമ്മി | – | (–) | 5251.16 |
| മൂലധന ചെലവ് | – | | 1319.61 |
| വായ്പകളും മുൻകൂറുകളും (തനി) | – | (–) | 854.44 |
| പൊതുകടം | – | | 5346.94 |
| പൊതുകണക്ക് | – | | 1939.83 |
| ആകെ കമ്മി | – | (–) | 138.44 |
| വർഷാരംഭ രൊക്ക ബാക്കി | – | (–) | 420.25 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | – | | 212.13 |
| അധിക വിഭവ സമാഹരണം | – | | 248.69 |
| വർഷാന്ത്യ രൊക്ക ബാക്കി | – | (–) | 522.13 |

# ഉപസംഹാരം

**220.** സർ, ഞാൻ ഉപസംഹരിക്കുകയാണ്. തുടക്കത്തിൽ പറഞ്ഞതുപോലെ ചരിത്രത്തിലെ ഒരു ദശാസന്ധിയിലാണ് കേരള സംസ്ഥാനം. ഈ പശ്ചാത്തലത്തിലാണ് 2007–08 ലെ ബജറ്റ് അവതരിപ്പിച്ചിരിക്കുന്നത്.

**221.** പുനർവിതരണത്തിൽ ഊന്നിക്കൊണ്ടുള്ള സാമൂഹ്യ സാമ്പത്തിക നീതിയുടെ ഭൂതകാലത്തിൽ നിന്ന് ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയുടേയും ആധുനിക വൽക്കരണത്തിന്റേയും ഭാവിയിലേയ്ക്ക് കേരളം നീങ്ങുകയാണ്. ഈ രണ്ടു ലോകങ്ങൾ തമ്മിൽ ഒരു പാലം പണിയേണ്ടതുണ്ട്. സാമ്പത്തിക നീതിയും ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയും സമന്വയിപ്പിച്ചുകൊണ്ടുള്ള പുതിയൊരു കേരള മാതൃക സൃഷ്ടിക്കേണ്ടി യിരിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ നേട്ടങ്ങൾ മുറുകെപ്പിടിച്ചുകൊണ്ടു വേണം ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ഉയരങ്ങളിലേയ്ക്ക് കയറാൻ. ഈയൊരു കാഴ്ചപ്പാടോടെ കാർഷിക പരമ്പരാഗത മേഖലകൾക്കും വിദ്യാഭ്യാസ ആരോഗ്യാദി സേവന തുറകൾക്കും ടൂറിസം, ഐ.ടി., ആധുനിക വ്യവസായങ്ങൾ തുടങ്ങിയ പുതിയ വളർച്ചാ സ്രോതസ്സുകൾക്കും ഏതാണ്ട് തുല്യ പ്രാധാന്യം നൽകുന്ന ഒരു ബജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്.

**222.** ഇത്തരമൊരു സമീപനം പ്രാവർത്തികമാക്കുന്നതിന് മുഖ്യ പ്രതിബന്ധം സർക്കാരിന്റെ ധനകാര്യ സ്ഥിതിയാണ്. താത്ക്കാലികമായി കമ്മി വർദ്ധിച്ചാലും സന്തുലിതമായ ഒരു സാമ്പത്തിക വികസനത്തിന്റെ പാതിയിലൂടെ മുന്നോട്ടുപോകാനാണ് ശ്രമിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു ധനകാര്യ പരിഷ്ക്കരണ പാതയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. റവന്യൂ കമ്മി ഇല്ലാതാക്കണം, ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് ആവശ്യമായ വായ്പകൾ ഉറപ്പുവരുത്തണം. ഈ ലക്ഷ്യങ്ങൾ ഈ പതിറ്റാണ്ട് അവസാനിക്കുമ്പോഴേയ്ക്ക് കൈവരിക്കുന്നതിന് കഴിയും എന്ന് എനിക്കുറപ്പുണ്ട്.

**223.** ഈ ബജറ്റിന്റെ മറ്റൊരു പ്രത്യേകത ചെലവിന്റെ കാര്യക്ഷമത ഉയർത്തുന്നതിന് അത് നൽകുന്ന ശ്രദ്ധയാണ്. പൊതുമരാമത്ത് മേഖലയിലെ പരിഷ്ക്കാരങ്ങൾ ഒരു തുടക്കമാണ്. 2007–08 ൽ ഇംപാക്ട് ബജറ്റ് പ്രക്രിയ പൂർത്തിയാവുകയും ഭരണപരിഷ്ക്കാര നടപടികൾ മുന്നോട്ടുനീങ്ങുകയും ചെയ്യുമ്പോഴാണ് ഇത് പൂർണ്ണമാവുക.

**224.** അവസാനമായി, വിഭവസമാഹരണത്തിന് വലിയ ഊന്നലാണ് നൽകിയിട്ടുള്ളത്. സമീപകാല സംസ്ഥാന ചരിത്രത്തിലെ ഏറ്റവും വലിയ വിഭവ സമാഹരണ പരിശ്രമത്തിനാണ് ബജറ്റ് തുടക്കം കുറിച്ചിരിക്കുന്നത്. സാധാരണക്കാർക്കുള്ള പ്രയാസങ്ങൾ പരമാവധി ലഘൂകരിച്ചുകൊണ്ടാണ് ഇത് നിർവ്വഹിച്ചിരിക്കുന്നത്.

**225.** മുകളിൽ പറഞ്ഞ സമീപനങ്ങളെക്കുറിച്ച് സഭയ്ക്കുള്ളിലും പുറത്തും ചർച്ചയ്ക്ക് ഏറെ സമയമുണ്ട്. എല്ലാ വിമർശനങ്ങളെയും നിർദ്ദേശങ്ങളെയും ഞാൻ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുകയാണ്. സഭയുടെ അംഗീകാരത്തിനായി ഈ ബജറ്റ് ഞാൻ സമർപ്പിക്കുന്നു.

/ / / **ജയ്ഹിന്ദ്** / / /